
„ഗുരുനാഥൻ" അനുബന്ധം.



Copy Right to
C. G. Ananthan Pillai only

ബാബു സുരേന്ദ്രനാഥ ബാനർജി.

87-ാംവശം നോക്കുക.

UNIVERSITY LIBRARY
19 DEC. 1931
MADRAS

# ഗുരുനാഥൻ.

| പുസ്തകം 11 | 1107 കന്നി | ലക്കം 2 |
|---|---|---|


UNIVERSITY 19 DEC 1931 MADRAS

## * യുദ്ധവും അടിമവ്യാപാരവും.

(ആർ. ഈശ്വരപിള്ള ബി. എ.)

പരപീഡനത്തേയും വഞ്ചനയേയും, വിജയപൂർവ്വമൊ പരാജയപൂർവ്വമൊ ആയ യുദ്ധത്തേയും കുറിച്ചുള്ള വർത്തമാനം ഒരിക്കലും എത്താത്തതായ വല്ല മഹാരാജ്യത്തിലൊ നീരന്ധ്രച്ഛായാതലത്തിലൊ ഒരു വിജനവാസസ്ഥലം ലഭിക്കുന്നതിനു ഞാൻ അത്യധികം കാംക്ഷിക്കുന്നു. ഭൂലോകത്തിൽ സർവ്വത്ര നിറഞ്ഞിരിക്കുന്ന അധർമ്മത്തേയും അന്യായത്തേയും കുറിച്ചു ദൈനംദിനമുള്ള വാർത്ത കേട്ടിട്ടു് എന്റെ കണ്ണുങ്ങൾക്കു വേദനയും എന്റെ ആത്മാവിനു വ്യാകുലതയും ഭവിക്കുന്നു. മനുഷ്യന്റെ രൂക്ഷഹൃദയത്തിൽ ലേശവും മാംസമില്ല. അതിനു സഹോദരനിൽ ആർദ്രഭാവവും ഇല്ല. അഗ്നിസ്പർശത്തിൽ മുറിഞ്ഞുപോകുന്ന നൂലിനു തുല്യമായി സ്വാഭാവികമായ സഹോദരസ്നേഹം ശിഥിലമായി ഭവിക്കുന്നു. ഒരു മനുഷ്യൻ തന്റെ സഹോദരന്റെ ത്വക്കിനുള്ള നിറം തന്റേതിനെപ്പോലെയല്ലെന്നുള്ള മഹാപരാധം അവനിൽ ചുമത്തുന്നു. ഈ നിസ്സാരകാരണത്തിന്മേൽ തനിക്കു എന്തനീതിക്കും അധികാരം ഉള്ള ഭാവേന ആ അന്യസഹോദരനെ തന്റെ ന്യായമായ ഇരയെന്ന മട്ടിൽ കീഴടക്കി ഉപാകൃതമാക്കി കല്പിക്കുന്നു.

ഇടുങ്ങിയ ജലവിഭാഗത്താൽ വേർതിരിക്കപ്പെട്ട രാജ്യങ്ങൾ അന്യോന്യം വെറുക്കുന്നു. പ്രതിബന്ധമില്ലായിരുന്നുവെങ്കിൽ രണ്ടു ജലബിന്ദുക്കൾ പോലെ ഒന്നായി യോജിച്ചു വർത്തിക്കുമായിരുന്ന രാജ്യക്കാരെ ഇടയ്ക്കുള്ള പർവ്വതനിര പരിപന്ഥികളാക്കിത്തീർക്കുന്നു. ഈ പ്രകാരം മനുഷ്യൻ തന്റെ സഹോദരനെ ഉപാകൃതതുല്യമാക്കി ഹനിക്കുന്നു. ഇതിലും അധികം കഷ്ടമായിട്ടുള്ളതും ശോച്യമായിട്ടുള്ളതും മനുഷ്യവർഗ്ഗത്തിന്റെ ഭീമവും

* വില്യം കൂപ്പർ

നികൃഷ്ടവുമായ കളങ്കമാണ്. എന്തെന്നാൽ അവളെ ശൃംഖലകൊണ്ടു ബന്ധിക്കയും കഠിനമായി വേല ചെയ്യിപ്പിക്കയും ഒരു മൃഗത്തിന്റെ മേൽ പ്രയോഗിച്ചാൽ തന്നെയും ആർദ്രഹൃദയന്മാർ മനോവേദനയോടുകൂടി കണ്ണുനീർ തൂകുന്ന വിധം താഡനം ഏല്പിച്ച് സ്വേദകണങ്ങൾ പൊഴിപ്പിക്കയും ചെയ്യുന്നതാണ്. ഇതു നോക്കുമ്പോൾ മനുഷ്യൻ എന്തൊരു ജീവിയാണ്.? ഏതു മനുഷ്യനാണ് ഇതു കണ്ടിട്ട് മാനുഷവികാരപ്രേരിതനായിട്ടു ലജ്ജകൊണ്ട് വിവർണ്ണവദനനാകാത്തതും, താനും ഒരു മനുഷ്യനാണല്ലോ എന്നു വിചാരിച്ചു തല കുനിക്കാത്തതും.? എന്നെ സംബന്ധിച്ചിടത്തോളം എന്റെ നിലം കിളക്കുന്നതിനോ, എന്നെ വഹിക്കുന്നതിനോ, ഞാൻ ഉറങ്ങുമ്പോൾ എന്നെ വീശുന്നതിനോ, ഉണരുമ്പോൾ ഭയവിഹ്വലനായി വിറയ്ക്കുന്നതിനോ, എത്രതന്നെ ധനം മനുഷ്യക്രയമൊ വിക്രയമൊ കൊണ്ടു കിട്ടുന്നതായാലും ഞാൻ ഒരു അടിമയെ ഉപയോഗപ്പെടുത്തുകയില്ല. തീർച്ചതന്നെ. ഇല്ല. നിശ്ചയം. സ്വാതന്ത്ര്യം എത്രയും പ്രിയതരമാണെങ്കിലും എന്റെ ന്യായമായ അഭിപ്രായത്തിൽ വിലമതിക്കാൻ പാടില്ലാത്ത വിധത്തിൽ വിലയുള്ളതാണെങ്കിലും മറെറാരു മനുഷ്യനെ ചങ്ങലയിട്ടു പൂട്ടുന്നതിനേക്കാൾ ഞാൻതന്നെ അതു ധരിക്കയാണ് ഉത്തമമായിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സ്വദേശത്തു അടിമകൾ ഇല്ലല്ലൊ. പിന്നെ എന്തിനാണ് പുറരാജ്യങ്ങളിൽ അവരെ സൃഷ്ടിക്കുന്നത്.? ഈ അടിമകൾ തന്നെ നമ്മെ വേർതിരിക്കുന്ന സിന്ധുതരംഗങ്ങളെ തരണംചെയ്യുന്ന ഉടനെതന്നെ ഗളിതനിഗളന്മാരും സ്വതന്ത്രന്മാരുമായി ഭവിക്കുന്നു. ഇംഗ്ലണ്ടിൽ അടിമകൾക്കു ശ്വസിക്കാൻ പാടില്ല. അവരുടെ ശ്വാസകോശങ്ങൾ നമ്മുടെ വായുവിനെ ഉൾക്കൊള്ളുന്ന ക്ഷണത്തിൽതന്നെ അവർ സ്വതന്ത്രന്മാരായിത്തീരുന്നു. അടിമകൾ നമ്മുടെ രാജ്യത്തെ സ്പർശിക്കുന്ന മാത്രയിൽതന്നെ അവരുടെ നിഗളങ്ങൾ ഊരിവീഴുന്നു. ഇതു എത്രയോ ശ്രേഷ്ഠമാണ്. സ്വാതന്ത്ര്യത്തെ സാസൂയം സംരക്ഷിക്കുന്ന ഒരു ജനതക്ക് ഇതു എത്ര അഭിമാനകരമായിട്ടുള്ളതാണ്. അതുകൊണ്ട് ഈ അനുഗ്രഹത്തെ നിങ്ങളുടെ സാമ്രാജ്യത്തിന്റെ സകല നാഡികളിലും വ്യാപിക്കത്തക്കവണ്ണം പ്രചരിപ്പിച്ചു പരത്തുക. തദ്വാരാ എവിടെയെല്ലാം ബ്രിട്ടന്റെ രാജ്യാധികാരം വ്യാപിക്കുന്നുവോ അവിടെയെല്ലാം ജനങ്ങൾ അതിന്റെ ഭ്രാതൃസൗഹൃദവും അനുഭവിക്കപ്പെടട്ടെ.

# വിദ്യാഭ്യാസം.

(എം. രാമവൎമ്മതമ്പാൻ ബി. എ., എൽ. ടി.)

ഇൻഡ്യയിൽനിന്നും ആദ്യം കേംബ്രിഡ്ജിൽ കണക്കുവിഷയത്തിലെ സീനിയർ റാംഗ്ളർ എന്ന അത്യുന്നതപരീക്ഷ ജയിച്ച ആളും, ഫർഗ്ഗുസൻ കാളേജിൽ തുച്ഛമായ എഴുപത്തഞ്ചു രൂപ മാത്രം പററി പ്രിൻസിപ്പാളായിരുന്ന ആളും, ബോംബെ ഗവൎമ്മെൻറിൻെറ വിദ്യാഭ്യാസമന്ത്രിയായിരുന്ന ആളും, ഇപ്പോൾ ഇംഗ്ലണ്ടിൽ ഇൻഡ്യാകൗൺസിൽ മെംബറായിരിക്കുന്ന ആളുമായ പി. പറഞ്ചിപ്പൈ എം. എ, ഡി. എസ്സ്. സി. അവർകൾ "ഇൻഡ്യൻകാൎയ്യത്തിൻെറ സാരം" (The Cream of the Indian Problem) എന്ന പേരിൽ ഈയിടെ എഴുതിയ പുസ്തകത്തിൽ ഇൻഡ്യയിൽ വേണ്ട വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി വിവരിച്ച് ഒരദ്ധ്യായം ചേൎത്തിരിക്കുന്നു. വിദ്യാഭ്യാസവിഷയത്തെപ്പററി ഒരഭിപ്രായം പറയാൻ ഇദ്ദേഹത്തെക്കാൾ കൂടുതൽ യോഗ്യതയുള്ള ഒരാൾ ഇന്ന് ഇൻഡ്യയിലില്ല. അതിനാൽ അദ്ദേഹത്തിൻെറ അഭിപ്രായം എല്ലാവൎക്കും അറിയാൻ മോഹമുണ്ടെന്നു കരുതുന്നു. ആ അദ്ധ്യായംതന്നെ ഇവിടെ തൎജ്ജിമ ചെയ്തുകൊള്ളുന്നു.

യുക്തിയുക്തമായ മനസ്ഥിതി, മുമ്പോട്ടുനോക്കുന്ന ഒന്നാണ്. പിന്നോക്കം നോക്കുന്നതല്ല. യുക്തിയോട് ഉരച്ചുനോക്കാൻ അർഹതയില്ലാത്തവയായി ഇന്നു കാണുന്ന ആശയങ്ങളും വിശ്വാസങ്ങളും പരിത്യജിക്കേണ്ടവയാണ്. എങ്കിൽ മാത്രമെ മനുഷ്യൻെറ പുരോഗതി വേഗം സാദ്ധ്യമാകു. എന്നാൽ മനുഷ്യൻെറ മന്ദോത്സാഹം യുക്തിയുടെ പരിപൂൎണ്ണഭരണത്തിന് ഒരു വലിയ പ്രതിബന്ധമായിത്തീരും. മനുഷ്യന് അവൻെറ ശീലങ്ങൾ ഉറച്ചുകഴിഞ്ഞാൽ പുതുതായി ഒന്നിനെപ്പററിയും ചിന്തിക്കുക അസാദ്ധ്യമാകും. പുതിയ ആശയം അവൻ സ്വീകരിക്കുന്നു എങ്കിൽ തന്നേയും അവൻ ചെറുപ്പത്തിൽ ശീലിച്ച ആശയങ്ങൾ അവനറിയാതെതന്നെ പുതിയ ആശയങ്ങളെ ബാധിക്കാതിരിക്കയില്ല. അതുകൊണ്ട് കാൎയ്യക്ഷമമായ വിധത്തിൽ അയുക്തിയെ ജയിക്കണമെങ്കിൽ അയുക്തമായ വിചാരങ്ങളും ശീലങ്ങളും അവനിൽ കടന്നു കൂടാതാക്കുകയാണു വേണ്ടതു്. ചളി ചവിട്ടിയിട്ട് അതു കഴുകി കളയുന്നതിനേക്കാൾ ചവിട്ടാതെ ദൂരെ മാറിപ്പോകയാണല്ലൊ നല്ലതു്. അതുകൊണ്ടാണ് യുക്തി ഉപയോഗിക്കേണ്ടവൎക്ക് വിദ്യാഭ്യാസം അത്യാവശ്യമായിരിക്കുന്നതു്.

നല്ലവണ്ണം ആലോചിച്ചുണ്ടാക്കിയ ഒരു വിദ്യാഭ്യാസസമ്പ്രദായം അയുക്തങ്ങളായ ആശയങ്ങൾ കുട്ടികളുടെ മനസ്സിൽ വേരൂന്നാൻ അനുവ

ദിക്കയില്ല. ആ സമ്പ്രദായത്തിൽ കുട്ടികൾക്ക് അജ്ഞാനം, അസഹിഷ്ണുത, അന്ധവിശ്വാസം മുതലായവയുടെ ബാധ കൂടാതെ വളരാൻ കഴിയും.

എല്ലാ മതങ്ങളും ചെറുപ്പക്കാരെ സ്വാധീനമാക്കേണ്ടതിന്റെ പ്രാധാന്യം അറിഞ്ഞിരിക്കുന്നു. എല്ലാ രാജ്യങ്ങളിലും മതകക്ഷികൾ തങ്ങളുടെ നില ഉറപ്പുകിട്ടാനായി വിദ്യാഭ്യാസം ഒരു മാർഗ്ഗമായ് സ്വീകരിച്ചിരിക്കുന്നു. ഇംഗ്ലണ്ടിൽ ഏതു വിദ്യാഭ്യാസപരിഷ്കാരവും മതകക്ഷികളുടെ എതിരിനും തട്ടിനും മുട്ടിനും പാത്രമായിട്ടുണ്ട്. കുട്ടികൾ സ്കൂൾവിടേണ്ട കാലം പതിനഞ്ചു വയസ്സുവരെ കൂട്ടണം എന്ന പ്രത്യക്ഷത്തിൽ ആശാസ്യമായ ഒരു പരിഷ്കാരം തന്നെ ആദ്യം ആക്രമിക്കയും പിന്നീടു നശിപ്പിക്കയുമാണ് മതകക്ഷികൾ ചെയ്തതു്. ഈ പരിഷ്കാരത്തിനു് കത്തോലിക്കരും ഇംഗ്ലീഷുസഭക്കാരും പ്രോട്ടസ്റ്റൻറുകാരും എല്ലാവരും ഉററ വിരോധികളായിരുന്നു. യുക്തമായ ഈ പരിഷ്കാരത്തിൽ അവരെ കോഴകൊടുത്തു സമ്മതിപ്പിക്കാൻ കഴിയായ്കയാലാണ് അതു വിഫലമായിപ്പോയതു്. സാർവ്വത്രികവും കാര്യക്ഷമവുമായ ഒരു വിദ്യാഭ്യാസസമ്പ്രദായത്തെ അവർ എതിർക്കുന്നതു് രാജ്യം പോയാലും തങ്ങളുടെ ഓരോ പ്രത്യേകഉദ്ദേശങ്ങൾ സാധിക്കാനാണ്. അവരുടെ വിദ്യാലയങ്ങൾ പഴതും മോശവുമാണ്. പതിനഞ്ചു വയസ്സുവരെ കുട്ടികളെ പഠിപ്പിക്കത്തക്കവണ്ണം വിദ്യാലയങ്ങൾ പരിഷ്കരിക്കാൻ അവർക്കു ത്രാണിയുമില്ല. രാജ്യത്തിൻെറ പുരോഗതിയെ ഈ മതകക്ഷികൾ തടയുന്നതു് ഇപ്പോൾ ആദ്യമായിട്ടുമല്ല.

വിദ്യാഭ്യാസത്തിൻെറ യുക്തമായ ഉന്നം വളർന്നുവരുന്ന കുട്ടിയുടെ സകല ശക്തികൾക്കും വികാസത്തിനും വഴി വച്ചുകൊടുക്കുകയാകുന്നു. ഈ ശക്തികളിൽ വച്ചു് പ്രധാനമായതു് അനുമാനശക്തി, യുക്തി അഥവാ വിശേഷബുദ്ധി ഇതാകുന്നു. മനുഷ്യനെ മൃഗങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നതു് ഈ ശക്തിയുടെ സാന്നിദ്ധ്യം ആകുന്നു. വിദ്യാഭ്യാസപരമായ ഏതു സമ്പ്രദായവും ഈ തോതുവച്ചു അളന്നുനോക്കേണ്ടതാണ്. വിശേഷബുദ്ധിയുടെ വളർച്ചയെ തടയുന്ന ഏതു ഏർപ്പാടിനേയും ഏവരും കഠിനമായി എതിർത്തു തടയേണ്ടതാകുന്നു.

പല രാജ്യങ്ങളിലും പൌരസ്ത്യരാജ്യങ്ങളിൽ മാത്രമല്ല, വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം, അറിഞ്ഞിട്ടും അറിയാതെയും കുട്ടിയുടെ നന്മയായി കാണുന്നില്ല. ഇററലിയിൽ വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം ഫാസിസ്ററു ആശയങ്ങൾ ബാലമനസ്സുകളിൽ ഉറപ്പിക്കുന്നതിനാണ്; അതുകൊണ്ടു് ഫാസിസ്ററുഭരണം രക്ഷിക്കാം. റഷ്യയിൽ ബാൾഷവിസാദർശം പുലത്താനാണ്. മററുരാജ്യങ്ങളിൽ പീരങ്കിക്കു് ഊണിനായി അനവധി ജനങ്ങളെ തയ്യാറാക്കാനാണ്. വേറെ ചിലതിൽ യുക്തിവർദ്ധനയല്ല, യുക്തിമർദ്ദനമാണു് ഉദ്ദേശ്യം. യാതൊരു ചോദ്യവും കൂടാതെ മതങ്ങളേയും മതാദ്ധ്യ

ക്ഷണേയും കുട്ടികൾ അനുസരിച്ചു വഴങ്ങണം. എന്നാൽ ഇങ്ങനെയുള്ള പ്രത്യേകഉദ്ദേശ്യത്തോടുകൂടി ചെയ്യുന്ന ഏതു വിദ്യാഭ്യാസവും വിഷയമാണ്. ഏററവും നല്ലതും ഒരു ഒററയായതുമായ വിദ്യാഭ്യാസനയം, ബാലമനസ്സുകളെ അവയുടെ സ്വാഭാവികമായ പരിണാമത്തിന് അനുകൂലിച്ചു നിർബ്ബാധമായ മനോവികാസം സാദ്ധ്യമാക്കികൊടുക്കുന്ന ഒന്നാകുന്നു.

ഇൻഡ്യയിലാകട്ടെ പരസ്പരം മത്സരിക്കുന്നവയായി അനവധി മതങ്ങളും മതവിഭാഗങ്ങളും ഉണ്ട്. ഇവിടെ മതാഭ്യസനം ഏററവും കുഴപ്പമേറിയ ഒരു സംഗതിയാണ്. എഴുപത്തഞ്ചു വർഷങ്ങൾക്കു മുമ്പ് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം നടപ്പായി. അതിനുമുമ്പ് സാധാരണഗ്രാമാന്തരങ്ങളിൽ പഠിക്കാൻ മോഹമുള്ള കുട്ടികൾ എഴുതാനും വായിക്കാനും കണക്കുകൂട്ടാനും മാത്രം പഠിക്കാനെ സാധിച്ചിരുന്നുള്ളു. ഇന്നത്തെ പാഠപദ്ധതിയിൽ കാണുന്ന മററു പാഠവിഷയങ്ങൾ ഒന്നും അന്നുണ്ടായിരുന്നില്ല. ചില കുട്ടികൾ വളരെക്കാലം പുരാണഗ്രന്ഥങ്ങൾ വായിച്ചിരുന്നു. ഹിന്ദുക്കളിൽ ഉയർന്നതരം ജാതിക്കാരിൽ ആ പഠിത്തം മുഴുവനും സംസ്കൃതത്തിലായിരുന്നു. പൌരോഹിത്യജോലിക്കു പോകുവാനുദ്ദേശിക്കുന്നവർക്ക് വേദങ്ങൾ അർത്ഥം മനസ്സിലാക്കാതെ ഉരുവിട്ടു പഠിക്കേണ്ടിയിരുന്നു. അതിനു പത്തുപന്ത്രണ്ടു കൊല്ലങ്ങൾ വേണ്ടിയിരുന്നു. വൈദ്യനാകാൻ ഉദ്ദേശിക്കുന്നവർക്ക് പല പഴയ സംസ്കൃതഗ്രന്ഥങ്ങളും പഠിക്കേണ്ടിയിരുന്നു. പോരെങ്കിൽ ഒരു വൈദ്യനെ അനുഗമിച്ച് തൊഴിലഭ്യസനവും വേണ്ടിയിരുന്നു. ക്രമമായ ഒരു പദ്ധതി ഇല്ലായ്കയാലാണ് അനവധി മുറിവൈദ്യന്മാരുണ്ടാകാനിടയായത്. ശാസ്ത്രികളും പണ്ഡിതരുമാകാൻ മോഹിച്ചവർക്ക് പുരാണേതിഹാസങ്ങളും വേദാന്തപുസ്തകങ്ങളും ഒരു ഗുരുവിങ്കൽനിന്നും അഭ്യസിക്കേണ്ടിയിരിക്കുന്നു. ആ പഠിത്തമെല്ലാം സംസ്കൃതഭാഷ മുഖാന്തിരം വേണ്ടിയിരുന്നു.

വിദ്വൽവൃത്തികളിൽ പ്രത്യേകത അധികമൊന്നുമുണ്ടായിരുന്നില്ല. ഒരാൾ ഒരു ശാസ്ത്രിയാണെങ്കിൽ ജാതകമുണ്ടാക്കാനും, മുഹൂർത്തം നിശ്ചയിക്കാനും, പൌരോഹിത്യം വഹിക്കാനും, ഉപാഖ്യാനം ചെയ്യാനും, മതപരമായും സമുദായപരമായും ഉള്ള തർക്കങ്ങളിൽ ഒരു വിധി കല്പിക്കാനും സമർത്ഥനായിരിക്കണം. ചിലപ്പോൾ രോഗങ്ങൾക്കു ചികിത്സയും നിശ്ചയിക്കണം. എന്തിന്, കൈനോക്കി ലക്ഷണം പറയുകകൂടി വേണം. പക്ഷെ ഇങ്ങനെയുള്ള സർവ്വജ്ഞത്വം അപൂർവ്വമായിരുന്നുവെങ്കിലും സാധാരണന്മാരുടെ ധാരണ ഒരു വിദ്വാന് എന്തും അറിയാമെന്നായിരുന്നു

ഒരു സാമാന്യഗ്രാമീണൻ എഴുത്തും വായനയും കണക്കും കൂടാതെ പ്രാർത്ഥന ചൊല്ലാൻ പഠിച്ചിരുന്നു. ചില പുരാണങ്ങളുടെ നാട്ടുഭാഷാത

ജ്ജിമകളിൽ ഒരദ്ധ്യായം നിത്യം പാരായണം ചെയ്യുന്നതിലധികം അവയാൾ ഒന്നും വായിച്ചിരുന്നില്ല.

ഒരാളുടെ വിദ്യാഭ്യാസം മുഴുവൻ ഭക്തിപരമായി പല മതകർമ്മങ്ങളും ചെയ്യുക മാത്രമായിരുന്നു. അവരവർക്കു പരിമിതമായ അറിവുള്ള കാര്യങ്ങളിൽ മാത്രമേ അവർ വിശേഷബുദ്ധി പ്രകടിപ്പിച്ചിരുന്നുള്ളു. മറ്റുകാര്യങ്ങളിൽ അസംഭാവ്യങ്ങളായ അന്ധവിശ്വാസങ്ങളെ കണ്ണുമൂടി വിശ്വസിച്ചുവന്നു. അവരുടെ യുക്തിശക്തികൾ സുസംസ്കൃതങ്ങളായിരുന്നില്ല. തങ്ങളുടെ അനുഭവത്തിനു പുറമെയുള്ള കാര്യങ്ങളെപ്പറ്റി അവർക്കു തീരെ അറിവുണ്ടായിരുന്നില്ല. എന്തെന്നാൽ അപൂർവ്വം ചിലർ മാത്രമെ ചിലപ്പോൾ ദൂരദിക്കുകളിലേക്കു തീർത്ഥയാത്ര പോകാറുണ്ടായിരുന്നുള്ളു. മാമൂലും നടപ്പും സർവ്വാധികാരം ഭരിച്ചിരുന്നു. പുത്തനായവയെല്ലാം അവയുടെ പുതുമ ഹേതുവായിട്ടുതന്നെ നിന്ദ്യങ്ങളായിരുന്നു.

താഴ്ന്ന ജാതിക്കാരുടെ ഇടയിൽ വിശേഷിച്ച് സ്ത്രീകളുടെ ഇടയിൽ എഴുത്തും വായനയും തന്നെ തീരെ ഇല്ലായിരുന്നു. അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന അറിവു മാത്രമെ അവർക്കു സമ്പാദിക്കാൻ കഴിഞ്ഞിരുന്നുള്ളു. അവർ പുരോഹിതന്മാർ പുരാണം വായിക്കുന്നതു കേൾക്കും; മൂപ്പീന്നന്മാർ ഇതിഹാസകഥകൾ പറയുന്നതു കേൾക്കും; കീർത്തനങ്ങൾ പാടും; മതാനുഷ്ഠാനാവസരങ്ങളിൽ തങ്ങൾ ഉച്ചരിക്കേണ്ട വാക്കുകളും പഠിക്കും; അതായിരുന്നു അവരുടെ നിത്യജീവിതത്തിനാവശ്യം. ബുദ്ധിവികാസത്തിനു യാതൊരു വഴിയുമുണ്ടായിരുന്നില്ല. അവരുടെ അഭിപ്രായങ്ങളും ആശയങ്ങളും അടുത്തുള്ളവരിൽ നിന്നും കിട്ടിയവയായിരുന്നു. അങ്ങിനെ അവരുടെ ബുദ്ധി അന്ധവിശ്വാസങ്ങൾക്കും ശുഷ്കമായ ആശയങ്ങൾക്കും വളരാൻ പറ്റിയ വിളനിലമായിത്തീർന്നു. അവരുടെ നടത്തയെ ശരിപ്പെടുത്തിയതു് ജനസമ്മതം മാത്രമായിരുന്നു. ചാരിത്ര്യം വളരെ നിഷ്കൃഷ്ടമായി ദീക്ഷിച്ചിരുന്നു.

വലിയ പട്ടണങ്ങളിൽ ജനങ്ങൾ കുറെക്കൂടി പ്രവൃത്തിപരമായി ജീവിച്ചിരുന്നു. അവിടേയും ഇന്നത്തെ മാതിരി വിദ്യാഭ്യാസമൊന്നുമുണ്ടായിരുന്നില്ല. ചില പുതിയ ആശയങ്ങൾ അവർ കണ്ടുമുട്ടിയ വിദേശികളിൽ നിന്നൊ, ഓരോ കാര്യങ്ങൾക്കായി പോയ പരദേശങ്ങളിൽ നിന്നൊ കരസ്ഥമാക്കിയിരുന്നു. എന്നാൽ ഇൻഡ്യക്കു പുറമെ പല വഴിക്കും വികസിച്ചിരുന്ന ജ്ഞാനം അവർക്ക് ദുഷ്പ്രാപ്യമായിരുന്നു. കപ്പൽയാത്ര ഹിന്ദുമതം നിഷേധിച്ചിരുന്നു. യൂറോപ്യൻഭാഷകൾ അക്കാരണത്താൽ ഇൻഡ്യാക്കാർക്കറിഞ്ഞുകൂടായിരുന്നു. മുസ്ലിം ചക്രവർത്തിമാരുടെ കാലത്തു് ഹിന്ദുക്കൾ പെർഷ്യനും അറബിക്കും പഠിച്ചിരുന്നു എങ്കിലും പാശ്ചാത്യരാജ്യങ്ങളിലെ ചിന്താപ്രവാഹം അവർക്ക് അജ്ഞാതമായിത്തന്നെ ഇരുന്നു. അനവധിയു

ധങ്ങൾക്ക് ആവശ്യമുണ്ടായിരുന്ന ഇൻഡ്യാക്കാൎക്ക് ആയോധനശാസ്ത്രം തന്നെ അപൂൎണ്ണാവസ്ഥയിലായിരുന്നു ഉണ്ടായിരുന്നത്. ആയുധസാമഗ്രിനിൎമ്മാണം അവരറിഞ്ഞിരുന്നില്ല. ആധുനികായുധങ്ങൾ യൂറോപ്പിൽ നിന്നും വാങ്ങിയവ ആയിരുന്നു. മതനിയുക്തങ്ങളായ ജാതിവ്യത്യാസാദികൾ കണിശമായി അവർ അനുഷ്ഠിച്ചിരുന്നു. ക്ഷയിച്ചുകൊണ്ടിരുന്ന രാജാക്കന്മാരുടെ മുഖ്യജോലി മതസംരക്ഷണം മാത്രമായിരുന്നു.

ബ്രിട്ടീഷുഭരണം തുടങ്ങിയ കാലത്തെ വിദ്യാഭ്യാസസമ്പ്രദായം ഏകദേശം ഇതുതന്നെയായിരുന്നു. ഹിന്ദുസംസ്കാരത്തിന്റെ സുവൎണ്ണദശ എട്ട ശതകങ്ങൾക്കു മുമ്പിൽ അവസാനിച്ചു. അതിൽപിന്നീട് മഹമ്മദുഭരണത്തിൻകീഴിലുണ്ടായിരുന്ന കുഴപ്പങ്ങളിൽ അവിടവിടെയായി ചില മതസ്ഥാപനശ്രമങ്ങൾ മാത്രമെ കാണാനുള്ളൂ. ബ്രിട്ടീഷധികാരം സുസ്ഥിരമായപ്പോൾ ഇംഗ്ലീഷുഭാഷാജ്ഞാനം ഇൻഡ്യാക്കാൎക്ക് ആവശ്യമായിത്തീൎന്നു. അതു മൂലം അവൎക്ക് അധികാരവും ആദായവും ഉള്ള ഗവൎമ്മെന്റ് ഉദ്യോഗങ്ങൾ കിട്ടാൻ ഇംഗ്ലീഷുഭാഷാജ്ഞാനം അവരെ സഹായിച്ചു. മേൽജാതിക്കാരായ ഹിന്ദുക്കൾ ഗവൎമ്മെന്റുസ്കൂളുകളിലും മിഷണറിസ്കൂളുകളിലും ചേൎന്ന് ഇംഗ്ലീഷ് പഠിച്ചു. മുസ്ലീമുകൾ ആദ്യം അതിനു ശ്രമിച്ചില്ല. അതിന്റെ കോട്ടം ഇന്നും അവരിൽ കാണ്മാനുണ്ട്. ഇക്കാലത്തു നാം കാണുന്ന ഹിന്ദുമുസ്ലിം അസമ്മതങ്ങളുടേയും വഴക്കുകളുടേയും കാരണം മുസ്ലീമുകൾ ഇംഗ്ലീഷ് പഠിത്തത്തോട് അന്നു കാണിച്ച അനാസ്ഥ തന്നെയാണ്.

ഒരു നൂറു വൎഷം മുമ്പ് ഗവൎമ്മെന്റ പാശ്ചാത്യവിദ്യാഭ്യാസം നല്കുന്ന നയം അവധാനപൂൎവ്വം സ്വീകരിച്ചു. അതിന്റെ മുഖ്യോദ്ദേശ്യം താഴ്ന്ന ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ ധാരാളം കിട്ടാനായിരുന്നു. ആദ്യം ഈ നയത്തോട് അനുകൂലിച്ച ചിലൎക്ക് അതിലും വിസ്തൃതമായ ആദൎശവുമുണ്ടായിരുന്നു. ഇംഗ്ലീഷ്, ചരിത്രം, സാഹിത്യം, ശാസ്ത്രം ഇവ മൂലം ഇൻഡ്യരെ പാശ്ചാത്യനാഗരീകത്വത്തോടു പരിചയപ്പെടുത്താമെന്ന് അവർ മോഹിച്ചു. അക്കാലത്തു വിദ്യാഭ്യാസം നടത്താനനുവദിക്കപ്പെട്ടിരുന്ന ക്രിസ്ത്യൻ മിഷണിമാരുടെ ഉദ്ദേശം ക്രിസ്തുമതത്തിലേക്ക് ആളെ ചേൎക്കാൻ മാത്രമായിരുന്നു. ആദികാലത്ത് അവർ ഏറെക്കുറെ അതു സാധിച്ചു. ഇന്നു കാണുന്ന അൻപതുപതുലക്ഷം ക്രിസ്ത്യാനികൾ അവരുടെ ശ്രമം എത്രത്തോളം ഫലിച്ചു എന്നുള്ളതിന് തെളിവാകുന്നു. ഈ പരിവൎത്തനങ്ങൾ എല്ലാം വിദ്യാഭ്യാസഫലമല്ലെന്നും ഓൎക്കേണ്ടതാണ്.

ഗവൎമ്മെന്റുസ്കൂളുകളിൽ മതകാൎയ്യങ്ങളിൽ നിഷ്പക്ഷനില നിഷ്കൎഷയായി അനുഷ്ഠിച്ചിരുന്നു. ഒരു വിദേശഗവൎമ്മെന്റിന് മതപക്ഷപാതകുറ്റം ആരോപിക്കപ്പെട്ട് കാൎയ്യം കുഴപ്പത്തിലാക്കാൻ സ്വതേ ഇഷ്ടമില്ല. മിഷ്യൻസ്കൂളിൽ മതപഠനം നിൎബന്ധമായിരുന്നുതാനും. എന്നാൽ അ

വിടെ പഠിപ്പിച്ചിരുന്ന മതം കുട്ടികളുടെ മതമല്ല; ക്രിസ്ത്യൻമതമായിരുന്നു. ഹിന്ദു, മുസ്ലിം, പാർസികുട്ടികൾ ആ സ്കൂളുകളിൽ ബൈബിൾ പഠിക്കണമെന്നായിരുന്നു നിർബന്ധം. പക്ഷെ കുട്ടികളുടെ ഗൃഹങ്ങളിലെ മതാന്തരീക്ഷം വിഭിന്നമായ ഒന്നായിരുന്നു.

ആ മാതിരി പഠിത്തം വളരെപ്പേരെ പരിവർത്തനം ചെയ്തില്ലെങ്കിലും കുട്ടികളിൽ ഇൻഡ്യൻമതങ്ങൾക്കുണ്ടായിരുന്ന പിടിക്ക് ഒരു അയവുണ്ടാക്കി എന്നതിനു സംശയമില്ല. വിദ്യാഭ്യാസം വർദ്ധിച്ചപ്പോൾ മിഷൻസ്കൂളുകളുടെ സംഖ്യയും പ്രാമാണ്യവും കുറഞ്ഞുവന്നു. ഇൻഡ്യാക്കാർ തന്നെ വളരെ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ തുടങ്ങി. രാജ്യത്തിൽ എല്ലായിടങ്ങളിലും സ്കൂളുകളും കാളേജുകളും പ്രൈവററായും ഗ്രാൻറു വാങ്ങിയും ധാരാളം ഉണ്ടായി.

ഗവമ്മെൻറും മററു പബ്ളിക്കു സ്ഥാപനങ്ങളാണ് പിന്നെ അധികം ഉണ്ടായിരുന്നത്. മിഷനറിവിദ്യാലയങ്ങൾ പിന്നെയേ വരുന്നുള്ളു. അടുത്തകാലം വരെ പ്രൈവററ് സ്ഥാപനങ്ങളെല്ലാം ഗവമ്മെൻറു സ്ഥാപനങ്ങളെപ്പോലെ കേവലം ലൌകികാടിസ്ഥാനങ്ങളിൽ കഴിച്ചുകൂട്ടുകയായിരുന്നു. മതം പഠിപ്പിക്കേണ്ട കാര്യം തന്നെ ആരും പ്രസ്താവിച്ചിരുന്നില്ല.

സെക്കൻറിവിദ്യാഭ്യാസവും കലാശാലാവിദ്യാഭ്യാസവും വർദ്ധിച്ചതോടുകൂടി ജനങ്ങളുടെ രാഷ്ട്രീയാശകൾ ഉണർന്നു വശമായി. അതോടുകൂടി അഭ്യസ്തവിദ്യന്മാർ നാട്ടിലെ മതവിശ്വാസങ്ങളിലും മതാനുഷ്ഠാനങ്ങളിലും അനാസ്ഥരാണെന്നു പഴമക്കാർ കണ്ടുതുടങ്ങി. ഈ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ജനസാമാന്യത്തിൻെറ തോതനുസരിച്ച് സന്മാർഗ്ഗജീവിതത്തിന് ആവശ്യമാകയാൽ പുതിയ വിദ്യാഭ്യാസത്തെ "ദൈവമില്ലാത്ത വിദ്യാഭ്യാസ"മെന്നും അത് യുവാക്കന്മാരുടെ ധമ്മബോധത്തേയും സ്വഭാവത്തേയും നശിപ്പിക്കുന്നു എന്നും ആളുകൾ പറയാൻ തുടങ്ങി.

ദേശീയപ്രസ്ഥാനം വാക്കിൽ മാത്രമാണെങ്കിലും പഴയതിനെ എല്ലാം ക്രമം വിട്ടു പുകഴ്ത്താനും, പുതിയതിനെ എല്ലാം അതുപോലെ ക്രമംവിട്ടു താഴ്ത്താനും തുടങ്ങി. മിഷനറിമാർ ഹിന്ദുമതത്തിനെ ആക്ഷേപിച്ചതും പഴയ മതങ്ങളോടുള്ള ഈ പ്രതിപത്തിയെ വർദ്ധിപ്പിച്ചു. ഇന്നു കാണുന്ന രൂപത്തിൽ സ്വീകരിക്കാൻ വഹിയാത്ത വിശ്വാസങ്ങൾക്കു ഗൂഢാത്ഥം ആളുകൾ കല്പിക്കാൻ തുടങ്ങി. അവയ്ക്കു ശാസ്ത്രാനുകൂല്യം ഉണ്ടെന്നും ചിലർ വാദിക്കാൻ തുടങ്ങി.

ഇങ്ങനെ സ്കൂളുകളിലും കാളേജുകളിലും ദേശീയത്വത്തോടുകൂടി മതവും പഠിപ്പിക്കണമെന്ന് ചിലർ മുറവിളി കൂട്ടിത്തുടങ്ങി. ആര്യസമാജക്കാർ ലാഹോറിൽ ദയാനന്ദ ആംഗ്ലോവൈദികകാളേജ് സ്ഥാപിച്ചു. ബ

സൻറ് മദാമ്മ കാശിയിൽ സെൻട്രൽ ഹിന്ദുകാളേജ് സ്ഥാപിച്ചു. അതു് ഇന്നത്തെ ബനാറീസ് ഹിന്ദുസർവ്വകലാശാലയായി. മുസ്ലീമുകളും ആലിഗാറിൽ ആംഗ്ലോ ഓറിയൻറൽ കാളേജ് സ്ഥാപിച്ചതു് ഇന്നു ആലിഗാർ സർവ്വകലാശാലയായി. ഇന്നത്തെ രാഷ്ട്രീയപ്രസ്ഥാനത്തിൻെറ ഒരു ഭാഗമായി ദേശീയവിദ്യാലയങ്ങളും സ്ഥാപിക്കപ്പെട്ടു. ഇവയോളം പ്രാധാന്യമില്ലാതെയും പലയിടങ്ങളിലും പല സ്കൂളുകൾ ഉണ്ടായി. ഇവയുടെ എല്ലാം പ്രധാനഉദ്ദേശം ഇന്നുള്ള സ്കൂളുകളിൽ മതംകൂടി പഠിപ്പിക്കണമെന്നാണ്.

മിഷ്യണറിസ്കൂളുകളിൽ മതക്ലാസ്സിൽ വിശ്വാസമുള്ളവർ മാത്രം പഠിച്ചാൽ മതി എന്നാക്കണം എന്നു് ഒരു വിശ്വാസപ്രമേയംകൂടി ജനങ്ങൾ ആവശ്യപ്പെട്ടു. മിഷ്യണറിമാർ ആദ്യം ഇതിനോടെതിർത്തു. പക്ഷെ അവർക്കു് പിന്നീടു വഴങ്ങേണ്ടിവന്നു. മിഷ്യണറിസ്കൂളുകൾ മാത്രമുള്ള ദിക്കിലെങ്കിലും അവർക്കു് ഇതിനു സമ്മതിക്കേണ്ടിവന്നു.

മൊർൺടഗുചെംസ്ഫോർഡ് പരിഷ്കാരത്തിനു ശേഷം വിദ്യാഭ്യാസം ഇൻഡ്യൻമന്ത്രിമാരുടെ അധീനത്തിലായല്ലൊ. അതിൽപിന്നെ മതാഭ്യസനകാര്യം ചില നിയമസഭകളിലും പ്രശ്നവിഷയമാകുന്നുണ്ടു്. ചിലയിടങ്ങളിൽ പുറമെനിന്നും ആളുകൾ വന്നു മതം പഠിപ്പിച്ചുകൊള്ളാൻ ചില സ്കൂളുകൾ അനുവദിക്കുന്നുണ്ടു്. ഈ നടപ്പു് അത്ര പരന്നു കാണുന്നില്ല. പ്രധാനമായ ആവശ്യം എല്ലാ സ്കൂളുകളിലും വിശ്വാസം അനുസരിച്ചു മതം പഠിപ്പിക്കുന്നതിന് അധികൃതന്മാർ സമ്മതിക്കണമെന്നാണ്.

ദേശീയോദ്ദേശ്യങ്ങളെ വകവയ്ക്കാതെ ഇക്കാര്യത്തിൽ ഒന്നു ചികഞ്ഞാലോചിച്ചാൽ വലിയ പ്രയാസങ്ങൾ ഒക്കെ നേരിട്ടേക്കും. ഒന്നാമതായി മതാഭ്യസനം എന്നാൽ എന്താണ്.? വിദ്യാലയങ്ങളിലെ കുട്ടികളെ മതം പഠിപ്പിക്കാൻ സാദ്ധ്യമാണോ.? ആണെങ്കിൽ ഏതു ഗഡുവിലാണ് തുടങ്ങേണ്ടതു്.? മതത്തെപ്പററിയുള്ള തത്വചിന്ത പതിനെട്ടു വയസ്സിനു താഴെയുള്ളവർക്കു് തീരെ യോജിച്ചതല്ല; എന്നു് ഏവരും സമ്മതിക്കും. അതിനുമുമ്പിൽ സാധിക്കുന്നതു് ചില വിശ്വാസപ്രമാണങ്ങളെ പഠിപ്പിക്കാമെന്നു മാത്രമാണ്. അതും കുട്ടികൾക്കു മനസ്സിലാക്കാൻ പ്രാപ്തിയില്ല. വേദത്തിൽ നിന്നോ, ഗീതയിൽ നിന്നോ ചില പ്രാർത്ഥനകൾ അർത്ഥം മനസ്സിലാക്കാതെ കുട്ടികളെക്കൊണ്ടു് ഉരുവിടുവിക്കാൻ കഴിയും. എന്നാൽ അർത്ഥത്തിലല്ലാതെ വെറും വാക്കുച്ചരിക്കുന്നതിൽ വലിയ സാരമുണ്ടെന്നു വിശ്വസിക്കാൻ കഴിയാത്തവർക്കു് ഇപ്രകാരം കുട്ടികളുടെ ധാരണാശക്തിയെ താങ്ങാവഹിയാത്ത ചുമടെടുപ്പിക്കുന്നതു് എന്തിനാണെന്നു മനസ്സിലാക്കാൻ പ്രയാസം.

MUL

പുരാണേതിഹാസങ്ങളിലെ കഥകൾ കുട്ടികൾക്കു ചൊല്ലിക്കൊടുക്കാം. ഈ കഥകളിൽ കവികളുടെ കല്പനാവൈഭവം പലപ്പോഴും കാണാം. പക്ഷെ ചിലപ്പോൾ അവ കുട്ടികളുടെ സന്മാൎഗ്ഗബോധത്തെ ഉയൎത്തുന്നതിനു പകരം താഴ്ത്തുന്നവകൂടിയാകും. ഏതായാലും അവയിലെ പ്രകൃത്യാതീതാംശങ്ങൾ കുട്ടികളുടെ യുക്തിവൎദ്ധനയെ തടഞ്ഞ് യുക്തിയെ ശുഷ്കിപ്പിക്കും. ഒരു കഥയിൽ ഈശ്വരൻതന്നെ ഒരു പ്രവൎത്തകനാണെങ്കിൽ മനുഷ്യന് അങ്ങിനെയുള്ള പ്രവൃത്തി ചെയ്യുന്നതിന് അതു് ഒരു പ്രോത്സാഹജനകമായ മാതൃകയാകയില്ല. കുട്ടികളെ പ്രധാനമായി പഠിപ്പിക്കേണ്ടതു് മനുഷ്യരുടെ പ്രവൃത്തികളിൽ കാണുന്ന കാൎയ്യകാരണബന്ധത്തെപ്പററിയാകുന്നു. എന്നാൽ കഥകളിൽ കാണുംപോലെ പ്രാൎത്ഥനകളും അനുഷ്ഠാനങ്ങളും കൊണ്ടു പ്രകൃതിനിയമത്തെ ലംഘിക്കാമെന്നും ഒരാളെ അയാളുടെ പ്രവൃത്തിഫലത്തിൽനിന്നും രക്ഷിക്കാമെന്നും കുട്ടികൾ ധരിക്കുന്നു എങ്കിൽ ഈ കഥകൾക്ക് വിദ്യാഭ്യാസപരമായ യാതൊരു വിലയും ഇല്ലാതാകുന്നു.

(തുടരും)

# വിഹായസ്സഞ്ചാരം.

(പന്ത്രണ്ടാം അദ്ധ്യായം)

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

മാനംനോക്കി ആനന്ദിക്കാത്തവരിന്നാരാനുമുണ്ടോ.? ഉദയാസ്തമയകാലങ്ങളിൽ നാനാവൎണ്ണോപശോഭിതമായിത്തീരുന്നദ്യോവിന്റെ ഭംഗി, കവികളുടെ മനോധൎമ്മത്തിനും ചിത്രകാരന്റെ കരകൌശലത്തിനും നികഷമായിരിക്കുന്നു. തുവലിനും തൂലികക്കും ഒന്നുപോലെ വേലകൊടുക്കുന്ന മറെറാരു കാഴ്ച ലോകത്തിലപൂൎവ്വമാണ്. എളിയവനും വലിയവനും ഒരുപോലെ രസിക്കാവുന്ന കാഴ്ചയുമതുതന്നെ. എന്തുകൊണ്ടാണ് ആകാശത്തിനു ഈ രാമണീയകമുണ്ടാകുന്നതു്.? മേഘങ്ങളുടെ സാന്നിധ്യംകൊണ്ടത്രെ. മുകിൽമാലകൾ പല വലിപ്പത്തിലും, രങ്കുകളിലും, ആകൃതികളിലും ഉണ്ടായി രൂപാന്തരീഭവിക്കുന്നതും, ചിലപ്പോൾ ഘനാഘനങ്ങളായി മിന്നൽപിണരുകളെയും മാരിയേയും ഒന്നുപോലെ വൎഷിച്ച് സംഹാരരുദ്ര

ന്നേരപ്പോലെ ഗൎജ്ജിക്കുന്നതും, ചിലപ്പോൾ വെള്ളപ്പട്ടുകൊണ്ടുള്ള വിതാനമായിത്തീൎന്ന് പാൽക്കടലിലെ തിരമാലകളുടെ ഭംഗി ഏതുവിധമിരിക്കുമെന്നു മനുഷ്യൎക്ക് എതാണ്ടൊരു ബോധമുദിപ്പിക്കുന്നതും, ദ്രഷ്ടാവിന്റെ മനോമുകുരത്തിൽ പ്രതിഭാനം ചെയ്യുന്ന സ്വപ്നരൂപങ്ങളെ അനായാസേന പ്രത്യക്ഷമാക്കുന്നതും, അത്യൂൎജ്ജിതങ്ങളായ വിമാനങ്ങളെപ്പോലും ധിക്കരിക്കത്തക്ക വേഗത്തോടുകൂടി പറന്നുപോകുന്നതും, നവീനനാടകരംഗങ്ങളിലെന്നപോലെ കണ്ണടച്ചു തുറക്കുംമുമ്പിൽ ആകാശവീഥിയുടെ സംവിധാനങ്ങളെ പാടെ മാററി ഭ്രമിപ്പിക്കുന്നതും മററുമായുള്ള ഇന്ദ്രജാലവിദ്യകളില്ലാതിരുന്നെങ്കിൽ ആകാശമണ്ഡലം കേവലമൊരു മരുപ്രദേശമായിത്തീരുമായിരുന്നു. ഈ കൌതുകങ്ങളും കോലാഹലങ്ങളുമെല്ലാം ആകാശത്തിനു സമ്പാദിച്ചുകൊടുക്കുന്നത് നീരാവി ഒന്നു മാത്രമാണ്. സപ്തസ്വരങ്ങളുടെ ആരോഹണാവരോഹണവിന്യാസങ്ങൾ നിമിത്തം അപാരമായ സംഗീതസാഗരമുണ്ടാകുന്ന മാതിരി, നീരാവിയുടെ ഉഷ്ണത്തിനുള്ള ഏററമിറക്കമനുസരിച്ച് പെരുതായ ആകാശമണ്ഡലമാനോജ്ഞകമുദിക്കുന്നു. മുപ്പത്തിരണ്ടു ഡിഗ്രിവരെ കട്ടിയായും, പിന്നീട് ഇരുനൂററിപന്ത്രണ്ടു ഡിഗ്രിവരെ വെള്ളമായും, അതിനുമേൽ വാതകമായും, വിലംബിതമദ്ധ്യമദ്രുതഗീതങ്ങളെപ്പോലെ, മാറുന്ന ഈ നീരാവിയുടെ ജാലവിദ്യ ചില്ലറയല്ല. തൊട്ടാൽ കൈ കോച്ചിപ്പോകത്തക്ക മഞ്ഞുകട്ടിയിൽ നിന്നുകൂടി ആരുംകാണാതെ പുറപ്പെടുന്ന ആവിയെപ്പോലും കുടിക്കാനുള്ള ദാഹം അന്തരീക്ഷത്തിനുണ്ട്. എങ്കിലും അതിനുമുണ്ടൊരതിര്. കുടി മുഴുത്താൽ ഉദരം പെരുകിപ്പൊട്ടിയൊഴുകും നിശ്ചയം. കെല്ലൻ കുടിച്ചാലും വെളിപ്പെടാത്തപോലെ, ചുട്ടവായു എത്ര നീരാവിയെ പാനംചെയ്താലും ആരും അറിയുകയില്ല. തണുക്കുന്തോറും പ്രത്യക്ഷമായിത്തുടങ്ങും.

ഇതിനു കണക്കെടുത്തിട്ടുണ്ട്. ഉഷ്ണമാനം ശൂന്യസ്ഥാനത്തുള്ള അന്തരീക്ഷത്തിൽ ക്യൂബിക്ക് അടി ഒന്നിന് അര ഗ്രെയിൻ നീരാവി ചേൎന്നാൽ കാണുകയില്ല; (7000 ഗ്രെയിൻ=ഒരു റാത്തൽ) അതിനു മേലായാൽ വെളിപ്പെടും. അറുപതു ഡിഗ്രി ചൂടുള്ള അന്തരീക്ഷത്തിന് ക്യൂബിക്ക് അടി ഒന്നിന് അഞ്ചു ഗ്രെയിൻ ആവിയെ കാണാതെ ഗ്രഹിക്കാം; എണ്പതു ഡിഗ്രി ചൂടുണ്ടെങ്കിൽ പതിനൊന്നു ഗ്രെയിനുമാവാം. ഈ സംഗതിയെത്തന്നെ മറെറാരു വിധത്തിൽ മനസ്സിലാക്കാം. ഇരുപതടി ചതുരം പത്തടി പൊക്കമുള്ള ഒരു മുറിയിൽ കൊള്ളാവുന്നിടത്തോളം—എന്നു വച്ചാൽ പ്രത്യക്ഷമാകാത്തവണ്ണം എത്രത്തോളം ഗ്രഹിക്കാമൊ അത്രത്തോളം—നീരാവി അടയ്ക്കുന്നപക്ഷം, അതിനുള്ളിലുള്ള വായുവിന് 304 റാത്തൽ തൂക്കമുണ്ടായിരിക്കും; ആവി മുഴുക്കെ വെള്ളമാക്കിയാൽ വെള്ളത്തിന് മൂന്നു റാത്തൽ തൂക്കം കാണും; മൂന്നു പൈന്റുകുപ്പി നിറച്ചുണ്ടാവും.

MUL 069844

(32 തോലാത്തൂക്കം=1 പൈൻറ്)

എത്രമാത്രം ആവി പ്രത്യക്ഷമായി ചേരുമൊ അത്രയും ആവി ചേൎന്നുകഴിയുമ്പോൾ അന്തരീക്ഷം സമ്പൂൎണ്ണമായി (Saturated) എന്നു പറയപ്പെടുന്നു. സമ്പൂൎണ്ണമാകാത്ത വായുവിനെയും തണുപ്പിച്ചാൽ വിയൎപ്പുതുള്ളികൾ പൊടിയുന്നു. ആവി വെള്ളമായി പൊടിക്കുന്ന സ്ഥാനത്തിന്റെ (തണുപ്പിന്റെ) നീഹാരസ്ഥാനം (Due-point) എന്നു പേർ. വായുവിന്റെ ചൂടും തണുപ്പുമനുസരിച്ചു നീഹാരസ്ഥാനം ഉച്ചനീചക്രമേണ ഭേദപ്പെടുന്നു. വായു നീഹാരസ്ഥാനം പ്രാപിക്കുമ്പോഴാണ് അതിനു നീൎദോഷം (നീർവീഴ്ച) ഉണ്ടാകുന്നതെന്നു പറയാം.

വായുവിനു നല്ല ചൂടും ധാരാളം ആവിയും കലൎന്നിരിക്കുമ്പോൾ, അതല്പം തണുത്താൽ മേഘവും മഴയുമുണ്ടാകും. ഇതു നിമിത്തമാണ് ഉഷ്ണഭൂമികളിൽ എല്ലായ്പ്പോഴും മഴയുമുണ്ടാകുന്നതു. വായു ഈറനാകുന്നതു അതിലുള്ള ആവിയുടെ കൂടുതൽകുറവുകൊണ്ടു മാത്രമല്ല. അതിന്റെ താല്കാലികോഷ്ണമാനത്തിൽ നീഹാരസ്ഥാനത്തിന്റെ സാമീപ്യം കൊണ്ടുകൂടിയാണ്. നീഹാരസ്ഥാനം അടുത്തിരിക്കണമെങ്കിൽ വായുവിന്റെ ഉഷ്ണത്തിനു ചേരാവുന്നതിൽ കവിഞ്ഞു ആവി ചേൎന്നിരിക്കണം. ശീമയിൽ സാധാരണ വായുവിന്റെ നനവു നൂററിനു അറുപതു വീതമാണ്; വൎഷൎത്തുവിൽ തൊണ്ണൂറുമാവും. സമുദ്രോപരിയുള്ള വായുവിനു നനവു (Humidity) കൂടുതലാണ്. ഉഷ്ണപ്രദേശങ്ങളിലും സൈകതങ്ങളിലും നൂററിപതിനഞ്ചു വരെ ഈറൻ കുറവായി കാററു വരണ്ടിരിക്കും. മേലോട്ടു മേഘമണ്ഡലസമീപവൎത്തിയായുള്ള വായു ഈറനായി ഘനീഭവിച്ചു മഴയായി വീഴുന്നു.

തറയിൽ കിടക്കുന്ന ഇലകളിൽ പുലരിയിൽ ഹിമബിന്ദുക്കൾ (Dew-drops) കണ്ടിട്ടില്ലേ? ഇതെങ്ങനെ ഉണ്ടാകുന്നു? ചുററുമുള്ള വായുവിന്റെ നീഹാരസ്ഥാനത്തേക്കാൾ, വിസൎജ്ജനം (Radiation) നിമിത്തം ഇലകൾ തണുക്കുന്നതുകൊണ്ടാണ്. ചുററുമുള്ള വായുവിൽ നിന്നാണ് മഞ്ഞുവെള്ളം വീഴുന്നതെന്നു സാധാരണജനങ്ങൾ വിചാരിക്കുന്നതു തെററാണ്; തറയിൽനിന്നും ഇലകളിൽ നിന്നുമാണ് ഈറപ്പം പററുന്നതു. മനുഷ്യൎക്കുള്ളപോലെ വിയൎപ്പു സകലത്തിനുമുണ്ട്. ഉച്ചക്കു ചൂടുകാററു തട്ടിയതു ആവിയായിപ്പോകുന്നു; രാത്രിയിലും വെളുപ്പിനും വായു നിശ്ചലമായി തണുക്കുമ്പോൾ സ്വേദബിന്ദുക്കളായി വെളിപ്പെടുന്നു.

വെള്ളനിറത്തിൽ കാണാറുള്ള പൊടിമഞ്ഞു (Hoar frost) സത്യത്തിൽ ഹിമബിന്ദുക്കൾ (Dew) തന്നെയാണ്. വെള്ളത്തിനുള്ള നീഹാരസ്ഥാനത്തേക്കാൾ വായുവിനുള്ള നീഹാരസ്ഥാനം താണിരിക്കുമ്പോൾ ഉ

ണ്ടാകുന്നതാണത്. മൂടൽമഞ്ഞു (Fog or mist) എന്നു പറയുന്നതു് തറയോടടുപ്പിച്ചും വെള്ളത്തിനു മീതെയും ഉണ്ടാകുന്ന മേഘമാകുന്നു. തറകളുള്ള ചൂടു് പെട്ടെന്നു പോയി, തദുപരിയുള്ള വായുനിരയെ അതിനുണ്ടായിരുന്ന നീഹാരസ്ഥാനത്തിനേക്കാൾ തണുപ്പിക്കുമ്പോൾ മൂടൽമഞ്ഞുണ്ടാകുന്നു. ആ മാതിരി മൂടൽമഞ്ഞിന് ഈറൻ കുറയും; പക്ഷെ കാററുണ്ടായാൽ ഈറനാകും. സമുദ്രത്തിൽ നിന്നു ചൂടു് ഈറൻകാററു് അടിച്ചു തണുത്ത തറയോടുരസുമ്പോൾ, ഈറനും ഉഷ്ണവുമായ (Wet & Warm) മൂടൽമഞ്ഞുണ്ടാകുന്നു. പ്രഭാതങ്ങളിൽ പുഴകളുടെ മീതെ ഈ മാതിരി മൂടൽമഞ്ഞു ധാരാളം കാണാം. ലണ്ടൻപട്ടണത്തിൽ പ്രസിദ്ധിപ്പെട്ട മൂടൽമഞ്ഞു് തെമ്സുനദിയിൽ നിന്നുണ്ടായി പട്ടണത്തിലെ പുകയോടു ചേൎന്നു വരുന്നതാണ്. മുന്നോട്ടു് കണ്ണിനു കാഴ്ചയില്ലാത്ത ഈ മാതിരി മൂടൽമഞ്ഞു് സമുദ്രങ്ങളിലും വേനൽക്കാലത്തു ധാരാളം ഉണ്ടാകാറുണ്ടു്. ഉഷ്ണങ്ങളായ മഹാൎണ്ണവരയങ്ങൾക്കു് (Gulf stream)ശീതങ്ങളായ ആവകരയങ്ങളോടു്(Labrador Current) സംപൎക്കമുണ്ടാകുമ്പോൾ വരുന്നതാണ്.

നീരാവിയുടെ വേഷപ്പകൎച്ചകളിൽ വച്ചു അധികം പ്രാധാന്യവുമേറുന്നതു് മേഘ(Cloud)ത്തിനാകുന്നു. മേഘങ്ങൾ പലമാതിരിയുണ്ടെന്നു പണ്ടേ ആളുകൾ മനസ്സിലാക്കീട്ടുണ്ടു്. ഇന്ദ്രദേവന്റെ പട്ടാളങ്ങളാക്കി അവയുടെ ഗാംഭീൎയ്യത്തെ കവികൾ വൎണ്ണിച്ചിട്ടുണ്ടു്. "ജാതംവംശേ ഭുവനവിദിതേ പുഷ്കലാവൎത്തകാനാം" എന്നു കാളിദാസൻ മേഘത്തിന്റെ വംശമഹിമയെ പുകഴ്ത്തുന്നു. പ്രളയകാലമേഘങ്ങളുടെ ഭയങ്കരരൂപങ്ങളെ പൗരാണികർ ഉൽഘോഷിച്ചിട്ടുണ്ടു്. വെള്ളക്കാരിൽ ഹൌവേൎഡ് (Howard) എന്ന പണ്ഡിതനാണ് ആദ്യമായി മേഘങ്ങളെ തരംതിരിച്ചതു്. പ്രധാനമായി മൂന്നു മാതിരിയായിട്ടാണ് ആ വിദ്വാൻ മേഘങ്ങളെ ഗണിച്ചതു്:- (1) പുകമുകിൽ (Stratus); ആകാശത്തു തിങ്ങിക്കിടക്കുന്ന മൂടൽമഞ്ഞുപോലുള്ള മേഘങ്ങൾക്കുള്ള പേരാണിതു്. (2) ഗോപുരമുകിൽ (Cumulus); അടിപരന്നു മേൽ ഗോപുരം പോലെ കുന്നുരുണ്ടു വരുന്ന മേഘങ്ങൾക്കുള്ള സംജ്ഞയിതാണ്. (3) തൂവൽമുകിൽ (Cirrus); തൂവൽ പോലെ വിരിഞ്ഞു നാരുകളായിക്കാണുന്ന മേഘങ്ങൾക്കുള്ള നാമധേയമാണിതു്. പല അവാന്തരജാതികൾ ഈ മേഘജാതികളിലൊരോന്നിലുമുള്ളവയെ എല്ലാം പിന്നീടു വന്ന ശാസ്ത്രകാരർ വേൎതിരിച്ചിട്ടുണ്ടു്. അവയെ എല്ലാം ഇവിടെ പരിഗണിക്കുന്നില്ല. പ്രധാനങ്ങളായവയുടെ പേരും, വിവരണവും, സ്വഭാവവും, എത്ര പൊക്കത്തിൽ അവയെ കാണാമെന്നും താഴെ ഒരു പട്ടിക ചേൎത്തിട്ടുണ്ടു്:-

| നമ്പർ | എത്ര അടി പൊക്കമെന്നു | പേർ | വിവരണം | സ്വഭാവം |
|---|---|---|---|---|
| 1 | സമുദ്രനിരപ്പുമുതൽ 3000 അടി വരെ | പുകമുകിൽ [Stratus] | പൊക്കത്തിലുള്ള മൂടൽമഞ്ഞാണെന്നു പറയാം | ഈറനായും വരണ്ടും വരാം |
| 2 | 4500 മുതൽ 6000 വരെ | ഗോപുരമുകിൽ [Cumulus] | അടി പരന്നു മേൽ ഗോപുരം പോലെ കിളന്ന് മിന്നൽ പിണരോടുകൂടിയ കറുത്ത മേഘങ്ങൾ | മിക്കവാറും ഈറൻ അപൂർവ്വം വരണ്ടവ |
| 3 | 4500—24000 | ഗോപുരക്കാർമുകിൽ [Cumulo-Nimbus] | | |
| 4 | 6400 | പുകക്കാർമുകിൽ [Strato-Cumulus] | കറുത്തിരുണ്ട മേഘസഞ്ചയങ്ങൾ | വരണ്ടവ |
| 5 | ടി | കാറണിമുകിൽ [Nimbus] | അണിയണിയായി ആകൃതിയില്ലാത്ത മേഘപടലങ്ങൾ | ഈറൻ |
| 6 | 10,000-21,000 | വെള്ളമുകിൽമാല [Cirro-Cumulus] | പഞ്ഞിക്കട്ടകൾപോലെ വെളുത്ത അലയലയായി കാണുന്ന മേഘങ്ങൾ | വരണ്ടവ |
| 7 | 27,000 | വെള്ളത്തുണിമുകിൽ [Cirro-Stratus] | നേർത്ത വെള്ളമേഘങ്ങൾ (ഇവയാണ് പരിവേഷമുണ്ടാക്കുന്നത്) | ഈറൻ |
| 8 | ടി | തൂവൽമുകിൽ [Cirrus] | വെള്ളപ്പൂട പോലെ നാരുനാരായി ചിന്നിക്കിടക്കുന്ന മേഘങ്ങൾ | വരണ്ടവ |

ചൂടുള്ള വായുവിന്നു തണുത്തതിനോടു സമ്പക്കമുണ്ടാകുമ്പോഠം, ചുട്ട വായുവിലുള്ള ആവി അപ്രത്യക്ഷതയിൽ നിന്നു പ്രത്യക്ഷദശയെ പ്രാപിച്ചു മേഘമാകുന്നു. രണ്ടുമാതിരി വായുക്കഠം കൂടിക്കലരുമ്പോഠം, മുമ്പുണ്ടായിരുന്നിടത്തോളം ആവിയെത്താങ്ങാൻ തിറമില്ലാതാകുന്നതു നിമിത്തമാണു്, കക്കിപ്പോകുന്ന ആവി മേഘമായി പരിണമിക്കുന്നതു്. ചേവ് ചേരുന്നതിലുമുണ്ടു ഭേദം. ആവി ചേന്ന ഉഷ്ണവായു ആവി കലരാത്ത തണുത്ത വായുവിനോടു ചേന്നാൽ ഉണ്ടാകുന്നതിനോടൊപ്പം മേഘങ്ങഠം, ആവിചേന്ന തണുത്ത വായുവിനോടു ആറിയധികമില്ലാത്ത ചൂടുവായു കലന്നാൽ ഉണ്ടാകയില്ല. മഞ്ഞുകാലത്തു് വായുവിൽ ആവി ധാരാളമുള്ളപ്പോഠം മനുഷ്യരുടെ വായിൽനിന്നു പുറപ്പെടുന്ന വായുപോലും പുകപോലെ പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. തണുത്ത വായുവിന്നു മീതെ ചൂടുള്ള വായു ഉണ്ടായിരിക്കുമ്പോഴാണു് നേത്ത പുകമുകിലും (Stratus) വെള്ളമുകിലും (Cirro Cumulus) ഉണ്ടാകുന്നതു്. കാററിൻെറ വേഗം ഭിന്നമായിരിക്കുമ്പോഠം അലപോലുള്ള മേഘങ്ങളോടും ഇടയ്ക്കിടെ തെളിഞ്ഞും ആകാശം കാണാം പേമാരി പെയ്തുകഴിഞ്ഞാൽ അലപോലുള്ള വെള്ളമേഘങ്ങഠം ആകാശത്തിൽ ഉളവാകം.

ഉഷ്ണവായു മേലാകാശത്തിലേക്കു പ്രസരിച്ചു തണുക്കുന്നതുകൊണ്ടാണു് മേഘങ്ങളുണ്ടാകുന്നതു്. മുന്നൂറടി പൊക്കത്തിന്നു 13/5 ഡിഗ്രിയിൽ കൂട്ടതലായി അന്തരീക്ഷോഷ്ണം കുറയുമ്പോഠം, കീഴിലുള്ള ചൂടുവായു മേലോട്ടു പൊങ്ങി മേഘമുണ്ടാകുന്നു. പിന്നെ മുന്നൂറടി പൊക്കത്തിന്നു 4/5 ഡിഗ്രി വീതമെ അതു തണുക്കയുള്ളു. മേഘങ്ങഠം പവ്വതങ്ങളെ ആലിംഗനം ചെയ്യുന്ന കാഴ്ച സാധാരണയാണു്. "വപ്രക്രീഡാപരിണതഗജപ്രേക്ഷണീയ"മായ മേഘത്തെ വഷകാലത്തു നമുക്കു എന്നും കാണാം. മലകഠം മുകിലിനെ ആകഷിക്കുമെന്നു നാട്ടുകാർ പറയുന്നതു പൊളിയല്ല. പക്ഷെ മലകഠംക്കു ആകഷണശക്തിയില്ല; പിന്നെയോ.? താഴ്വരയിലുള്ള വായുവംശങ്ങളിൽ കൂടി കയറി പ്രസരിച്ചു് നീഹാരസ്ഥാനംവരെ തണുക്കുന്നതുകൊണ്ടാണു് മലകളിൽ മേഘങ്ങളുണ്ടാകുന്നതു്.

ഉഷ്ണഭൂമികളിലും അധിത്യകകളിലും വൻമാരികളും വാത്യകളുമുണ്ടാകാറുണ്ടു്. അപ്പോഠം മേഘപടലങ്ങഠം ഉണ്ടാകാനുള്ള കാരണം മറെറാന്നുമല്ല, ആ വക വായുചലനങ്ങളുടെ കേന്ദ്രത്തിലുള്ള (Centre) അന്തരീക്ഷം ഈറനായിരിക്കും; ചുററുമുള്ള അന്തരീക്ഷം വരണ്ടുമിരിക്കും; അപ്പോഠം വായു ഉയരുകയും നാലുപാടും സദാ പ്രസരിക്കയും ചെയ്യുന്നു; അപ്പോഠം മേഘപടലമുണ്ടാകുന്നു. കൊടുങ്കാററും മഹാമാരിയുമുണ്ടാകുമെന്നു മുൻ

ക്രൂരായി വിളിച്ചുപറയാനെന്നപോലെ, പൂടപോലുള്ള ഒരുവക മേഘങ്ങൾ (Cirrus) ആകാശപരിധിയിൽ നിന്ന ചിന്നിച്ചിതറി പറപ്പെട്ടുവരും. അതിന്റെ പിറകെ അണിനിരന്ന പട്ടാളംപോലെ കാളമേഘങ്ങളും കാണാം. ഈറൻവായു മേലോട്ടുപൊങ്ങിപ്പരന്നിട്ടുണ്ടാകുന്ന മേഘങ്ങളാണിതു്. പൂടപോലുള്ള മേഘങ്ങൾ പരക്കുമ്പോഴാണ് സൂര്യചന്ദ്രന്മാർക്കു പരിവേഷമുണ്ടാകുന്നതു്. അതുകൊണ്ടു് പരിവേഷമുണ്ടായാൽ താമസിയാതെ മഴയുമുണ്ടാകുമെന്നു് വൃദ്ധന്മാർ പറയാറുള്ളതു തെററല്ല.

മേലോട്ടുള്ള ഉഷ്ണപ്രാപണത്തെ (Convection)യാണു് ഗോപുരമുകിൽ (Cumulus) സൂചിപ്പിക്കുന്നതു്. വേനൽക്കാലത്തും ഉഷ്ണഭൂമികളിലുമാണു് അതധികമുണ്ടാകുന്നതു്. ഗോപുരമുകിലിന്റെ കട്ടിയും പരപ്പും പൊക്കവും കൂടി തൂവൽമുകിലുകളെ (Cirrus) തുരന്നു പാഞ്ഞു പോകാറുണ്ടു്. പുകമുകിൽ (Stratus) വളരെ നേർത്ത വകയാണു്; പക്ഷെ അതിന്റെ വിസ്തൃതി വളരെയുണ്ടാകും. നൂറു മൈലുംമററും ദൂരം അതു പരന്നു കിടക്കാറുണ്ടു്. വായുവിന്റെ ഗതി നീളത്തിലാണു്, കീഴ്മേലായല്ല; എന്നു് അതുകൊണ്ടു് ഊഹിക്കാം. തണുപ്പുകാലത്താണു് ഈ മേഘങ്ങൾ അധികമുണ്ടാകാറുള്ളതു്.

മേഘങ്ങൾ സഞ്ചരിക്കുന്ന വേഗം പൊക്കത്തിനനുസരിച്ചു് കൂടും. തൂവൽമുകിലുകൾ (Cirrus) മണിക്കൂറൊന്നിനു് 250 മൈൽ വേഗത്തിൽ പറക്കുന്നവയുണ്ടു്. സാധാരണ അവയുടെ ഗതിവേഗം, അമേരിക്കയിൽ മണിക്കൂറിനു് 80-ം യൂറോപ്പിൽ 40-ം മൈൽ വീതമെയുള്ളു എന്നു് കാണുന്നു. ഓരോതരം മേഘങ്ങളുടെ ഗതിവേഗങ്ങളെ താഴെ പട്ടികയിൽ കുറിച്ചിരിക്കുന്നു:

| മേഘജാതി | പൊക്കം അടി | മണിക്കൂറിൽ പായുന്ന മൈൽ |
|---|---|---|
| പുകമുകിൽ (Stratus) | 1676 | 19 |
| ഗോപുരമുകിൽ (Cumulus) | 5326 | 24 |
| വെള്ളമുകിൽമാല (Cirro Cumulus) | 21000 | 71 |
| തൂവൽമുകിൽ (Cirrus) | 29000 | 78 |

മേഘങ്ങൾ ഏററവും പൊക്കത്തിലിരിക്കുന്നതു് വേനൽക്കാലത്തും താണുവരുന്നതു് വർഷത്തുവിലുമാകുന്നു. ഗതിവേഗം നേരെ മറിച്ചു് കൂടുതൽ വർഷത്തിലും കുറവു വേനലിലുമാണു്.

തോരണംപോലെ തൂങ്ങിക്കിടക്കുന്ന ഒരുവക ഗോപുരമുകിലുകളുണ്ട്. (Festooned Cumulus). അവയുണ്ടായാൽ ഇടിയും മിന്നലും കരകങ്ങളും(Hail) വരുമെന്ന് ഊഹിക്കാം. ഇൻഡ്യാസംസ്ഥാനത്തു് ഇവ ധാരാളം കാണാം. മേലുള്ള തണുത്ത വായു പെട്ടെന്നു കീഴോട്ടടിഞ്ഞു ഉഷ്ണവായുവിനോടു ചേരുമ്പോൾ, വെള്ളത്തിൽ കുമിളകളുണ്ടാകുന്ന വിധം ഈ മേഘങ്ങളുണ്ടായി പൊട്ടി കുഴലുകളിൽ നിന്നൊഴിക്കുംപോലെ മാരി ചൊരിയുന്നു.

ചിലപ്പോൾ വലിയ മഴക്കാർകൊണ്ടു് ഒരു തുള്ളിപോലും മഴ വീഴാതെ വരുന്നുണ്ടല്ലോ. ഇതു് മഴ പെയ്യാഞ്ഞിട്ടല്ല, കീഴോട്ടുവന്ന ജലബിന്ദുക്കൾ ചുട്ട വായുവിൽ ആവിയായി ഗ്രസ്തങ്ങളായിട്ടാണ്.

# * ബിരുദധാരികളോട്.

വിവിധത്വവും മഹത്വവുമുള്ള ഒരു സമ്മേളനം കൂടി പൊതുവായ ഒരു കൃത്യനിർവ്വഹണത്തിന് നമ്മുടെ സർവ്വകലാശാല ഒരുമ്പെടുന്നതു് ഒരു കൊല്ലത്തിൽ ഈ ശുഭാവസരത്തിൽ മാത്രമാണ്. ദക്ഷിണഭാരതത്തിൻെറ ജീവിതത്തിൽ പല പരിവർത്തനങ്ങളുമുണ്ടാക്കി തദനുസരണമായ പ്രവൃത്തിഫലങ്ങളും ഖ്യാതിയും സമ്പാദിച്ച്, സർവ്വകലാശാല പ്രായത്തിലും പ്രശസ്തിയിലും വളൎന്നു പ്രാപിക്കുന്നതോടുകൂടി, മററു വിശിഷ്ടകർമ്മങ്ങൾക്കു കൂടി ദിവസങ്ങൾ പ്രത്യേകം നിശ്ചയിക്കുമെന്ന്—സ്ഥാപകന്മാരുടെയും ഉദാരമായി സഹായിച്ചിട്ടുള്ളവരുടെയും സേവനത്തെ അഭിനന്ദിക്കുക, സർവ്വകലാശാലയുടെ അഭിമാനഭാജനങ്ങളായ ഭൂതകാലത്തിലെ മഹതീമഹാന്മാരുടെ പേരുകൾ നിലനിൎത്തുക, മനുഷ്യചിന്തയുടെ പ്രാപ്യസ്ഥാനവും സർവ്വജ്ഞാനദായകനുമായ ദൈവത്തെ വന്ദിക്കുക മുതലായ വിശിഷ്ടകർമ്മങ്ങൾക്കു കൂടി ദിവസങ്ങൾ നിശ്ചയിക്കുമെന്ന്—ഞാൻ വിശ്വസിക്കുന്നു. എന്നാൽ നാം സമാരംഭിച്ചിട്ടുള്ള കർമ്മം ഭാവിയെ അഭിമുഖീകരിക്കുന്നതും, മദിരാശി സർവ്വകലാശാലയുടെ സാഹോദര്യത്തിൽ പങ്കുകൊണ്ടു് ഈ മഹാസമ്മേളനത്തിൽ സന്നിഹിതരായിട്ടുള്ള യുവജനങ്ങളെ സംബന്ധിക്കുന്നതും ആകുന്നു. നമ്മുടെ പ്രധാന ചിന്ത അവരെപ്പററി ആ

* മിസ്സ് എലീനർ മക്ഡൗഗൽ എം. എ. ഡിലിററ്, മദിരാശി സർവ്വകലാശാലയിൽ ഈയിടെ നടത്തിയ കൺവൊക്കേഷൻ പ്രസംഗം.

യിരിക്കണം. ചുരുക്കം ചിലർ ഒന്നോരണ്ടോ കൊല്ലം കൂടി പഠിക്കുവാനുദ്ദേശിക്കുമെങ്കിലും, മിക്കവരും ക്ലാസ്സുമുറിയെ എന്നെന്നേക്കുമായി ഉപേക്ഷിച്ചിരിക്കുന്നു. അവരുടെ വിജയവൃത്താന്തം ശ്രവണപുടങ്ങളിൽ എത്തീട്ട് കുറച്ചുമാസമെ ആയിട്ടുള്ളു. എങ്കിലും ആശ്വാസം, സന്തോഷം, അദ്ധ്യാപകന്മാരുടേയും സ്നേഹിതന്മാരുടേയും അഭിനന്ദനങ്ങൾ, വിജയലഹരിയുടെ നവ്യവും പ്രഥമവുമായ പുതുമ ഇവ അവസാനിച്ചിരിക്കുന്നു. അവരുടെ ജീവിതത്തിലെ വിവിധതൊഴിലുകളിൽ അവർ പ്രവേശിച്ചിരിക്കുന്നു. കുല്യ സാഗരത്തിലേക്ക് പ്രവഹിച്ചുകഴിഞ്ഞു; സാഗരം അഗാധവും വിസ്തൃതവുമാകുന്നു; തീരങ്ങൾ നോക്കെത്താത്തവയായി; ഒഴുക്ക് ദ്രുതതരവും ശക്തിമത്തും; യുവാക്കളായ ബിരുദധാരികൾ ഉത്തരവാദിത്വത്തിൽനിന്നും രക്ഷയും സ്വാതന്ത്ര്യവുമുള്ള ദിനങ്ങൾ അവസാനിച്ചു എന്നു വിചാരിക്കുന്നു. എന്നാൽ ഇന്നത്തെ വിശിഷ്ടകർമ്മം സരസ്വതീമന്ദിരമായ മാതാവിനോടുള്ള അവരുടെ ബന്ധം അവസാനിച്ചിട്ടില്ലെന്നും, ഒരു പ്രകാരത്തിൽ ഇന്ന് ആരംഭിച്ചിട്ടെ ഉള്ളു എന്നും, പരിപൂർണ്ണമായി ബോധ്യപ്പെടുത്തുന്നു.

ബിരുദധാരികളെ, സർവ്വകലാശാല അതിന്റെ സാഹോദര്യത്തിലേക്ക് നിങ്ങൾക്ക് സ്വാഗതമരുളുന്നു. അതിന് നിങ്ങളുടെ മേൽ ഇനി നിയന്ത്രണമില്ല. എന്നാൽ ഈ മണിക്കൂറിലെ കർമ്മംകൊണ്ടും ഇപ്പോൾ ചെയ്ത പ്രതിജ്ഞകൊണ്ടും നിങ്ങൾ സർവ്വകലാശാലയുടേയും സർവ്വകലാശാല നിങ്ങളുടേതുമാകുന്നു. മദിരാശിയിലെ ബിരുദധാരികൾ എന്ന പേരിനെ നിലനിർത്തുന്നതിനുള്ള നിങ്ങളുടെ വാഗ്ദാനം നിങ്ങൾക്ക് എത്രയും ഗൗരവതരമായ ഒരു കാര്യമാണെന്നും, അതിനെ നന്ദിയോടും ഭക്തിയോടും കൂടി സംരക്ഷിക്കുമെന്നും ഉള്ളതിൽ ഞങ്ങൾക്ക് സന്ദേഹത്തിനവകാശമില്ല. ഇപ്പോൾ നിർവ്വഹിച്ചിട്ടുള്ള ഈ കർമ്മത്തിന് അമേരിക്കയിൽ "ആരംഭം" എന്ന് പറയുന്നു അതിന്റെ പ്രധാനചിന്ത നിങ്ങളുടെ കഴിഞ്ഞ പരിശ്രമങ്ങളേയൊ, ബിരുദലബ്ധിയേയൊ പററിയല്ല; നിങ്ങളെ സജ്ജമാക്കിയിട്ടുള്ളതും നിങ്ങൾ നിർവ്വഹിക്കേണ്ടതുമായ ജോലിയെപ്പററിയാണ്. ഐഹികവും പാരത്രികവുമായി ദൈവത്തെ സേവിക്കുന്നതിനു തക്ക യോഗ്യതയോടുകൂടി ഓരോ കൊല്ലവും ഒരുകൂട്ടം ജനങ്ങളെ അയക്കുക എന്ന ചുമതല വഹിക്കുന്ന ഒരു സർവ്വകലാശാലയുടെ അംഗങ്ങൾ എന്ന നിലയിൽ ദക്ഷിണഭാരതത്തിന്റെ ക്ഷേമത്തിന്റെ ഉത്തരവാദിത്വത്തെ നിങ്ങൾ അറിയുമെന്ന് വിശ്വസിക്കുന്നു. ഒരു സർവ്വകലാശാലയുടെ ജീവച്ഛക്തിയേയൊ ഒരു രാജ്യത്തിന്റെ ക്ഷേമത്തേയൊ സമ്പാദിക്കുന്നത്, സഹായധനമൊ, കെട്ടിടങ്ങളൊ, ഉപകരണങ്ങളൊ, ബുദ്ധിപൂർവ്വങ്ങളായ ചട്ടങ്ങളൊ, കാര്യക്ഷമമായ ഭരണസമ്പ്രദായങ്ങളൊ അല്ല; സ്വാർത്ഥപ്രതിപത്തിയും

സ്വചിന്തയും അതിലംഘിച്ച് ശ്രേഷ്ഠങ്ങളായ ആദർശങ്ങളും ആശയങ്ങളും ഉണ്ടാക്കിയും ജ്ഞാനദീപം കൊളുത്തിയും നിയന്ത്രണം കരസ്ഥമാക്കിയും പുറത്തേക്കു വിടുന്ന വിദ്യാഭ്യസ്തരായ യുവതീയുവാക്കന്മാരുടെ ചൈതന്യവിശേഷമാണ്.

സർവ്വകലാശാലയുടെ ചുമതല രണ്ടു തരത്തിലാകുന്നു. അതിൽ തന്നെ ജ്ഞാനം വർദ്ധിപ്പിക്കുകയും ജ്ഞാനം സ്വീകരിക്കാവുന്നവരുടെയും സ്വീകരിച്ച് ഉപയോഗകരമായ വിധത്തിൽ വിനിയോഗിക്കാവുന്നവരുടെയും സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യുക. ഈ രണ്ടു ചുമതലകളിൽ ആദ്യത്തേതിനെ വളരെ അഗണ്യമാക്കിയിരിക്കുന്നതുകൊണ്ട്, സർവ്വകലാശാലയുടെ പണ്ടത്തെ ജോലി തൃപ്തികരമായിരുന്നില്ല. ഒരു സുദിനത്തിന്റെ സുപ്രഭാതം കണ്ടുതുടങ്ങിയിരിക്കുന്നതിൽ നാം ആനന്ദിക്കണം. മനുഷ്യജ്ഞാനത്തെ വർദ്ധിപ്പിക്കുക, ജ്ഞാനസാഗരതീരങ്ങളെ വിസ്തൃതമാക്കുക, മനുഷ്യജീവിതത്തിന്റെ വിവിധവിഭാഗങ്ങളിൽ നിന്നും അജ്ഞാനാന്ധകാരത്തെ അകററുക മുതലായവ ഒരു സർവ്വകലാശാലയുടെ ചുമതലയാണെന്ന് എല്ലാവരും സമ്മതിക്കും. ജ്ഞാനം എന്നു പറയുന്നത് ദൈവികവും സുന്ദരവുമായ ഒരു വസ്തുവാണ്. അതു നന്മതന്നെയാണ്. അതു നാം സമ്പാദിക്കേണ്ടതും നൽകേണ്ടതുമായ ഒന്നുമാകുന്നു. ലോകത്തിന്റെ മാനസിക സമ്പത്തിനായി ഓരോ ദേശത്തിനും ഓരോ ജോലി നൽകിയിരിക്കുന്നു. ഒന്നിന്റെ ജോലി വേറൊന്നിനു നിർവ്വഹിക്കുവാൻ സാധിക്കുന്നതല്ല. ഏതെങ്കിലും ഒരു ദേശം ഈ ഉത്തരവാദിത്വം നിറവേററുന്നതിൽ പരാജയപ്പെടുന്നു എങ്കിൽ എല്ലാത്തിനും നഷ്ടം അനുഭവിക്കേണ്ടി വരും. ഉദാഹരണമായി ദക്ഷിണഭാരതം മനശ്ശാസ്ത്രം ശരീരശാസ്ത്രം മനുഷ്യശാസ്ത്രം എന്നിവയെ സംബന്ധിച്ചിടത്തോളം അതിന്റെ ഭാരം നിർവ്വഹിച്ചില്ലെങ്കിൽ മററു ദേശങ്ങൾക്ക് ഇവയെ സംബന്ധിച്ച് അപൂർണ്ണവും അടിസ്ഥാനശൂന്യവുമായ അറിവുണ്ടായിരിക്കയേ ഉള്ളൂ. ഐശ്വര്യസമ്പൂർണ്ണമായ ദക്ഷിണഭാരതത്തിലും ജനങ്ങളിലും കണ്ടുപിടിക്കാത്തവയും നമുക്കായി ഉപയോഗപ്പെടുത്താത്തവയും ആയ ജ്ഞാനവിഭാഗങ്ങൾ മറഞ്ഞു കിടപ്പുണ്ട്. ഈ പുതിയ ജ്ഞാനവാഹിനികൾ പ്രവഹിക്കുവാനുള്ള ചാല് സർവ്വകലാശാലയാണ്. അതിന്റെ മഹത്തായ ജോലിയിൽ വേണ്ടപോലെ പ്രവേശിച്ചിട്ടില്ലെങ്കിലും, കഴിഞ്ഞ സംവത്സരങ്ങളിൽ പ്രോത്സാഹനീയമായ ഒരു ആരംഭം തുടങ്ങിയിട്ടുണ്ട്. ഭാവിയിൽ അത് ആക്രമിച്ചു കൈവശമാക്കുന്ന ആ സൽഭൂമിയുടെ രേഖകൾ നമുക്കു കുറച്ചുകൂടി വ്യക്തമായി കാണുവാൻ കഴിയുന്നുണ്ട്. പഠിത്തം അവസാനിപ്പിച്ചിട്ടുള്ള ഒരു അദ്ധ്യാപകൻ ജ്ഞാനദീപം അണഞ്ഞ ഉപദേശകനാണെങ്കിൽ ജ്ഞാനത്തെ വർദ്ധിപ്പിക്കൽ നിറുത്തിയ ഒരു സർവ്വകലാശാല ഒരു ഉദ്യാനം അല്ലെന്നു മാ

ത്രമല്ല, ഒരു പൂക്കടയുമാണ്.

ഇപ്രകാരമുള്ള പ്രവൃത്തിൽ ഏർപ്പെടുന്നതും ഇപ്രകാരം മനുഷ്യവർഗ്ഗത്തെ മഹനീയമാംവണ്ണം സേവിക്കുന്നതിന് സർവ്വകലാശാലയെ സഹായിക്കുന്നതും അത്യുത്തമമായ ഒരു ആശതന്നെയാണ്. ഈ സമ്മേളനത്തിലുള്ള ചിലർ ഇപ്രകാരം പ്രവൃത്തിക്കുന്നതിനുള്ള വിളികേട്ട് അനുസരിക്കുമെന്നു നമുക്ക് ആശിക്കാം. എന്നാൽ ഈ വിളി ചിലരുടെ ചെവിട്ടത്തു മാത്രമെ എത്തുകയുള്ളു. അസാധാരണമായ മനശ്ശക്തി വേണമെന്നു മാത്രമല്ല, മിക്ക മനുഷ്യർക്കും സാദ്ധ്യമല്ലാത്തതും സാധിക്കണമെന്ന് ആഗ്രഹിക്കാത്തതുമായ സ്വാർത്ഥോദ്ദേശങ്ങളിൽ നിന്നും ആശകളിൽ നിന്നും മോചനവും ആവശ്യമാണ്. നിങ്ങളിൽ മിക്കവർക്കും സർവ്വകലാശാല ഒരു മാതാവാണ്. ജ്ഞാനസേചനത്തിലെ ധീരനേതാവല്ല. നിങ്ങളുടെ ചുമതല ജ്ഞാനം നൾകുകയല്ല, സ്വീകരിക്കുകയായിരുന്നു. എന്നാൽ സർവ്വകലാശാലക്ക് അതിൻെറ മറെറ ചുമതലയിൽ കൂടി നിങ്ങളിൽ ഒരു അവകാശമുണ്ട്. അതായതു് വിദ്യാഭ്യാസപഥത്തിലല്ലാതെ പ്രവൃത്തിപഥത്തിൽ രാജ്യത്തെ സേവിക്കുന്നതിന് സ്ത്രീപുരുഷന്മാരെ പരിശീലിപ്പിക്കുകയാകുന്നു. ഉത്തമമായ ജ്ഞാനം പ്രദാനംചെയ്യുന്നതു കൂടാതെ, ഒരു പ്രത്യേകമനസ്ഥിതി ഉണ്ടാക്കിയും, ബുദ്ധിജന്യമായ പ്രവൃത്തി ചെയ്യുന്നതിന് ശീലമുണ്ടാക്കിയും ഒരു സർവകലാശാല അതിൻെറ സന്താനങ്ങളെ വിശിഷ്ടമായ വിധത്തിൽ ജോലികൾ ചെയ്യുന്നതിന് പരിശീലിപ്പിക്കുവാൻ ശ്രമിക്കുന്നു. രാജ്യം ഭരിക്കണം, പൊതുജീവിതത്തെ നയിക്കണം, സ്വതന്ത്രങ്ങളായ തൊഴിലുകൾ നിർവ്വഹിക്കണം, ഉന്നതരീതിയിലുള്ള കച്ചവടത്തേയും വാണിജ്യത്തേയും പാലിക്കണം ഈ കാര്യങ്ങൾക്കെല്ലാം ആവശ്യമുള്ള സാങ്കേതികജ്ഞാനം സർവകലാശാല നൾകുന്നു. ആ ജ്ഞാനത്തെ ഉപയോഗിക്കുന്നതും പ്രയോഗിക്കുന്നതും അത്യുത്തമമായ മാർഗ്ഗത്തിലാണെന്നു കാണുകയാണ് അതിൻെറ കുറച്ചുകൂടി ഉന്നതമായ ചുമതല. ഒരു രാജ്യത്തിൻെറ ആരോഗ്യകരമൊ അനാരോഗ്യകരമൊ ആയ സ്ഥിതിയെ പരിശോധിച്ചു നോക്കേണ്ടതു് അവിടത്തെ തൊഴിൽവർഗ്ഗക്കാരുടെ സ്ഥിതിഗതികൾ കൊണ്ടാണ്. ഈ പരിശീലനത്തിൻെറ ഉത്തരവാദിത്വം സർവകലാശാല വഹിക്കുന്നതുകൊണ്ട്, അതിൻെറ പരിശീലനത്തോടുള്ള കൃതജ്ഞതയെ പരീക്ഷിക്കേണ്ടവരായ ബിരുദധാരികളെ ആവേശത്തോടും വിശ്വാസത്തോടുംകൂടി വീക്ഷിച്ചുകൊണ്ടിരിക്കുന്നു.

ഒരു സ്വതന്ത്രതൊഴിൽ ഒരു സ്വതന്ത്രമനുഷ്യന് യോഗ്യമായിട്ടുള്ളതാണ്. അതു് ഒരു അടിമക്കു സ്വീകരിക്കാൻ കഴിയുന്നതൊ അയാൾ സ്വീകരിക്കുന്നതൊ അല്ല. അതു് സ്വാർത്ഥപരമായ അഭിലാഷങ്ങൾക്കൊ, ആശകൾക്കൊ വശംവദനാകാത്ത ഒരു മനുഷ്യൻെറ തൊഴിൽ ആണ്.

ഖ്യാതിയൊ പണമൊ അല്ല അതിൻെറ ഉദ്ദേശം. സ്വാതന്ത്ര്യവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ആൾ സ്വാൎത്ഥപരനല്ല; തൻെറ ചിന്തകളും പരിശ്രമങ്ങളും മററുള്ളവൎക്കുവേണ്ടി ഉപയോഗിക്കുവാൻ അദ്ദേഹം സ്വതന്ത്രനാണ്. സ്വാതന്ത്ര്യവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഒരാൾ ആഗ്രഹിക്കുന്ന മിതമായ ആദായം നേടുന്നതിന് സ്ത്രീപുരുഷന്മാരെ സർവകലാശാല സഹായിക്കുന്നുണ്ടെങ്കിലും, പണക്കാരാകുന്നതിന് അതു പരിശീലിപ്പിക്കുന്നില്ല. മാനസികസമ്പത്തുള്ള ഒരാൾക്ക്, സുഖത്തിനായി ധനം ആവശ്യമില്ല. ഒരു സർവകലാശാലാബിരുദധാരിക്ക് ധനം വന്നുചേൎന്നേക്കാം; ധാരാളംപേൎക്ക് ഖ്യാതിയും ലഭിച്ചിട്ടുമുണ്ട്. എന്നാൽ ഇവ സ്വയമായി വന്നുചേരുകയാണെങ്കിൽ അവ എത്രയും ശ്ലാഘ്യമായിട്ടുള്ളവ തന്നെയാണ്. ഒരു സ്വതന്ത്രതൊഴിലിൻെറ മഹാദൎശം മററുള്ളവരെ ഉപയോഗപ്പെടുത്തുകയൊ മററുള്ളവരെ ഭരിക്കുകയൊ അല്ല; മററുള്ളവരെ സേവിക്കുകയാകുന്നു. സ്വാതന്ത്ര്യവും സേവനവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ നാം തെററായ ഒന്നു മനസ്സിലാക്കുന്നു. ഒരുത്തൻെറ ആ നിയന്ത്രിതങ്ങളായ വികാരങ്ങളോടും ദുരാശകളോടും ഉള്ള ദാസ്യത്തെപ്പോലെ ഹീനമായ അടിമത്വം വേറെയില്ല. നാം സേവിക്കുന്ന വസ്തു ശ്രേഷ്ഠമായിട്ടുള്ളതാണെങ്കിൽ സേവനം പരിപൂൎണ്ണസ്വാതന്ത്ര്യമാകുന്നു.

ആ അടിമത്വത്തിൽനിന്നും നിങ്ങളെ സ്വതന്ത്രരാക്കുന്നതിന് സർവകലാശാല ശ്രമിക്കുന്നു. ആ സേവനത്തിൽ നിങ്ങളെ ഉൾപ്പെടുത്തുന്നതിന് അതു ശ്രമിക്കുന്നു. കൗതുകജനകങ്ങളായ പല ഭാഗങ്ങളും തുറന്നു കാണിച്ചും, പുസ്തകങ്ങളിൽ പരിശുദ്ധവും അനിന്ദ്യവുമായ ആനന്ദം കാണുന്നതിനു പഠിപ്പിച്ചും, രണ്ടു മഹാസാഹിത്യരാജ്യങ്ങളിലേക്കെങ്കിലും പ്രവേശനം തന്നും, നിങ്ങളുടെ അദ്ധ്യാപകന്മാരായ പ്രായപൂൎത്തിയും കൂടുതൽ അറിവുമുള്ള ആളുകളുമായി സംഘടിപ്പിച്ചും, സഹപാഠികളുമായി സാഹോദൎയ്യത്തിലുൾപ്പെടുത്തിയും, കഠിനമായ പഠിത്തത്തിനുള്ള മാനസികവും ബുദ്ധിജന്യവുമായ പരിശീലനം നൽകിയും സഹായിക്കുന്നതുകൂടാതെ നിങ്ങളെ സ്വാൎത്ഥത, അഹങ്കാരം, അസൂയ, മനോദ്ദൂനത, നിരൂപണത്തെയൊ ആക്ഷേപത്തെയൊ പററിയുള്ള ഭയം, ആചാരനിഷ്ഠുരതയോടുള്ള ദാസ്യത്തിൽനിന്നും മോചനം, ജീവിതത്തിലെ മഹാദുരന്തങ്ങളെക്കാളും കൂടുതൽ മനോവേദനയും ദുഃഖവും ഉണ്ടാക്കുന്ന അന്തസ്സാരവിഹീനതയിൽനിന്നും മോക്ഷം ഇവയിൽനിന്നുകൂടി നിങ്ങളെ സ്വതന്ത്രരാക്കുന്നു. സർവകലാശാല അതിൻെറ മനസ്സ് ശരിയായി നിങ്ങളിൽ പതിപ്പിച്ചിരുന്നു എങ്കിൽ അതിൻെറ നിയമനം ശരിയായി ഫലിച്ചു എന്ന് അതു വിശ്വസിക്കുകയാണെങ്കിൽ, ഇന്നിവിടെ സന്നിഹിതരായിട്ടുള്ള യുവജനങ്ങളിൽ രാജ്യത്തിന് ആശക്കു വഴിയുണ്ട്. ഒരു ആപൽഘട്ടത്തെ തരണംചെയ്യുന്ന ഭാരതത്തി

ന്, അവരുടെ സഹായത്തിനായി വരുന്ന ഈ മഹാസദസ്സിൽ വിശ്വസിക്കയും ചെയ്യാം. ഇൻഡ്യക്ക് ഇപ്പോൾ ആവശ്യമുള്ളതു്—ആപൽഘട്ടങ്ങളിൽ ഏതു രാജ്യത്തിനും ആവശ്യമുള്ളതു്—മഹാന്മാരുടെ നേതൃത്വം മാത്രമല്ല, പരിശീലനം സിദ്ധിച്ചിട്ടുള്ള മനസ്സോടും സ്വയം നിയമനം സിദ്ധിച്ചിട്ടുള്ള ദേശാഭിമാനത്തോടും കൂടിയ അനവധി സ്ത്രീപുരുഷന്മാരുടെ ഭക്തിപുരസ്സരവും യഥാർത്ഥവുമായ സേവനമാണ്. അവർ രാജ്യത്തിലെ പൊതുജീവിതത്തെ കാര്യക്ഷമതയോടും സത്യത്തോടും കൂടി നയിച്ചുകൊണ്ടുപോകും; സ്വതന്ത്രതൊഴിലുകളുടെ മാഹാത്മ്യത്തെ അവർ പരിരക്ഷിക്കും; പൊതുജനാഭിപ്രായം സൃഷ്ടിക്കയും പ്രകടിപ്പിക്കയും ചെയ്യും. ആധുനികരാജ്യങ്ങളുടെ ഭരണകർത്താവ് ഈ പൊതുജനാഭിപ്രായമാണ്.

ഇന്നിവിടെ സന്നിഹിതരായിട്ടുള്ള എല്ലാ ബിരുദധാരികളെയും ഈ സേവനത്തിനായി വിളിക്കപ്പെടുന്നതാണ്. എന്നാൽ ചിലരുടെ ഉത്തരവാദിത്വത്തിന് പ്രത്യേകവും സാമാന്യവുമായ പ്രാധാന്യമുണ്ടായിരിക്കുന്നതാണ്. നിയമസംബന്ധമായ തൊഴിലിൽ പ്രവേശിക്കുന്നതിന് പരിശീലനം നൽകിയിട്ടുള്ളവരിൽ, രാജ്യം അവരുടെ നിയമങ്ങളുടെ പരിപാവനമായ സൂക്ഷിപ്പിനെയും അകത്തും പുറത്തുമുള്ള ബഹുമാനത്തെയും ഏല്പിക്കുന്നു. താഴ്ന്നവർക്കും നിസ്സഹായർക്കും നീതിന്യായം നൽകുമെന്നും, ഓരോ മനുഷ്യന്റെയും അവകാശത്തെ സംരക്ഷിക്കുമെന്നും, വിധവയുടേയും പിതാവില്ലാത്തവരുടേയും രക്ഷക്കുവേണ്ടി നിങ്ങൾ പോരാടുമെന്നും, സ്വാർത്ഥപരമായ ആദായത്തിനുവേണ്ടി മാത്സര്യമൊ വഴക്കൊ ഉണ്ടാക്കയില്ലെന്നും, ഖ്യാതി നേടുന്നതിനുവേണ്ടി ഏററവും നീചമായിട്ടുള്ളതിനെ അത്യുത്തമമായി കാണിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കയില്ലെന്നും നിങ്ങളുടെ രാജ്യം വിശ്വസിക്കുന്നു. ആകാശം വീണു് നിങ്ങളുടെ ഗൃഹം മുടിഞ്ഞാലും, "ആകാശം വീണാലും ന്യായം നടത്തുന്നതാണ്" എന്ന തത്വത്തെ അനുസരിക്കുന്നതിലായിരിക്കും നിങ്ങളുടെ മുഴുവൻ ശ്രദ്ധയുമെന്ന് വിശ്വസിക്കുന്നു. ആപൽക്കരവും സന്ദേഹപരവുമായ പ്രസംഗപാടവം നിങ്ങളെ ഏല്പിച്ചിട്ടുണ്ടെങ്കിൽ, ആ അഗ്നി ഒരു നല്ല ഭൃത്യനാണെങ്കിലും ചീത്തയജമാനനാണെന്ന് നിങ്ങൾ ഓർമ്മിക്കണം. നിങ്ങൾക്ക് ബുദ്ധികൂർമ്മതയിലും വിഷമതകളിലും സാമർത്ഥ്യമുണ്ടെങ്കിൽ അതു് ഒരു കേസ്സ തെളിയിക്കുന്നതിനാണ്, മറയ്ക്കുന്നതിനല്ല ഉപയോഗിക്കേണ്ടതു്. വക്കീലന്മാരുടെ ഓരോ പരമ്പരയും നിയമതൊഴിലിന്റെ ബഹുമാനത്തെ തടയുകയൊ ഹനിക്കുകയൊ ചെയ്യുന്നു; പൌരന്റെ രക്ഷയേയും വിധവയുടേയും അനാഥരുടേയും മർദ്ദിതജനങ്ങളുടേയും ക്ഷേമത്തേയും തടയുന്നു. നിങ്ങളുടെ രാജ്യത്തോടു ചെയ്യേണ്ട അനുപേക്ഷണീയമായ സേവനം, നിയമകേന്ദ്രങ്ങളെ പരിശുദ്ധമാക്കി വയ്ക്കുകയും, പിൻഗാമികൾക്ക് സത്യവും ബഹുമാനവുമുള്ളതാ

ന്നെന്നുള്ളതിന്ന് ആക്ഷേപമില്ലാത്ത ഒരു നിയമചരിത്രം നില്ക്കുകയും ആകുന്നു.

വൈദ്യവൃത്തിയിലേർപ്പെട്ട് മനുഷ്യരുടെ വേദനയേയും സങ്കടത്തേയും അകററുവാനുള്ള സ്ത്രീപുരുഷന്മാരോട് വളരെക്കുറച്ചുമാത്രമെ പറയുവാനുള്ളു. വൈദ്യവൃത്തിയുടെ ചരിത്രം എത്രയും ഉൽകൃഷ്ടവും സുന്ദരവുമായതുകൊണ്ടും അതു സ്വീകരിക്കുന്നവർക്ക് ഗുണകരമായിട്ടുള്ളതുകൊണ്ടും ഡാക്ടരെ ന്യായമായി "ആധുനികപരിഷ്കാരത്തിന്റെ പുഷ്പ"മെന്നു വിളിക്കുന്നു. അയാളെ ഏററവും വിശ്വസനീയമായ ജീവിയായി കരുതുന്നു. ഈ ഗുണം ഉള്ളതുകൊണ്ട് നിങ്ങളുടെ തൊഴിലിന്റെ സ്വഭാവംതന്നെ നിങ്ങൾക്ക് സ്വാഗതം അരുളുകയും നിങ്ങളെ വിശ്വസിക്കയും ചെയ്യുന്നു. നിസ്സ്വാർത്ഥത, ധൈര്യം, അനുകമ്പ എന്നിവ നിങ്ങളിലുണ്ടാകുമെന്ന് വിശ്വസിക്കുന്നതും ഒരു വലിയ ഗുണമാണ്. ക്ഷമയിലൊ അനുഭാവത്തിലൊ ഉള്ള ഏതു പരാജയത്തേയും ത്യാഗത്തിനുള്ള സന്ദർഭത്തേയും അത്ഭുതത്തോടുകൂടി വിചാരിക്കുന്നതാണ്. ഇത്ര വളരെ ആശിക്കുന്നിടത്തുനിന്നും വളരെ ഗുണം ഉണ്ടാകാതിരിക്കാൻ തരമില്ല. അത്ര വിലയേറിയ ചരിത്രം അതിന്റെ പുറകിലുണ്ട്. നിങ്ങളിൽ മിക്കവരും സുഖക്കേട ഭേദമാക്കുന്നതിലൊ തടയുന്നതിലൊ ഏർപ്പെടുന്നതായിരിക്കും. വ്യക്തിയിലുള്ള സുഖക്കേടിനെ ഭേദമാക്കണം. പക്ഷെ ബഹുസഹസ്രം ആളുകളിൽനിന്നും അതു തടയണം. ഒരു പുതിയ നിവാരണമാർഗ്ഗം കണ്ടുപിടിക്കുന്നവൻ ലക്ഷോപലക്ഷം ജനങ്ങളിൽനിന്നും ദീനതയെ അകററുന്നതാണ്. മനുഷ്യന്റെ ശത്രുക്കളായ കുഷ്ഠം, കാളറ മുതലായവയെ പരാജയപ്പെടുത്തുന്നതിനും മാനസികരോഗങ്ങളെ ഹനിക്കുന്നതിനും നിങ്ങളുടെ അറിവും അനുഭവവും കൊണ്ട് ഒരു രഹസ്യമന്ത്രവാദത്തെ കണ്ടുപിടിക്കുമായിരിക്കാം. എന്നാൽ ഈ തൊഴിലിന്റെ ചരിത്രം എത്രത്തോളം മഹത്തായിരിക്കുമോ, അത്രത്തോളം തന്നെ ദുർയശസ്സും ആക്ഷേപവും, എല്ലാക്കാലത്തും എല്ലാ രാജ്യങ്ങളിലും എല്ലാവരും ബഹുമാനിക്കുന്ന ആ തൊഴിലിന്റെ മാഹാത്മ്യത്തെ മലിനപ്പെടുത്തുന്ന ആൾക്ക് ലഭിക്കുന്നതുമായിരിക്കും.

നിങ്ങളിൽ അനേകംപേർ കുറേക്കൂടി പാവനമായ ഒരു തൊഴിലിൽ—കുട്ടികളെ വിദ്യാലയങ്ങളിലും കലാശാലകളിലും അഭ്യസിപ്പിക്കുന്ന വിഷയത്തിൽ—ഏർപ്പെടുന്നതായിരിക്കും. ഇതിനേക്കാൾ വിസ്തൃതമൊ പ്രധാനമൊ ആയ ദേശീയസേവനം വേറെ ഇല്ല. വിദ്യാഭ്യാസവിഷയം ശരിയായി പരിഷ്കരിച്ച് ഓരോ കുട്ടിയേയും വേണ്ടവിധത്തിൽ വിദ്യാഭ്യാസം ചെയ്യിപ്പിക്കുകയാണെങ്കിൽ രാജ്യഭരണതന്ത്രജ്ഞന്മാർക്ക് മല്ലിടുന്നതിനായി ചുരുക്കം ചില വിഷമതകളേ ഉണ്ടാകയുള്ളൂ. സാമുദായികവും സാമ്പത്തികവുമായി നാം അനുഭവിക്കുന്ന മിക്ക ദോഷങ്ങളേയും ഉണ്ടാക്കുന്നതു ശരിയാ

യ വിദ്യാഭ്യാസം ലഭിക്കാത്ത മനുഷ്യപ്രകൃതിയാണ്. ഏതു രാജ്യത്തിലേയും ക്ഷേമത്തിൻെറ രഹസ്യം ഓരോ പൗരനും അയാൾക്കു യോജിച്ച ചുമതല ഉണ്ടായിരിക്കണമെന്നും അതു് നിർവഹിക്കുവാൻ പ്രാപ്തനും സന്നദ്ധനും ആയിരിക്കണമെന്നും ഉള്ളതാണ്. ഒരു രാജ്യത്തിലെ വിദ്യാഭ്യാസാദർശവും അതുതന്നെയാണ്. വിദ്യാഭ്യാസപദ്ധതികളേയും പാഠപദ്ധതികളേയും പരീക്ഷകളേയും എത്ര സാമത്ഥ്യത്തോടുകൂടി രൂപവൽക്കരിച്ചാലും, കെട്ടിടങ്ങളും ഉപകരണങ്ങളും പാഠപുസ്തകങ്ങളും എത്ര ധാരാളമായി ശേഖരിച്ചാലും, വിദ്യാഭ്യാസത്തിൽ സർവപ്രധാനമായിട്ടുള്ള പ്രേരവണത്തോടും ഭക്തിയോടും കൂടിയുള്ള അദ്ധ്യാപകനില്ലെങ്കിൽ, ഇവയെല്ലാം നിഷ്ഫലങ്ങളും നിരുപയോഗങ്ങളുമായി പരിണമിക്കയേ ഉള്ളൂ. ഇതു് തൊഴിലില്ലാത്തവൎക്കുള്ള ജോലിയല്ല. ആ പ്രവൃത്തി ചെയ്യുന്നതുതന്നെ ആനന്ദജനകമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ നാം ഇടപെടുന്നതു് മനുഷ്യവൎഗ്ഗത്തിലെ ആകൎഷണീയവും വിശ്വസനീയവുമായഭാഗമായിട്ടാണ്; നാം തിന്മയോട് യുദ്ധംചെയ്യുന്നതിനു പകരം നന്മയെ സജ്ജമാക്കുകയാണ്; വിദ്യാൎത്ഥികളുമായുള്ള അനുഭാവപൂൎവ്വമായ പെരുമാററത്തിൽനിന്നും നമ്മുടെ യുവത്വത്തെ പുതുക്കുകയാണ്; അവരുടെ സ്നേഹത്തിലും വിശ്വാസത്തിലും, അദ്ധ്യാപകൻ എന്ന പേരിനെ അർഹിക്കുന്ന ഓരോരുത്തൎക്കും സമ്മാനവുമുണ്ട്. എന്നാൽ അദ്ധ്യാപനത്തെ ആപൽക്കരങ്ങളായ തൊഴിലുകളുടെ കൂട്ടത്തിലാണുൾപ്പെടുത്തിയിട്ടുള്ളതു്. കുട്ടികളുടെ മേലുള്ള അധികാരം തന്നെ ഒരു സ്വേഛാപ്രഭുവാക്കുന്നു എങ്കിൽ അതു അദ്ധ്യാപകനു് ആപൽഹേതുകമാണ്. ക്ലാസ്സിൽ കാണുന്ന സ്ഥിതി നീചമൊ കപടമൊ ആയിട്ടുള്ളതാണെങ്കിൽ അദ്ധ്യേതാക്കൾക്കും ആപൽക്കരമാണ്. വിദ്യാഭ്യാസത്തിൽ നമുക്കുപയോഗിക്കുവാനുള്ളതു്, മനുഷ്യനു് അറിയാവുന്ന ഏററവും വിലയേറിയതും വികാരപരവുമായ വസ്തുവാണ്—ഒരു കുട്ടിയുടെ മനസ്സും ആത്മാവുമാണ്.

അദ്ധ്യാപകവൃത്തിയിലേൎപ്പെടുന്നവരിൽ ചിലർ വീണ്ടും കലാശാലാവിദ്യാഭ്യാസത്തിൽ ഏൎപ്പെടുന്നതായിരിക്കും. നിങ്ങൾ വളരെ കടപ്പെട്ടിട്ടുള്ള മദിരാശി സർവകലാശാലയുടെ ജീവിതത്തിൽ പങ്കുകൊള്ളുകയും അതിൻെറ ജോലിയെ തുടരുകയും ആലോചനകളിൽ പങ്കുകൊള്ളുകയും ചെയ്യും. നിങ്ങൾക്കുള്ള സമ്മതിദായകത്വാവകാശംകൊണ്ടു് എല്ലാവൎക്കും സർവകലാശാലയുടെ നയത്തെ സ്വാധീനമാക്കുവാൻ കഴിയും. ചിലർ വൈസ് ചാൻസലർമാരായി വരാവുന്നതാണ്. നിങ്ങളിൽ ചിലർ ഭാവിയിൽ ചാൻസലർ തന്നെ ആകയില്ലെന്നു് ആൎക്കറിയാം. സർവകലാശാലയുടെ ഖ്യാതിയേയും ബഹുമാനത്തേയും സംരക്ഷിക്കുകയും വൎദ്ധിപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം നിങ്ങളിലെല്ലാപേരിലുമുണ്ട്. മദിരാശിക്കു് ഇൻഡ്യയി

ലെ സർവകലാശാലകളിൽ അത്യുന്നതസ്ഥാനമുണ്ട്. എന്നാൽ ഒരു മഹിമയും സുസ്ഥിരമല്ല. തോല്ക്കുന്നവരുടെ സംഖ്യ കുറക്കുവാനുള്ള നിഷ്പ്രയോജനമായ പരിശ്രമത്തിൽ സർവകലാശാലയുടെ പഠിത്തത്തിന്റെ നില താഴോട്ടു പോകുന്നു. ഇതിനെ തടയേണ്ടതു് നിങ്ങളുടെ ചുമതലയാകുന്നു. ശരിയായ അഭ്യസനത്തിനായി നിർബന്ധിക്കേണ്ടതും യോഗ്യതയില്ലാത്തവർക്ക് പ്രവേശനം തടയേണ്ടതും നിങ്ങളുടെ കർത്തവ്യമാകുന്നു. ശക്തന്മാരുടെ ജോലികൾ നിങ്ങൾ അശക്തന്മാരെ ഏല്പിക്കരുതു്. കലാശാലാക്ലാസുകളിൽ പതിനാലും പതിനഞ്ചും വയസ്സുള്ള കുട്ടികളുടെ സാന്നിദ്ധ്യം സർവകലാശാലയുടെ അന്തസ്സിനെ കുറക്കുന്നു. ഹൈസ്കൂളുകളിൽ കാലാനുക്രമമല്ലാത്ത വിധത്തിൽ കുട്ടികളുടെ മനസ്സിനെ വികസിപ്പിക്കുന്നു. അതു് കുട്ടികളുടെ നിർഭാഗ്യമെന്നേ പറയേണ്ടൂ. രണ്ടോ മൂന്നോ തവണത്തെ പരിശ്രമംകൊണ്ടു് 35 ശതമാനം വാങ്ങി എന്ന വലിയ വിജയത്തെ അടിസ്ഥാനമാക്കി കലാശാലാക്ലാസുകളിൽ കാണുന്ന അസമർത്ഥന്മാരുടെ സാന്നിദ്ധ്യം സർവകലാശാലയോടും നിർഭാഗ്യവാന്മാരായ അവരോടും ചെയ്യുന്ന ഒരു ഭീമാബദ്ധമാണ്. അവർ മററു ജോലികളിൽ പ്രവേശിച്ചിരുന്നെങ്കിൽ ജീവിതം കൂടുതൽ സുഖകരവും അന്തസ്സുള്ളതും ആയിത്തീരുന്നേനെ. സർവകലാശാലാജീവിതം വിലയേറിയതും താല്പര്യമുള്ളതും ആകയാൽ, അവിടെനിന്നും യാതൊരു നന്മയും നേടുവാൻ അർഹരല്ലാത്തവരെക്കൂടി സ്വാഭാവികമായി ആകർഷിക്കുന്നതാണ്. അവർക്ക് അർഹതയില്ലാത്തേടത്തു് പ്രവേശിക്കുന്നതുകൊണ്ടു ദുരിതവും അനുഭവിക്കുന്നു. ഇവരുടെ സംഖ്യ വർദ്ധിക്കുകയാണെങ്കിൽ, അവരുടെ നിലയനുസരിച്ചു് കലാശാലാഭ്യസനരീതിയെ ലഘുവാക്കുവാനും അവരുടെ സങ്കടത്തെ അകററുവാനും ദയവു് മാത്രം കാണിക്കുന്നു. വിഷമകരങ്ങളായ കാര്യങ്ങൾ ചീത്ത നിയമങ്ങൾ ഉണ്ടാക്കുന്നു. സർവകലാശാലയുടെ നില പിന്നോട്ടു പോകുമ്പോൾ തീരെ യോഗ്യതയില്ലാത്തവർകൂടി പ്രവേശനത്തിനായി ബഹളം കൂട്ടുന്നതും ഇപ്പോൾ തന്നെ ക്രമത്തിലധികം പേരുള്ള ഓരോ ക്ലാസും വലുതായിത്തീരുന്നതുമാകുന്നു. അവരുടെ സാമർത്ഥ്യമനുസരിച്ചു് പഠിപ്പിച്ചുതുടങ്ങുമ്പോൾ അദ്ധ്യാപനത്തിന്റെ വിദ്യാഭ്യാസവിലയും സൌന്ദര്യവും നശിക്കുന്നതും യാന്ത്രികമായ ചില ചട്ടങ്ങൾ നിർവഹിക്കുന്നതുമാണ്. ജീവിക്കുന്നതിനുവേണ്ടി, ജീവിതത്തെ ആശാസ്യമാക്കുന്നവയെ ഉപേക്ഷിക്കുക എന്നപോലെ യോഗ്യതയില്ലാത്തവരുടെ പ്രവേശനത്തിനുവേണ്ടി സർവകലാശാലാഭ്യസനത്തെ വിലയില്ലാതാക്കുന്നതു് നിശ്ചയമായും ബുദ്ധിപൂർവകമായിട്ടുള്ളതല്ല. എന്നാൽ ഇതു് നമ്മളെയെല്ലാം പ്രേരിപ്പിക്കുന്ന ഒന്നാണ്. അതിനെ ദൂരീകരിക്കേണ്ടതു നമ്മുടെ ചുമതലയുമാണ്.

(തുടരും)

# പ്രിയദർശിക.

(കെ. ശങ്കരപ്പിള്ള ബി. എ.)

ക്രിസ്താബ്ദം 7-ാം ശതവർഷത്തിന്റെ മദ്ധ്യത്തിനു മുമ്പായി ജീവിച്ചിരുന്ന കന്യാകുബ്ജരാജാവായ ഹർഷവർദ്ധനന്റെ കൃതിയാണ് "പ്രിയദർശിക" എന്ന നാടിക. "നാടിക"യ്ക്കു "നാടക"ത്തിൽനിന്നും വ്യത്യസ്തങ്ങളായ ചില പ്രത്യേകതകൾ ഉണ്ടായിരിക്കണമെന്ന് നാട്യശാസ്ത്രം നിഷ്കർഷിച്ചിട്ടുണ്ട്. നാടികയിലെ കഥാവസ്തു സ്വകപോലകല്പിതം തന്നെ ആയിരിക്കണം. നാലങ്കത്തിൽ കൂടുതൽ പാടില്ല. സ്ത്രീകളായ കഥാപാത്രങ്ങൾ ധാരാളം ഉണ്ടായിരിക്കണം. നായകൻ ധീരലളിതനും, നായിക ഒരു രാജപുത്രിയും ആയിരിക്കണം. ഹൃദ്യകല്യാണിപുണയായ നായികക്ക് നായകാന്തഃപുരത്തിൽ അജ്ഞാതവാസവും, നായകന്റെ പ്രധാനപത്നിയിൽനിന്ന് ഈർഷ്യാനുഭവവും സിദ്ധിക്കണം. ഒടുവിൽ ആ പ്രധാനപത്നിയുടെ അനുമതിയോടുകൂടി നായകനായികാവിവാഹം നിവൃത്തമാകയും വേണം. ഇങ്ങനെയുള്ള ലക്ഷണങ്ങൾ കൊണ്ടുതന്നെ നാടിക, നാടകത്തേക്കാൾ പൊതുവേ ശൃംഗാരപ്രചുരമായിരിക്കണമെന്ന് സിദ്ധിക്കുന്നുണ്ടല്ലോ. അതിനാൽ ശൃംഗാരോചിതമായിട്ടുള്ള "കൈശികീ"വൃത്തിയെ നാടിക സ്വീകരിക്കേണ്ടതാണെന്നുകൂടി, നാട്യശാസ്ത്രം നിയമനം ചെയ്യുകാണുന്നു. "കൈശികീ"വൃത്തിയെന്നാൽ,'വേഷരസികത്വം--സ്ത്രീബഹുലത്വം—സംഗീതനൃത്താദികലാപ്രയോഗം—സുഖാനുഭോഗസന്ദർഭം ഇവകളെക്കൊണ്ട് ഹൃദയാകർഷകത വരുത്തിക്കൊള്ളുന്ന വശ്യസമ്പ്രദായമെന്നെ അർത്ഥമുള്ളൂ.

പ്രിയദർശികയെപ്പോലെയുള്ള മറ്റൊരു നാടികയും, ഹർഷവർദ്ധനൻ രചിച്ചിട്ടുണ്ട്. ഇതാണ് "രത്നാവലി." ഇച്ചൊന്ന രണ്ടു നാടികകളിലേയും കഥാരീതി ഏറെക്കുറെ ഒന്നുതന്നെ. സിംഹളരാജാവായ വിക്രമബാഹുവിന്റെ പുത്രി രത്നാവലി കപ്പൽനാശത്തിൽനിന്നും രക്ഷപ്പെട്ട്, വത്സരാജാവിന്റെ രാജധാനിയിൽ ചെന്ന് ഒരു ഭൃത്യയുടെ നിലയിൽ താമസിച്ച് ഒടുവിൽ രാജപത്നിയായ വാസവദത്തയുടെ അനുമതിയോടുകൂടി വത്സരാജാവുമായുള്ള വിവാഹം നടന്നുകൂടുന്നതാണ് രത്നാവലിയിലെ കഥ.

ഇതിനുംപുറമെ ഹർഷവർദ്ധനൻ "നാഗാനന്ദം" എന്നൊരു നാടകവും കൂടി രചിച്ചിട്ടുണ്ട്. ബുദ്ധമതവിശ്വാസപ്രകാരമുള്ള ത്യാഗശീലത്തെയാണ് പ്രസ്തുത നാടകകഥ ഉദാഹരിക്കുന്നത്.

പ്രിയദർശിയിലും രത്നാവലിയിലും ഒരേ പ്രസ്താവനയാണു കാണ്മാ

നുള്ളതു്. രണ്ടിന്റേയും ഭരതവാക്യങ്ങൾ ഒരേ പദ്യമാണു്. പ്രിയദശികയിലെ ചില പദ്യങ്ങൾ യാതൊരു വ്യത്യാസം കൂടാതെ നാഗാനന്ദത്തിൽ കാണ്മാനുണ്ടു്. എന്നുവേണ്ട, ഭാഷാരീതിയിലും ശൈലിപ്രയോഗങ്ങളിലും രംഗവിധാനങ്ങളിലും ഈ മൂന്നു രൂപകങ്ങൾക്കു തമ്മിൽ കാണുന്ന സാദൃശ്യബാഹുല്യംകൊണ്ടു് ഇവ ഒരാളിന്റെ കൃതിയെന്നു അനിരാക്ഷേപമായ് സമർത്ഥിക്കാം.

ഗുപ്തസാമ്രാജ്യത്തിന്റെ വിനാശത്തിൽ പിന്നീട്, ഉത്തരഇൻഡ്യയിൽ ഒരു ഹൈന്ദവരാഷ്ട്രം സ്ഥാപിച്ച "പ്രഭാകരവദ്ധന"ന്റെ പുത്രനാണ് "ഹഷവദ്ധനൻ." താനേഷ്വര"മായിരുന്ന പിതാവിന്റെ ചെറിയ രാജ്യം. സമീപരാജ്യങ്ങൾ പിടിച്ചടക്കി അദ്ദേഹം, തന്റെ രാഷ്ട്രശക്തിയെ വദ്ധിപ്പിച്ചു. പിതാവിന്റെ കാലശേഷം ഹഷന്റെ ജ്യേഷ്ഠനായ രാജ്യവദ്ധനൻ തൽസ്ഥാനാരൂഢനായി. ഇവരുടെ ഏകസോദരിയായ രാജ്യശ്രീയുടെ ഭത്താവായ കന്യൂജ് രാജാവിനെ മാളവാധിപൻ കൊന്നതിന്റെ ശേഷം, സോദരിയെ ബന്ധനത്തിലാക്കിയിരിക്കുന്നു എന്നറിഞ്ഞു്, രാജ്യവദ്ധനൻ മാളവാധിപനെ അവിടെച്ചെന്നു തോല്പിച്ചു. എന്നാൽ മാളവാധിപന്റെ മിത്രമായ ഗൌഡശൻ (Central Bengal) രാജ്യവദ്ധനനെ ചതിച്ചു് കൊന്നുകളഞ്ഞതിനാൽ ഹഷവദ്ധനൻ പതിനാറാമത്തെ വയസ്സിൽ രാജ്യഭാരമേൾക്കേണ്ടിവന്നു. സ്വവിധവാസഹോദരിയായ രാജ്യശ്രീയെ വിന്ധ്യാടവിയിൽ ചെന്നു തേടിപ്പിടിച്ചു് കൊണ്ടുവരികയായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ കൃത്യം. ഈ വിധവയാകട്ടെ, അതിൽപിന്നെ ബുദ്ധമതസന്ന്യാസിനിയായിത്തീന്നു്, എപ്പോഴും ഹർഷനെ രാജ്യകാര്യനിവ്വഹണങ്ങളിൽ ഉപദേശിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ കൂടെ താമസിച്ചു. ഹർഷവദ്ധനൻ മാളവാധിപന്റെ മേൽ പ്രതീകാരം നിവ്വഹിച്ചു് ആ രാജ്യവും പിടിച്ചടക്കി തെക്കു് നമ്മദാപര്യന്തം തന്റെ രാജ്യപരിധിയെ വദ്ധിപ്പിച്ചു.

ചീനരാജ്യത്തെ ബുദ്ധസന്ന്യാസിയായ ഹ്യൂൻസ്സാങ്ങ്. ഇദ്ദേഹത്തിന്റെ രാജധാനിയിൽ 8 വർഷത്തോളം താമസിച്ചു. നളന്ദാവിദ്യാലയം അഭിവൃദ്ധിയിൽ വന്ന കാലവും ഇതുതന്നെ. ചീനന്റേയും സ്വസോദരിയുടേയും പ്രേരണനിമിത്തം ഹർഷവദ്ധനൻ ഒടുവിൽ ബുദ്ധമതം സ്വീകരിച്ചപ്പോഴാണ് നാഗാനന്ദം നാടകം രചിച്ചതു്. ഹിന്ദുക്കളേയും ജയിനന്മാരേയും ബുദ്ധമതസ്ഥരേയും അദ്ദേഹം ഒരുപോലെ അനുകൂലിക്കയും അതാതു മതസ്ഥാപനങ്ങൾക്കുവേണ്ടി അനവധി ദ്രവ്യം നൽകുകയും ചെയ്തിട്ടുണ്ടു്.

ഇതിനുംപുറമെ ഇദ്ദേഹം സ്വതഃ ഒരു സാഹിത്യകാരനായിരുന്നതുകൊണ്ടു് അനേകം കവികളെ കൂടെ താമസിപ്പിച്ചു് പ്രോത്സാഹിപ്പിച്ചു

വന്നു. ഇക്കൂട്ടത്തിൽ പെട്ട "ബാണ"കവിയുടെ ഹർഷചരിതം ഗദ്യപ്രബന്ധത്തിൽ, ഈ രാജാവിന്റെ ചരിത്രം ഉൽകൃഷ്ടമാംവണ്ണം രേഖപ്പെടുത്തിക്കാണുന്നു. "മയൂരൻ", "ധാവകൻ" എന്നീ കവികളും ഈ ഹർഷരാജധാനിയിൽ അധിവസിച്ചവരായിരുന്നു.

ഹർഷരാജനല്ല ഈ നാടകങ്ങളുടെ രചിതാവ് എന്നും പക്ഷാന്തരമുണ്ട്. ക്രിസ്ത്വാബ്ദം 12-ാം ശതാബ്ദത്തിൽ വർത്തിച്ച "മമ്മട"ന്റെ കാവ്യപ്രകാശത്തിലെ "ശ്രീഹർഷാദേർധാവകാദീനാമിവധനം" എന്നുള്ള വാക്യത്തെക്കുറിച്ചുള്ള വ്യാഖ്യാനഭേദമാണു് ഈ പക്ഷാന്തരപ്രചാരത്തിനു കാരണം. ധാവകകവി ചില നാടകങ്ങൾ എഴുതി ഹർഷരാജാവിന്റെ പേരുവച്ചു് പ്രസിദ്ധപ്പെടുത്തിയതിനാൽ രാജാവ്, ഇക്കവി മുതൽപേർക്ക് വളരെ ധനം കൊടുത്തു എന്നാണ് ഈ വാക്യംകൊണ്ടു മമ്മടൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് ഒരു വ്യാഖ്യാതാവു പറഞ്ഞിട്ടുണ്ട്. എന്നാൽ, ശ്രീഹർഷൻ ധാരാളം ധനംകൊടുത്തു് ധാവകാദികവികളെ പ്രോത്സാഹിപ്പിച്ചു എന്നു മാത്രമേ ഈ വാക്യത്തിന്നു് അർത്ഥമുള്ളൂ. ഇപ്രകാരം അയോഗ്യമായ പ്രസിദ്ധിയിൽ രാജാവിന്നു താല്പര്യമുണ്ടായിരുന്നുവെങ്കിൽ, ഈ കവികളിൽ അഗ്രഗണ്യനായ ബാണന്റെ സുപ്രസിദ്ധമായ കാദംബരി എന്ന ഗദ്യകാവ്യത്തെ തന്റേതാക്കി പ്രസിദ്ധീകരിക്കാൻ രാജാവായ ഹർഷവർദ്ധനന് ഒരു പ്രയാസവും ഉണ്ടായിരുന്നിരിക്കാനിടയില്ല. ഇക്കാരണങ്ങളാൽ മൂന്നു രൂപകങ്ങളുടേയും രചിതാവ് ഹർഷവർദ്ധനരാജാവു തന്നെയാണെന്നുള്ള മതമത്രേ ഇപ്പോൾ വാദകോടിയിൽ സുസ്ഥിരമായ് ഭവിച്ചു കാണുന്നതു്.

ഒരു രൂപകനിർമ്മാതാവെന്ന നിലയിൽ "ഭാസൻ" "കാളിദാസൻ" "ഭവഭൂതി' എന്നീ ഒന്നാംകിടക്കാർ കഴിഞ്ഞാൽ പിന്നെ ഹർഷദേവനാണ് അടുത്ത പടിയിൽ നില്ക്കുന്നതു്. പ്രിയദർശികയിലെ കഥാബന്ധചാതുര്യവും ഭാഷാസാരള്യവും ഈ അഭിപ്രായത്തെ സാധൂകരിക്കുന്നു. കാളിദാസന്റെ കഥാനിബന്ധനരീതിയെ ഹർഷവർദ്ധനൻ അനുകരിച്ചിട്ടുണ്ടെന്നും പ്രിയദർശികകൊണ്ടു കാണാം.

പ്രിയദർശികയിലെ ഇതിവൃത്തം "ഗുണാഢ്യ"ന്റെ 'ബൃഹൽകഥ' യിൽ കാണുന്ന ഉദയനന്റെ ചരിത്രാംശമാണ്. ക്രിസ്ത്വാബ്ദം 1-ാം ശതവർഷത്തിൽ ജീവിച്ചിരുന്ന ഈ ഗുണാഢ്യന്റെ ബൃഹൽകഥ, ഇൻഡ്യയിൽ വളരെ പ്രാചീനകാലം മുതല്ക്കേ പ്രചാരപ്രചുരമായിരുന്ന അനവധി കഥകളുടെ ഒരു സമുച്ചയംതന്നെ ആയിരുന്നിരിക്കണം. അതുകൊണ്ടു്, അതിൽപിന്നെ ഉണ്ടായിട്ടുള്ള ഗ്രന്ഥകാരന്മാർ പലരും, ഈ ബൃഹൽകഥയിൽനിന്നും ഓരോരോ കൃതികൾക്കു പററിയ സംഭവങ്ങളെ അതാതിന്റെ ഇതിവൃത്തങ്ങളായി സ്വീകരിച്ചു കാണുന്നു. ഗുണാഢ്യന്റെ കാലത്തിന്നു് എത്രയോ മുമ്പു ജീവിച്ച ഭാസൻ (സ്വപ്നവാസവദത്താ-പ്രതിജ്ഞായൗഗ

ഗന്ധരായണനം) എന്ന തന്റെ രൂപകങ്ങൾക്ക് ഉദയനകഥയെ ഇതിവൃത്തമായി സ്വീകരിച്ചു കാണുന്നതിൽ നിന്നും ഗുണാഢ്യന്റെ കാലത്തിന് എത്രയോ മുമ്പുതന്നെ ഇൻഡ്യയിൽ ഈ കഥകൾക്കുണ്ടായിരുന്ന പ്രചാരാധിക്യം ഊഹ്യമായിരിക്കുന്നു. കാളിദാസൻ തന്റെ "മേഘദൂതിലും" ശൂദ്രകൻ തന്റെ "മൃച്ഛകടിക"ത്തിലും ഉദയനകഥയെപ്പററി പ്രസ്താവിക്കുന്നുണ്ട്. 'വാസവദത്ത' എന്ന സുബന്ധുവിന്റെ ഗദ്യപ്രബന്ധത്തിലെ കഥാസംഭവങ്ങൾക്ക് ചില വ്യത്യാസമുണ്ടെങ്കിലും നായികാനാമവും കഥാഗതിയും ഇതേവിധംതന്നെ. ക്രിസ്ത്വബ്ദം 11-ാംശതവർഷത്തിലെ സോമദേവഭട്ടന്റെ "കഥാസരിൽസാഗരവും" ക്ഷേമേന്ദ്രന്റെ "ബൃഹൽകഥാമഞ്ജരി"യും മുൻചൊന്ന ബൃഹൽകഥയുടെ സംക്ഷിപ്തപരിവർത്തനങ്ങൾ തന്നെയാകുന്നു. പ്രാകൃതഭാഷയിൽ രചിക്കപ്പെട്ട ബൃഹൽകഥാഗ്രന്ഥം തന്നെയും ഇപ്പോൾ നാമാവശേഷമായിത്തീർന്നിരിക്കുന്നു. അതിനാൽ ഈ കഥകളുടെ പ്രകൃതമറിവാൻ കഥാസരിൽസാഗരവും ബൃഹൽകഥാമഞ്ജരിയും മാത്രമെ ശേഷിക്കുന്നുള്ളു.

പാണ്ഡവവംശജാതനായ ഉദയനൻ, കൌശാംബിയിലെ രാജാവായിരുന്നു. അയൽരാജ്യമായ ഉജ്ജയിനിയിലെ രാജാവായ ചണ്ഡമഹാസേനൻ, ഉദയനനെ ചതിപ്രയോഗത്താൽ ബന്ധനസ്ഥനാക്കി, തന്റെ രാജധാനിയിൽകൊണ്ടുവന്നു. ബന്ധനസ്ഥനെങ്കിലും സംഗീതകലാവിദഗ്ദ്ധനായ ഉദയനനെക്കൊണ്ട് ചണ്ഡമഹാസേനപുത്രിയായ വാസവദത്തയെ വീണവായന പഠിപ്പിക്കാൻ ഉദയനമന്ത്രിയായ യൌഗന്ധരായണൻ ഉജ്ജയിനിരാജാവിനോട് ഏർപ്പാടുചെയ്തു. ഈ മന്ത്രിയുടെ തുടർന്നുള്ള കൌശലപ്രയോഗങ്ങളാൽ വാസവദത്തയേയുംകൊണ്ട് ഉദയനൻ സ്വരാജ്യത്തെത്തി ആ രാജപുത്രിയെ വിവാഹംചെയ്തു. ഉദയനന്റെ ഈ വിവാഹകഥ പ്രിയദർശികയിലെ അന്തർന്നാടകത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ ഈ ഉദയനൻ "ബന്ധുമതി" എന്ന പേരായ മറെറാരു രാജകുമാരിയെ ഗാന്ധർവ്വമായി വിവാഹം ചെയ്തതായും അക്കാര്യത്തിൽ വാസവദത്തക്ക് തോന്നിയ ഈർഷ്യ സഖാവായ വസന്തകന്റെയും രാജ്ഞിയുടെ തോഴിയും സന്യാസിയുമായ സാംകൃത്യായനിയുടേയും സഹായത്താൽ ക്രമേണ അസ്തമിക്കയാൽ വാസവദത്തയുടെ അനുവാദത്തോടുകൂടി ഉദയനന്റെ ഈ വിവാഹം ഒടുവിൽ നടന്നുകൂടിയതായും കഥാസരിൽസാഗരത്തിൽ വിവരിച്ചു കാണുന്നുണ്ട്. ബൃഹൽകഥയിലും കണ്ടിരിക്കാനിടയുള്ള ഈ ശുഷ്കകഥാംശത്തെയാണ് ഹർഷവർദ്ധനൻ ഇപ്രകാരം പുഷ്കലിപ്പിച്ചു നാടികയാക്കിച്ചമച്ചിട്ടുള്ളതു്. ഹർഷന്റെ കഥാനിബന്ധനാചാതുര്യത്തിന് ഈ ഒററസംഗതി തന്നെ മതിയായ തെളിവാണല്ലോ.

# * സൂൎയ്യന്റെ ശക്തി.

(ആർ ഈശ്വരപിള്ള ബി. ഏ.)

ഒരു നാഴികമണിയുടെ സൂചികളെ വലിപ്പിക്കുന്ന ശക്തി ആ മണിക്ക് താക്കോൽകൊടുക്കുന്ന ഹസ്തത്തിൽനിന്നും ലഭിക്കുന്നു എന്നുള്ളത് എത്ര പരമാൎത്ഥമൊ, അതുപോലെ തന്നെ സകല ഭൗമശക്തികളും സൂൎയ്യനിൽനിന്നുത്ഭവിക്കുന്നുവെന്നുള്ളതും അത്രത്തോളം പരമാൎത്ഥമാകുന്നു. അഗ്നിപൎവ്വതങ്ങളുടെ ഉൽഘട്ടനത്തേയും സമുദ്രത്തിലെ വേലിയേററം ഇറക്കം ഇവകളേയും ഒഴിച്ചാൽ പിന്നെ ഭൂമിയുടെ പൃഷ്ഠഭാഗങ്ങളിലുള്ള സകല യാന്ത്രികശക്തികളും സകല സാവയവവും നിരവയവവും സചേതനവും അചേതനവുമായ ശക്തികളുടേയും പ്രത്യക്ഷീകരണവും സൂൎയ്യനാൽതന്നെ ഉല്പാദിപ്പിക്കപ്പെടുന്നു. സൂൎയ്യന്റെ ഉഷ്ണം സമുദ്രത്തെ ജലമയമായും അന്തരീക്ഷത്തെ ദ്രാവകമായും സംരക്ഷിക്കുന്നു. ഇവ രണ്ടിനേയും ഇളക്കിമറിക്കുന്ന വൻകാററുകളും സൂൎയ്യന്റെ യാന്ത്രികശക്തിയാൽ ഉദ്ധൂതങ്ങളാക്കപ്പെടുന്നു.

സൂൎയ്യൻ നദികളേയും ഹിമപാതങ്ങളേയും പൎവ്വതങ്ങളുടെ ഉപരിഭാഗത്തേക്ക് ഉയൎത്തുന്നു. തന്മൂലം ഗിരിനിൎഝരങ്ങളും ഹിമസംഹതികളും ആ ഗോളത്തിൽനിന്നും നേരിട്ടു ലഭിച്ച ശക്തികൊണ്ട് കീഴ്പോട്ടു അതിവേഗത്തിൽ പതിക്കുന്നു. ഇടിയും മിന്നലും സൂൎയ്യനിൽനിന്നും പ്രേഷിതങ്ങളായ ശക്തിഭേദങ്ങളാണ്. ജ്വലിക്കുന്ന അഗ്നിയും പ്രകാശിക്കുന്ന ജ്വാലയും ആദ്യമേ സൂൎയ്യാസ്പദമായിരുന്ന ചൂടും വെളിച്ചവും നമുക്ക് വിതരണം ചെയ്യുന്നു.

ഇക്കാലത്ത്, ദൌൎഭാഗ്യം നിമിത്തം യുദ്ധവൎത്തമാനം നമുക്ക് സുപരിചിതമായിട്ടുണ്ടല്ലൊ. എന്നാൽ അവിടെക്കാണുന്ന എല്ലാവിധ ബലപ്രയോഗങ്ങളും സൂൎയ്യന്റെ യാന്ത്രികശക്തിയുടെ ധാൎമ്മികമൊ അഥവാ അധാൎമ്മികമൊ ആയ വിനിയോഗമാകുന്നു. സൂൎയ്യൻ യുദ്ധത്തിൽ കാഹളം മുഴക്കുന്നു. അസ്ത്രാദികളെ ത്വരിതപ്പെടുത്തുന്നു. അഗ്നിഗോളത്തെ പൊട്ടിക്കുന്നു. ഇതൊന്നും കേവലം കവിതയല്ല, പിന്നെ അപ്രതിഷേധ്യമായ ഭൗതികതത്വമാകുന്നു എന്നോൎമ്മിക്കണം.

സൂൎയ്യൻ സസ്യലോകത്തെ മുഴുവനും തദ്വാരാ ജീവലോകത്തേയും പോഷിപ്പിക്കുന്നു. വയലുകളിൽ വളരുന്ന ലില്ലിച്ചെടിയും സൂൎയ്യന്റെ കരകൗശലഫലമാണ്. അതുപോലെതന്നെ ശ്യാമായമാനങ്ങളായ ശാദ്വല

* William Tyndall

ങ്ങളും കുന്നുകളിൽ മേയുന്ന ഗോക്കളും സൂൎയ്യനാൽ സുരക്ഷിതങ്ങളാണ്. സൂൎയ്യൻ മാംസപേശികളെ സൃഷ്ടിക്കുന്നു. രക്തത്തെ ചുററി ചലിപ്പിക്കുന്നു. മസ്തിഷ്കത്തെ പണിചെയ്യുന്നു. സിംഹത്തിൻെറ പാദത്തിൽ കാണുന്ന വേഗതയും സൂൎയ്യൻേറതാണ്. പുലിയുടെ ചാട്ടവും കഴുകൻെറ ഉൽപതനവും പാമ്പിൻെറ ഇഴച്ചിലും സൂൎയ്യശക്തികൊണ്ടുണ്ടാകുന്നു. സൂൎയ്യൻ വനങ്ങളെ നിൎമ്മിക്കയും പിന്നെ വെട്ടിത്തെളിക്കയും ചെയ്യുന്നു. വൃക്ഷത്തെ വളൎത്തുന്നതും കോടാലിയെ വഹിക്കുന്നതും ഈ ഒരേ ശക്തിതന്നെയാണ്. കളകൾ കിളുൎക്കുകയും കുസുമിക്കയും ചെയ്യുന്നതും കൊയിത്തുകാരൻെറ അരിവാൾ വീശുന്നതും ഈ ഒരേ ശക്തിയുടെ വ്യാപാരംകൊണ്ടു തന്നെയാണ്. നമ്മുടെ ഖനികളിൽനിന്നു ലോഹങ്ങൾ കുഴിച്ചെടുക്കുന്നതും ഇരുമ്പിനെ ചുരുളുകളായി ചുരുട്ടുന്നതും ഇരുമ്പുപലകകളെ കൂട്ടി തറയ്ക്കുന്നതും വെള്ളത്തെ തിളപ്പിക്കുന്നതും തീവണ്ടിയെ വലിക്കുന്നതും എല്ലാം സൂൎയ്യൻ തന്നെയാണ്.

സൂൎയ്യൻ പഞ്ഞിയെ ഉണ്ടാക്കുകതന്നെയല്ല നൂലു നൂല്ക്കുകയും വസ്ത്രം നെയ്യുകയും ചെയ്യുന്നു. എവിടെയെങ്കിലും ഒരു കൊട്ടുവടിയെ ഉയൎത്തുകയൊ ഒരു ചക്രത്തെ തിരിക്കയൊ ഒരു വായ ഖണ്ഡിനെ എറിയുകയൊ ചെയ്യുന്നുണ്ടെങ്കിൽ അങ്ങിനെ ഉയൎത്തുകയും തിരിക്കുകയും എറിയുകയും ചെയ്യുന്നതു് സൂൎയ്യൻതന്നെയാണ്. സൂൎയ്യൻെറ ശക്തിയെ നിരൎഗ്ഗളമായി ആകാശത്തിലേക്ക് പ്രവഹിപ്പിക്കുന്നു. എന്നാൽ നമ്മുടെ ഈ ലോകം ഈ ശക്തിയെ നിയന്ത്രിക്കുന്ന ഒരു വിശ്രമസ്ഥലം മാത്രമാണ്. ഇവിടെ ഈ വിവിധവേഷധാരി തൻെറ ജാലവിദ്യകളെ പ്രയോഗിക്കുന്നു. ഈ ഒരേ സൂക്ഷ്മവസ്തു സംഖ്യാതീതമായ രൂപവും വൎണ്ണവും ധരിക്കുന്നു. ഒടുവിൽ അതിൻെറ മിക്കവാറും രൂപമില്ലാത്ത രൂപമായിത്തന്നെ പരിണമിക്കുന്നു. സൂൎയ്യൻ ഉഷ്ണരൂപേണ നമ്മുടെ അടുക്കൽവരുന്നു. ഉഷ്ണരൂപത്തിൽതന്നെ നമ്മെ വിട്ടു പോകുന്നു. സൂൎയ്യൻെറ ആഗമനത്തിനും വിയോഗത്തിനും മദ്ധ്യെ നമ്മുടെ ഈ ഭൂമിയിലുള്ള ബഹുരൂപമായ ശക്തികൾ പ്രത്യക്ഷപ്പെടുന്നു. ഇവയെല്ലാം സൗരശക്തിയുടെ പ്രത്യേകരൂപങ്ങളാണ്. അതായതു് ആ ശക്തിയുടെ ഉല്പത്തിസ്ഥാനത്തിൽനിന്നും അനന്തമായ ആകാശത്തിലേക്ക് പ്രവഹിക്കുന്നതിനിടക്കു തല്ക്കാലത്തേക്കു മാത്രം ഗ്രഹിക്കുന്ന കരുക്കൾ മാത്രമാണ്.

# അദ്ധ്യാപകസമാജം.

(സി. ജി. അനന്തൻപിള്ള ബി. എ.)

ഈ വിഷയത്തെപ്പററി കഴിഞ്ഞ കക്കടകം ലക്കം 'ഗുരുനാഥ'നിൽ അദ്ധ്യാപകന്മാക്ക് ഒരു ഉൽബോധനരൂപേണ ഞാൻ ഒരു ചെറിയ ലേഖനം എഴുതിയിരുന്നു. മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ഉന്നമനത്തെ ഉദ്ദേശിച്ചു മാത്രമാണ് ഞാൻ അപ്രകാരം എഴുതിയതു്. എന്നാൽ ആ ലേഖനത്തിലെ പല ഭാഗങ്ങളും തെററിധരിച്ചു് ചില പുതിയ വ്യാഖ്യാനങ്ങളോടും, ചില പ്രത്യേക അഭിപ്രായങ്ങളോടുംകൂടി മി: എസ്സ്. ശങ്കരവാരിയർ അതിനെ എതിത്തുകൊണ്ട് കഴിഞ്ഞ ചിങ്ങംലക്കം 'ഗുരുനാഥ'നിൽ ഒരു ലേഖനം എഴുതിയിരുന്നതു് മാന്യവായനക്കാർ കണ്ടിരിക്കുമല്ലോ. ഈ പ്രകാരം അഭിപ്രായവ്യത്യാസം രേഖപ്പെടുത്തേണ്ടി വന്നതിൽ എനിക്ക് ഒരു പ്രകാരത്തിൽ സന്തോഷവും മറെറാരു പ്രകാരത്തിൽ സന്താപവുമുണ്ട്. വിദ്യാഭ്യാസസംബന്ധമായ നല്ലനല്ല ലേഖനങ്ങൾ എഴുതുവാൻ പ്രാപ്തനായ അദ്ദേഹത്തെ വളരെനാളായി പിടികൂടിയിരുന്ന 'മടി'യിൽ നിന്നും തട്ടിയുണത്തുവാൻ സാധിച്ചുവെന്നുള്ളതാണ് സന്തോഷത്തിനു കാരണം. അദ്ദേഹം സമത്ഥനായ ഒരു അദ്ധ്യാപകനും, സാമാന്യം ഭരണനൈപുണ്യമുള്ള ഒരു ഹെഡ് മാസ്റ്ററും, ഉൽകൃഷ്ടാദർശങ്ങളും ഉത്തമസ്വഭാവവുമുള്ള ഒരു മാന്യനുമാണ്. പള്ളിക്കൂടം ജോലികളിൽ ബദ്ധശ്രദ്ധനായ അദ്ദേഹം വർഷാവസാനത്തിൽ കുട്ടികളോട്ട് യാത്ര പറയുന്ന അവസരത്തിൽ, അതു് തന്റെ ജോലിക്കു വിഘ്നമായി ഭവിച്ചെങ്കിലോ എന്നുകരുതി ബോർഡിൽ എല്ലാവരോടുമായി **"Good by"** എന്നു് എഴുതിവയ്ക്കുന്ന ഒരു കണിശക്കാരനാണ് എന്നു് അദ്ദേഹത്തെ സംബന്ധിച്ചു് ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. ഈപ്രകാരം പള്ളിക്കൂടം കാര്യങ്ങളിൽ ശ്രദ്ധാലുവും കൃതനിശ്ചയനുമായ അദ്ദേഹവുമായി ഒരു വാദപ്രതിവാദം ചെയ്യേണ്ടിവന്നതിലും അദ്ദേഹത്തിന്റെ ചില അഭിപ്രായങ്ങളെ വിമർശിക്കേണ്ടി വന്നതിലും എനിക്കു സന്താപവുമുണ്ട്.

അദ്ധ്യാപകസമാജം വേണ്ടെന്നു ഞാൻ പറഞ്ഞിട്ടില്ല. പ്രത്യുത വേണമെന്നു തന്നെയാണു ഞാൻ പറഞ്ഞിട്ടുള്ളതു്. എന്നാൽ "സമാജങ്ങൾക്കു പ്രാധാന്യം കല്പിച്ചതോടുകൂടി വ്യക്തിമാഹാത്മ്യത്തിന് ഇടിവു തട്ടിത്തുടങ്ങിയിട്ടുണ്ടെന്നു് അഭിപ്രായപ്പെടുന്നവർ ധാരാളമുണ്ട്" എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. ആ അഭിപ്രായം ഇവിടെ പറഞ്ഞുവെന്നേയുള്ളു. സ്വതന്ത്രചിന്തകന്മാരായ വ്യക്തികൾപോലും കൂട്ടംകൂടുമ്പോൾ തന്റെ അഭിപ്രാ

യത്തിൽനിന്നും വ്യത്യസ്തമായതൊ, വിപരീതമായതൊ ആയ സമാജാഭിപ്രായത്തിന് വഴിപ്പെട്ടുപോകാറുള്ളതു് നാം സാധാരണ കണ്ടുവരാറുള്ളതാണ്. തന്റെ അഭിപ്രായമാണ് ശരിയെന്ന് അവക്ക് ഉറച്ച വിശ്വാസമുണ്ടെങ്കിലും അവരും ഭൂരിപക്ഷത്തിനു വിധേയരായി വ്യക്തിമാഹാത്മ്യത്തിന് കുറവുവരുത്തുന്നു. ഒററക്കിരിക്കുമ്പോൾ ഉണ്ടാകാവുന്ന മനസ്ഥിതിയിൽനിന്നും പലപ്പോഴും മോശമാണ് കൂട്ടംകൂടുമ്പോൾ വന്നുകൂടുന്നതെന്ന് ചില മനശ്ശാസ്ത്രജ്ഞന്മാരും പറയുന്നുണ്ട്. ചിലപരിഷ്കൃതമനസ്കന്മാരായ വ്യക്തികളുടെ പ്രത്യേകാഭിപ്രായങ്ങൾ കൂട്ടത്തിലുള്ള ഭൂരിപക്ഷത്താൽ പലപ്പോഴും സങ്കുചിതമാക്കപ്പെട്ടേക്കാം. ജനക്കൂട്ടങ്ങളുടെ മനശ്ശാസ്ത്രങ്ങളെപ്പററി ലബാങ് എഴുതിയിട്ടുള്ളതിപ്രകാരമാണ്. "ഈ സാധാരണ മനസ്ഥിതികളുടെസമ്മേളനമാണ് ഒരു ജനക്കൂട്ടത്തിന് നല്ല ബുദ്ധിശക്തിയുടെ പ്രയോഗങ്ങൾ വേണ്ടിവരുന്ന തീരുമാനങ്ങൾ ചെയ്യുവാൻ പ്രായേണ സാദ്ധ്യമല്ലാതാക്കിത്തീക്കുന്നതു്. പല തുറകളിലും വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവർ കൂട്ടംകൂടി ചെയ്യുന്ന തീരുമാനങ്ങളേക്കാൾ—മറയന്മാർ കൂട്ടംകൂടി ചെയ്യുന്ന തീരുമാനങ്ങളേക്കാൾ ശ്രേഷ്ഠമായിരിക്കുകയില്ല. പ്രസ്തുതവിദഗ്ദ്ധന്മാക്ക് പൊതുവേയുള്ള സാധാരണഗുണങ്ങളെ മാത്രമെ അവക്ക് കൂട്ടത്തിനു പ്രദാനം ചെയ്യാൻ സാധിക്കയുള്ളു."

"അപ്രിയമായാലും തുറന്നുപറയാൻ മടിക്കാത്ത മി: പിള്ള അവർകളെ ഉത്സാഹിപ്പിക്കണമെന്നും അനുകരിച്ചാൽ ഉണ്ടാകുന്ന ഫലം എന്തായിരിക്കുമെന്നറിയണമെന്നും ഉള്ള മോഹം കൊണ്ടാണ് മടിയനെങ്കിലും ഞാനിതെഴുതുന്നതു്." ഇതു് മി: വാരിയരുടെ ലേഖനത്തിന്റെ മുഖവുരയിൽ കാണുന്നതാണ്. ഇതിൽകീഴിൽ വരയിട്ടിരിക്കുന്ന ഭാഗത്തിന്റെ അത്ഥം കുറെക്കൂടി വ്യക്തമാക്കി തരണമെന്നപേക്ഷ.

"തിരുവിതാംകൂറിൽ യഥാത്ഥത്തിൽ ഒരു അദ്ധ്യാപകസമാജം ഇല്ലെന്നു് പിള്ള അവർകൾ പറയുമ്പോൾ സംശയം തോന്നിയേക്കാം" എന്നു് മി: വാരിയർ പറയുന്നു. ഇവിടെ സംശയത്തിനവകാശമില്ല യഥാത്ഥത്തിൽ ഒരു അദ്ധ്യാപകസമാജമില്ല. എന്നാൽ തിരുവിതാംകൂർ ഇംഗ്ലീഷുസ്കൂൾ അദ്ധ്യാപകസമാജത്തിന്റെ കായ്യം ഞാൻ വിസ്മരിച്ചിട്ടില്ലെന്നു് എന്റെ ലേഖനത്തിലെ അനന്തരഭാഗങ്ങൾ വ്യക്തമാക്കുന്നതാണ്. "ഇംഗ്ലീഷുസ്കൂൾ അദ്ധ്യാപകന്മാരുടെ ഒരു യോഗം തിരുവനന്തപുരത്തുവച്ച് ചിലപ്പോഴെല്ലാം കൂടാറുണ്ട്. ആ സമാജംകൊണ്ട് തിരുവിതാംകൂറിലെ അദ്ധ്യാപകന്മാക്ക് പൊതുവേയൊ, വിദ്യാഭ്യാസത്തിനു പ്രത്യേകിച്ചൊ പറയത്തക്ക ഫലമൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല" എന്ന് ഞാൻ എന്റെ ലേഖനത്തിൽ എനിക്ക് ആ സമാജത്തെക്കുറിച്ചുള്ള അഭിപ്രാ

യത്തെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അദ്ധ്യാപകസമാജം എന്ന പേരു പലയിടത്തും കാണുന്നുണ്ട്. അതു് ഇപ്പോഴത്തെ ചില പത്രകാരന്മാരും, മംഗളശ്ലോകക്കാരും, മഹാകവി, യുവകവി, ഭൂതകവി, സരസകവി എന്നെല്ലാം ചില പേരുകൾ സ്വീകരിക്കുന്നതു പോലെയാണ്. "തിരുവിതാംകൂർ അദ്ധ്യാപകസമാജത്തിന്റെ പരിധി സങ്കുചിതമല്ല. ഇതിന്റെ പ്രവർത്തനം നമ്മുടെ രാജ്യമൊട്ടുക്കു് വ്യാപിപ്പിക്കാവുന്ന വിധമാണ് ഇതിന്റെ വ്യവസ്ഥകൾ." അഖിലഭാരത അദ്ധ്യാപകസംഘവും തദ്വാരാ അഖിലഏഷ്യാ വിദ്യാഭ്യാസസമാജവും അഖിലലോകഗുരുനാഥസഖ്യവുമായി ഇതു സംഘടിക്കപ്പെടുന്നതിനുള്ള ആലോചനകൾ അധികതാമസം കൂടാതെ സഫലമാകുമെന്നുള്ളതു തീർച്ചയാണ്." എന്നിങ്ങനെ വളരെ വിശാലമായ അഭിപ്രായങ്ങൾ സ്വപ്നം കണ്ടതുകൊണ്ട് ഫലമുണ്ടാകുമോ.? തിരുവിതാംകൂറിലെ വിദ്യാഭ്യാസം നിർവ്വഹിക്കുന്നതു് ഇംഗ്ലീഷുസ്കൂൾ വാദ്ധ്യാന്മാർ മാത്രമല്ലല്ലൊ. അവരുടെ മാത്രം ഒരു സംഘമുണ്ടായിരുന്നാൽ അതിന്നു് യഥാർത്ഥത്തിൽ തിരുവിതാംകൂറിലെ അനേകായിരം അദ്ധ്യാപകന്മാരുടെ പ്രാതിനിധ്യത്തിനവകാശമുണ്ടോ.? ഇംഗ്ലീഷുസ്കൂൾ അദ്ധ്യാപകന്മാർ തന്നെ അതിൽ 100-ന് 25 വീതമെങ്കിലും ചേർന്നിട്ടുണ്ടോ.? ആ സമാജം ഇതേവരെവായി എന്തു പ്രവർത്തിച്ചിട്ടുണ്ട്.? ഇത്രവളരെ കൊല്ലം അതു നടത്തിയിട്ടു് മലയാളംസ്കൂൾകാർക്ക വേണ്ടി എന്തെല്ലാം ആ സമാജത്തിനു ചെയ്യാൻ സാധിച്ചു എന്നറിയാൻ കൌതുകമുണ്ട് ? വിദ്യാഭ്യാസപരമായിത്തന്നെ അവർ എന്തു സാധിച്ചിട്ടുണ്ട്.? ലോകത്തിലുള്ള അദ്ധ്യാപകസംഘങ്ങളുമായി ഘടിപ്പിക്കാൻ പോകുന്നു എന്നുവച്ചു് അതിനു മാഹാത്മ്യം കൂടുമെന്നു തോന്നുന്നില്ല. വിദ്യാഭ്യാസവകുപ്പിന്റെ ഒരു ഭാഗം മാത്രം ഇങ്ങനെ ചെയ്താൽ അതുകൊണ്ടു പ്രയോജനമെന്താണ്.? അഖിലലോകഗുരുനാഥസഖ്യവുമായി സംഘടിച്ചാൽ മോക്ഷം ലഭിക്കുമെന്നു സ്വപ്നം കാണുന്നതു് ഓരോ രാജ്യക്കാരും യുദ്ധസാമാനങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടു് നിരായുധീകരണം സാധിക്കാമെന്നു വിചാരിക്കുന്നതു പോലെയാണ്. ആദ്യമായി ഈ അദ്ധ്യാപകസംഘം ഇവിടെ വല്ലതും പ്രവർത്തിക്കുകയാണു വേണ്ടതു്. സഹോദരന്മാരും സാധുക്കളും ആയ മലയാളംസ്കൂൾ അദ്ധ്യാപകന്മാർ കേവലം അർദ്ധപട്ടിണിക്കാരായി, വെറും പത്തു രൂപാക്കാരായി, അസ്ഥിമാത്രന്മാരായി, അനാഥരായി കഴിഞ്ഞിരുന്ന ആ ദയനീയമായ കാലത്തു് അവരെ അപേക്ഷിച്ചു് സുഖിമാന്മാരായി, സ്ഥൂലകായന്മാരായി കഴിയുന്ന ഈ ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകസമാജക്കാർ അവർക്കുവേണ്ടി ഒരിക്കലെങ്കിലും, ഒരു തുള്ളി കണ്ണുനീരെങ്കിലും വീഴ്ത്തിയിട്ടുണ്ടോ.? അതിൽപിന്നീട് മലയാളം സ്കൂളുകാർ ശമ്പളക്കൂടുതലിന് പ്രക്ഷോഭണം തുടങ്ങിയ കാലത്തു് ഈ പ്രബുദ്ധസഭക്കാർ എന്തെങ്കിലും ശബ്ദിച്ചോ.? അക്കൂട്ടരെ അനർഹ

മായി ശിക്ഷിച്ച കാലത്തെങ്കിലും ഇക്കൂട്ടർ അനങ്ങിയോ.? മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യത്തിൽ വെറും സഹതാപമെങ്കിലും ഇക്കൂട്ടർ ഇതുവരെ പ്രദർശിപ്പിച്ചിട്ടുണ്ടോ.? ഇംഗ്ലീഷ്സ്കൂൾസമാജം സ്ഥാപിച്ച കാലം മുതൽ അതിൻെറ സ്ഥാപകന്മാരിൽ ഒരാളായ സുപ്രസിദ്ധ അദ്ധ്യാപകൻ മി: രാമവർമ്മതമ്പാൻ അവർകൾ ആ സംഘത്തെക്കുറിച്ചും അതിൽ അദ്ധ്യാപകന്മാർ ചെയ്യേണ്ടതിനെക്കുറിച്ചും ഈ മാസികയിൽ ഒന്നുരണ്ടു തവണ പ്രതിപാദിച്ചിട്ടുണ്ട്. എന്നിട്ടും ഫലമുണ്ടാകാത്തതു് അതിൻെറ നടത്തിപ്പിലുള്ള വിശ്വാസക്കുറവുകൊണ്ടല്ലെ.? മി: തമ്പാനു തന്നെ അതിൽ ഇപ്പോൾ വലിയ ബഹുമാനമുണ്ടോ എന്നു് സംശയിക്കത്തക്ക വിധത്തിൽ അത്രമാത്രം യാന്ത്രികമായ രീതിയിലാണ് അതിൻെറ നടത്തിപ്പു്. എന്നാൽ ഞാൻ സമാജത്തിൽ ആരും ചേരരുതെന്നു പറഞ്ഞിട്ടില്ല. എനിക്കു് അതിനെക്കുറിച്ചുള്ള അഭിപ്രായത്തെപ്പററിയെ പറഞ്ഞിട്ടുള്ളു. ഈ സംഘത്തിൻെറ വകയായി "ഇൻഡ്യയുടെ പല ഭാഗങ്ങളിലുമുള്ള വിദ്യാഭ്യാസപ്രവർത്തകന്മാരുടെ അഭിനന്ദനത്തിനു പാത്രമായ" ഒരു ത്രൈമാസിക പ്രസിദ്ധപ്പെടുത്തുന്നുണ്ട്. 40 വശത്തോളമുള്ള മൂന്നു ലക്കങ്ങൾ ഒരു കൊല്ലത്തിൽ പ്രസിദ്ധീകരിച്ചാൽ അതുകൊണ്ട് എത്രത്തോളം കാര്യം സാധിക്കാം.? അതിൽ കുറെ ഭാഗം സംഘറിപ്പോർട്ടും മററുമാണുതാനും. തിരുവനന്തപുരത്തോ പരിതസ്ഥലത്തോ ഉള്ള ചില ബിരുദധാരികളല്ലാതെ എത്ര വിദ്യാഭ്യാസപ്രവർത്തകന്മാർ അതിൽ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.? അല്പം ചില വ്യത്യാസങ്ങൾ ഇല്ലെന്നു പറയുന്നില്ല. ഇംഗ്ലീഷിൽ ഇങ്ങിനെ ഒരു മാസിക നടത്തുന്നതുകൊണ്ട് തിരുവിതാംകൂറിലെ വിദ്യാഭ്യാസവകുപ്പിലെ ഒരു പ്രധാനഭാഗം വഹിക്കുന്ന മലയാളംസ്കൂൾ അദ്ധ്യാപകന്മാൎക്കു് എന്തു പ്രയോജനമാണുണ്ടാകുന്നതു്.? ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകസമാജം തിരുവിതാംകൂറിലെ ഒരു യഥാൎത്ഥഅദ്ധ്യാപകസമാജമാവുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. അതായതു് അതിനു സമസ്തതിരുവിതാംകൂർ അദ്ധ്യാപകന്മാരുടെ ശരിയായ പ്രാതിനിധ്യമില്ലെന്നു തന്നെ. "ആ സമാജംകൊണ്ടു് തിരുവിതാംകൂറിലെ അദ്ധ്യാപകന്മാൎക്കു പൊതുവെയോ വിദ്യാഭ്യാസത്തിനു പ്രത്യേകിച്ചോ പറയത്തക്ക ഫലമൊന്നുമുണ്ടാകുന്നുണ്ടെന്നു തോന്നുന്നില്ല" എന്നു ഞാൻ പറഞ്ഞിട്ടുള്ളതു് എത്രമാത്രം ശരിയാണെന്നു് ഇപ്പോൾ വായനക്കാൎക്കു് ഊഹിക്കാൻ കഴിയും. മലയാളംസ്കൂൾ അദ്ധ്യാപകന്മാരും ഇതിലുണ്ടെന്നു് മി: വാരിയർ സത്യവാഗ്മൂലം ബോധിപ്പിക്കാമെന്നു് പറയുന്നുണ്ടെങ്കിലും മി: വാരിയരെപ്പോലെയുള്ള ഉന്നതബിരുദധാരികളായ ചുരുക്കംചില ഹെഡ്മാസ്റ്റർമാരൊ ഇൻസ്പെക്ടർമാരൊ ഉണ്ടായിരിക്കയേയുള്ളു എന്നാണ് എൻെറ ധാരണ. വടക്കൻതാലൂക്കുകളിലെ ഒരു മലയാളംസ്കൂൾ അദ്ധ്യാപകൻപോലും ആ സ

മാജത്തിൽ ചേർന്നിട്ടില്ല. ആകെ മലയാളംസ്കൂളുകാർതന്നെ 10 പേരിൽ അധികം കാണുമോ എന്ന് സംശയിക്കുന്നു. ഏതായാലും അവരുടെ എണ്ണത്തെപ്പററി മി: വാരിയർതന്നെ ഒരു പട്ടിക തയാറാക്കട്ടെ. തിരുവിതാംകൂറിലെ മലയാളംസ്കൂൾ അദ്ധ്യാപകന്മാരെ ഇംഗ്ലീഷ് സ്കൂൾ അദ്ധ്യാപകസമാജത്തിലേക്ക് മി: വാരിയർ ക്ഷണിക്കുന്നുണ്ടെങ്കിലും അവർ അങ്ങിനെ ചെയ്താൽ—അങ്ങിനെ ചേരുവാൻ ഇടയില്ല—"പട്ടിക്കു മുഴുവൻതേങ്ങ കിട്ടിയ" ഫലമെ ഉണ്ടാകയുള്ളു എന്നാണ് എനിക്കു തോന്നുന്നത്.

ഏറാറുമാന്നൂർ അദ്ധ്യാപകയോഗത്തിന് എല്ലാവിധത്തിലും പ്രശസ്തനായ ഒരു പ്രസിഡണ്ടിനെ ലഭിച്ചില്ലെന്നുള്ളതു ശരിയാണ്. മെസ്സേഴ്സ്, പങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ആർ ഈശ്വരപിള്ള മുതലായ മാന്യന്മാരായിരുന്നു തലെ ആണ്ടുകളിലെ അദ്ധ്യക്ഷന്മാർ. അവർ രാജ്യത്തിൽ പൊതുവെ അറിയപ്പെടുന്നവരും മാനിക്കപ്പെടുന്നവരുമാണ്. അതുപോലെ നിലയും വിലയും ഉള്ളവരെ ഏററുമാന്നൂർക്കാർക്ക് യോഗത്തിനു കിട്ടിയില്ല. പിന്നീട് പൊടുന്നനവെ കിട്ടിയ ആൾ കേവലം മോശക്കാരനായിരുന്നു എന്ന് ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ അദ്ദേഹത്തിൻെറ അമിതമായ പ്രസംഗം മൂലവും മററുമാണ് പലരേയും ശിക്ഷിച്ചതു്. "ഒരു അനുദ്യോഗസ്ഥൻെറ അദ്ധ്യക്ഷതയിൽ കൂടിയ മീററിങ്ങിൽ പോയ"തിനാണ് വാദ്ധ്യാന്മാരോടു സമാധാനം ആവശ്യപ്പെട്ടതു്. എന്തായാലും മി: പണിക്കർ ചെയ്തേടത്തോളം നന്ദിക്ക് അർഹതയുണ്ട്. എന്നാൽ ചെയ്യേണ്ടതു മുഴുവൻ ചെയ്തില്ലെന്നാണ് അറിയുന്നതു്. പല അദ്ധ്യാപകന്മാരേയും അന്യായമായി ശിക്ഷിച്ചതായറിഞ്ഞപ്പോൾ ഒരു പൊതുകാര്യപ്രസക്തനായ അന്നത്തെ പ്രസിഡണ്ട് ചീട്ടുകളിയിൽ ബദ്ധശ്രദ്ധനായിരുന്നുവത്രെ. ഒരു പ്രസിഡണ്ടിൻെറ പ്രസംഗം അമിതമായാൽ എന്തുകൊണ്ട് തടയാതിരുന്നു എന്ന് മി: വാരിയർ ചോദിക്കുന്നു. അദ്ധ്യക്ഷൻെറ പ്രസംഗം സാധാരണ തടയാറില്ല. തടയാൻ മററുള്ളവർക്ക് അധികാരമുണ്ടോ എന്നും അറിയുന്നില്ല. പ്രമേയങ്ങളെ സംബന്ധിച്ച് മി: വാരിയർ പറയുന്നതുപോലെ കുറച്ചുകൂടി വിചാരണ ചെയ്യേണ്ടതായിരുന്നു എന്ന് ഞാനും സമ്മതിക്കാം.

മി: സുബ്രഹ്മണ്യശാസ്ത്രികളെക്കുറിച്ചു ഞാൻ പറഞ്ഞിട്ടുള്ള ഭാഗം മി: വാരിയർക്ക് തീരെ പിടിച്ചിട്ടില്ല. ഞാനും മി: ശാസ്ത്രിയുമായി യാതൊരു എടപാടും ഉണ്ടായിട്ടില്ല; ഇതേവരെ യാതൊരു ബന്ധവുമില്ല. ഉദ്യോഗസംബന്ധമായിട്ടൊ മററുവിധത്തിലൊ ഞങ്ങൾതമ്മിൽ യാതൊരു പ്രത്യേകവിരോധത്തിനൊ ഇഷ്ടത്തിനൊ ഇടവന്നിട്ടില്ല. അതുകൊണ്ട് മി: ശാസ്ത്രിയെക്കുറിച്ചു ഞാൻ പറഞ്ഞ അഭിപ്രായം, ശാസ്ത്രിയവർകളുടെ ഉദ്യോഗജീവിതത്തിൽനിന്നും പഠിച്ചിട്ടുള്ളതാണെന്നും പലേ അദ്ധ്യാപകന്മാ

ത്തും അദ്ദേഹത്തെക്കുറിച്ച് ഈ അഭിപ്രായക്കാരാണെന്നും മി: വാരിയർ അറിയേണ്ടതാണ്. പൊതുക്കാര്യങ്ങളിലൊ വാദ്ധ്യാന്മാരുടെ അഭിവൃദ്ധി സംബന്ധിച്ച കാര്യങ്ങളിലൊ ഉദ്യോഗകാര്യങ്ങളിലൊ മേഷ്ടരോടുകൂടി, ഉദ്യോഗജീവിതം ഉപസംഹരിച്ച മി: പെരിയാടനേക്കാളും മോശമായിട്ടാണു ഞാൻ കേട്ടിട്ടുള്ളത്. മി: ശാസ്ത്രികൾ കാര്യം പറയുന്ന അദ്ധ്യാപകന്മാരെ പിടിത്തമല്ലായിരുന്നു. നല്ലവണ്ണം പഠിപ്പിക്കുന്ന സ്വതന്ത്രന്മാരായ അദ്ധ്യാപകന്മാരെ മുകളിലേക്കു കയററാതെ കഴിയുന്നത്ര അമർത്തി ഇടിച്ചു താഴ്ത്തിയാണ് അദ്ദേഹം ഭരിച്ചിരുന്നത്. അദ്ദേഹത്തിൻെറ ഭരണനയം തന്നെ ഒരുവിധം ക്രൂരമായിരുന്നു. ഉദ്യോഗനിയമനത്തിലാകട്ടെ പ്രമോഷൻ കൊടുക്കുന്നതിലാകട്ടെ പ്രധാനമായി നോക്കിവന്നത് തൻെറ ആശ്രിതനാണോ എന്നാണ്. ഒരിക്കൽ ഒരു ക്ലാസിൽ മി: ശാസ്ത്രി ചില ചോദ്യങ്ങൾ ചോദിച്ചപ്പോൾ കുട്ടികൾ ഉത്തരമൊന്നും പറഞ്ഞില്ല. കുട്ടികൾക്കു ചോദ്യം മനസ്സിലാകാത്തതുകൊണ്ടാണ് ഉത്തരമൊന്നും പറയാതിരുന്നത്. അതു മനസ്സിലാക്കിയ വാദ്ധ്യാർ അതേ ചോദ്യങ്ങൾ മനസ്സിലാകുന്ന ഭാഷയിൽ ചോദിച്ചു. അപ്പോൾ കുട്ടികൾ ഉത്തരം പറഞ്ഞു. പിന്നെ വാദ്ധ്യാർ പഠിപ്പിച്ചും കാണിച്ചു. ഒടുവിൽ "വാദ്ധ്യാർ സമർത്ഥനാണ്; എന്നാലും ധിക്കാരിയാണ്" എന്നാണ് ഡയറി. മി: സുബ്രഹ്മണ്യശാസ്ത്രികളുടെ ഭരണകാലത്ത് ചില പള്ളിക്കൂടം അസി-ഇൻസ്പെക്ടറന്മാർ കൈക്കൂലിയും മററും വാങ്ങിയും കഴിഞ്ഞിരുന്നു. ഇതിന്ന് ഉത്തമോദാഹരണമായിരുന്ന പറവൂർ അസി-ഇൻസ്പെക്ടർ മി: പി. ജി. വിശ്വനാഥയ്യരുടെ ഇവ്വിധം അനാശാസ്യമായ നടപടികളെ കുറിച്ച് ഒരു മാന്യൻ പേരുവെച്ച് ഒരു ലഘുലേഖ അടിച്ചു പരസ്യം ചെയ്തു. അതിൽ മി: വിശ്വനാഥയ്യരുടെ അനീതികളെ ലക്ഷ്യലക്ഷണസഹിതം കാണിച്ചിരുന്നു. അതിനെക്കുറിച്ച് യാതൊരന്വേഷണവും ശാസ്ത്രികൾ ചെയ്തിട്ടില്ല. ആ വിശ്വനാഥയ്യർ ഇപ്പോൾ ഒരു ഹൈസ്കൂൾ ഹെഡ്മാസ്റററുടെ പദവിയിൽ ഏകപാദം ഊന്നിയിരിക്കുന്നപോൽ മി: സുബ്രഹ്മണ്യശാസ്ത്രിയുടെ മകളെ കല്യാണം കഴിക്കാൻ ഉദ്ദേശിച്ചിരുന്ന ഒരു കുട്ടിയുടെ പിതാവ് ഇംഗ്ലീഷുസ്കൂളിൽ ഒരു വാദ്ധ്യാരായിരുന്നു. ഉടനെതന്നെ അയാളെ അയാളുടെ മഠത്തിൻെറ പടിക്കൽ ഉള്ള ഒരു വി. എം. സ്കൂൾ ഹെഡ്മാസ്റററായി ശമ്പളക്കൂടുതൽ കൊടുത്തു മാററുകയും, ആ സ്കൂളിൽ ഇരുന്ന സമ്മതനും സമർത്ഥനും നിരപരാധിയും ആയ ഹെഡ്മാസ്റററെ ഇംഗ്ലീഷുസ്കൂളിലേക്ക് മാററുകയും ചെയ്തു. സ്ഥലംമാററക്കാര്യത്തിനൊ, പ്രമോഷൻകാര്യത്തിനൊ വടക്കൻപറവൂർനിന്നും മററും വഴിച്ചിലവുചെയ്തു ബുദ്ധിമുട്ടി കരമനെയുള്ള മി: ശാസ്ത്രികളുടെ ആഫീസിൽ ചെന്നു പലരും സങ്കടം പറയാൻ തരംകിട്ടാതെ നിരാശയോടെ മടങ്ങുക പതിവായിരുന്നു. "സ്ഥലംമാററമൊ പ്രമോഷനൊ കിട്ടിയില്ലെങ്കിലും വെ

ണ്ടില്ല; സങ്കടങ്ങളും വിഷമതകളും അദ്ദേഹത്തിനോടു പറയാൻ തരംകിട്ടിയാൽ കുറെ ആശ്വാസമായിരുന്നു" എന്നു പല വാദ്ധ്യാന്മാരും പറയുന്നതു കേട്ടിട്ടുണ്ട്. മററു ചിലരോട്, ആശുപത്രിയിൽ രോഗി ചെന്ന ഉടനെ യാതൊന്നും ചോദിക്കയും പറകയും ചെയ്യാതെ മരുന്നുകുറിക്കുന്ന ഡാക്ടരെ പോലെ, ഒരു തുള്ളി മഷികൊണ്ട് നിഷ്പ്രയാസം സാധിക്കാവുന്ന കാര്യം, "പൊയ്ക്കൊള്ളൂ. ആലോചിക്കാം" എന്നും പറയാറുണ്ട്. ഇതായിരുന്നു അദ്ദേഹത്തിൻെറ ഉദ്യോഗജീവിതം. എന്നാൽ, പെൻഷൻ പററി വിശ്രമിക്കുന്ന അദ്ദേഹത്തെ സംബന്ധിച്ചുള്ള ഈ വക ആക്ഷേപങ്ങൾ ഇനിയും വിസ്തരിക്കുന്നതു് ശരിയല്ലാത്തതുകൊണ്ടും പത്രസ്ഥലം അനുവദിക്കാത്തതുകൊണ്ടും ആ വക സംഗതികൾ ഇവിടെ ചുരുക്കുന്നതു് ഉത്തമമെന്നു തോന്നുന്നു. പരമാർത്ഥത്തിൽ രണ്ടുമൂന്നു അദ്ധ്യാപകയോഗങ്ങളും പ്രമേയങ്ങളും ഉണ്ടായിട്ടും മി: ചെറിയാൻ മുതലായ ഇൻസ്പെക്ടർമാർ യാതൊരു വാദ്ധ്യാരേയും ശിക്ഷിച്ചില്ല. നേരെ മറിച്ചു വാദ്ധ്യാന്മാരെ പ്രോത്സാഹിപ്പിക്കയാണു ചെയ്തതു്. മി: ശാസ്ത്രി യോഗം കൂടി സങ്കടംപറഞ്ഞ വാദ്ധ്യാന്മാരെ തുലക്കുകയാണു ചെയ്തതു്. അദ്ധ്യാപകമഹായോഗത്തിൻെറ സംപറവൂർ കച്ചേരിയിൽ ഹാജരായിരുന്ന സുപ്രസിദ്ധഅദ്ധ്യാപകൻ മി: പി. ആർ. നീലകണ്ഠൻ നായരെ ഡിസ്മിസ് ചെയ്തതു് വിവേകത്തിൻെറയും വിജ്ഞാനത്തിൻെറയും പരമകാഷ്ഠയെ അല്ലെ ദ്യോതിപ്പിക്കുന്നതു്.! എന്തിനു പറയുന്നു. മി: ശാസ്ത്രിയെ സ്തുതിക്കുവാൻ മി: വാരരെങ്കിലും ഉണ്ടായതു് അദ്ദേഹത്തിൻെറ ഭാഗ്യംതന്നെ. വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളെ കുറിച്ചു് വിമർശിക്കുവാനും അഭിപ്രായം പുറപ്പെടുവിക്കാനും പ്രവർത്തിക്കുവാനും തിരുവിതാംകൂറിലെ മലയാളംസ്കൂൾ അദ്ധ്യാപകന്മാരെക്കാൾ കൂടുതൽ യോഗ്യതയൊ അധികാരമൊ ഉള്ളവരായി മററ ആരും ഇല്ലെന്നു ഞാൻ പറഞ്ഞിട്ടില്ല. ഈ വിഷയത്തിൽ അദ്ധ്യാപകന്മാരെക്കാൾ കൂടുതൽ യോഗ്യത വേറെ ആർക്കുമില്ലെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. മലയാളംസ്കൂൾ അദ്ധ്യാപകന്മാർ സംഘടനയൊ ശക്തിയൊ ഇല്ലാതെ കഴിഞ്ഞുകൂടുന്നതു് പരിതാപകരം തന്നെയാണ്.

മലയാളംസ്കൂൾ അദ്ധ്യാപകന്മാരെ തിരിച്ചുനിറുത്തണമെന്ന വാദം പുറപ്പെടുവിക്കുന്നതു് അവർക്ക് ആപൽക്കരമാണെന്നും അനാവശ്യമായ ഭിന്നിപ്പിനും മത്സരത്തിനും ഇടയാക്കരുതെന്നും മിസ്റ്റർ വാരർ പറയുന്നു. മി: വാരരുടെ ആദർശം എത്രയും ഉൽകൃഷ്ടമായ ഒന്നാണ്. എന്നാൽ ഇന്നത്തെ നിലക്ക് അതു പ്രായോഗികമല്ലെന്നേയുള്ളു. മലയാളവിദ്യാഭ്യാസവും ഇംഗ്ലീഷ് വിദ്യാഭ്യാസവും രണ്ടും രണ്ടായിരിക്കുന്നേടത്തോളം കാലം അദ്ധ്യാപകസമാജത്തിൽ മാത്രം യോജിച്ചതുകൊണ്ട് ഫലമുണ്ടാകുമെന്നു തോന്നുന്നില്ല. ഇംഗ്ലീഷ്‌വിദ്യാഭ്യാസവും മലയാളവിദ്യാഭ്യാസവും സംയോ

ജിപ്പിച്ചു നടത്തുന്നപക്ഷം മി: വാരരുടെ ആദർശം പ്രായോഗികമായി തീരുന്നതാകും. ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത മലയാളംസ്കൂൾ അദ്ധ്യാപകന്മാർ ഇംഗ്ലീഷ്ഭാഷയിൽ ചടങ്ങുകൾ നിർവ്വഹിക്കുന്ന ഒരു സമാജത്തിൽ ചേരുകയോ, ആ സമാജം ഒരു ഇംഗ്ലീഷ്മാസിക വരുത്തുകയോ ചെയ്യുന്നതായാൽ എന്തു പ്രയോജനമാണുണ്ടാകുന്നതെന്ന് മി: വാരിയർതന്നെ ആലോചിക്കാത്തതു കഷ്ടമെന്നേ പറയേണ്ടതുള്ളു. ഇന്നത്തെ വിദ്യാഭ്യാസനിലക്ക് തിരുവിതാംകൂറിലെ മലയാളംസ്കൂൾ അദ്ധ്യാപകന്മാർക്ക് ഒരു പ്രത്യേകസമാജം വേണമെന്നും ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരുടെ സമാജത്തിൽ ചെന്നാൽ യാതൊരു ഗുണവും ഉണ്ടാകയില്ലെന്നുമാണ് എന്റെ വിശ്വാസവും അഭിപ്രായവും.

---

“ഓരോ സ്ഥലത്തുമുള്ള എല്ലാ അദ്ധ്യാപകന്മാർക്കും സഹോദരബുദ്ധ്യാ സമ്മേളിക്കാനുള്ള സകല സൗകര്യവുമുണ്ടാക്കിക്കൊടുക്കേണ്ട ഗുരുനാഥൻ തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തിൽ ഒരു പ്രധാനഭാഗം വഹിക്കുന്ന മലയാളംസ്കൂൾ അദ്ധ്യാപകന്മാർക്ക് പ്രാധാന്യം ആവശ്യപ്പെട്ടുകൂട.................................ഇതുവരെയുള്ള നയമുപേക്ഷിച്ച് തിരുവിതാംകൂർ അദ്ധ്യാപകസമാജം ഒരദ്ധ്യാപകസമാജമാണെന്നും അതിൽ അംഗങ്ങളാകണമെന്നും മുക്തകണ്ഠം ഉപദേശിക്ക” ഇതു വാരരുടെ ലേഖനത്തിന്റെ ഒടുവിലത്തെ ഭാഗമാണ്.

മലയാളംസ്കൂളുകാരുടെ ആവശ്യങ്ങളും അവകാശങ്ങളും ഗുരുനാഥനിൽ പ്രതിപാദിക്കാറുണ്ടെന്നല്ലാതെ ഇംഗ്ലീഷുസ്കൂളുകാരേക്കാൾ കൂടുതൽ പ്രാധാന്യം അവകാശപ്പെടാറില്ല. ഇപ്പോഴും രണ്ടുകൂട്ടരും ഏകയോഗക്ഷേമമായിത്തന്നെയാണ കഴിയുന്നത്. അതിനു വിപരീതമായി ഞങ്ങൾ യാതൊന്നും പറഞ്ഞിട്ടില്ല. വിശേഷിച്ച് ഇംഗ്ലീഷുസ്കൂൾസമാജത്തിൽ ചേരരുതെന്ന് ഇതേവരെ ഞങ്ങൾ പറഞ്ഞിട്ടുമില്ല അദ്ധ്യാപകന്മാരുടെ വിശ്വാസവും അഭിപ്രായവും അനുസരിച്ചു മാത്രമാണല്ലോ ആ സമാജത്തിൽ ചേരുന്നത്. തിരുവിതാംകൂർ അദ്ധ്യാപകസമാജം ഒരു ജീവനുള്ള സമാജമാണെന്ന് ഞങ്ങൾക്കു ബോദ്ധ്യമില്ലാത്തതിനാൽ ഇപ്പോഴത്തെ സ്ഥിതിക്ക് മി. വാരർ പറയുന്നതുപോലെ തന്നെ ‘എല്ലാ അദ്ധ്യാപകന്മാരും അതിൽ അംഗങ്ങളായി ചേരണമെന്ന് മുക്തകണ്ഠം ഉപദേശിക്ക’വാൻ ഞങ്ങൾക്ക് നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു.

മേലാൽ ഈ വക വാദങ്ങൾക്ക് പത്രസ്ഥലം അനുവദിക്കാൻ തരമില്ല.

‘ഗുരുനാഥൻ’ പത്രാധിപർ.

## * സർ സുരേന്ദ്രനാഥബാനർജിയുടെ അദ്ധ്യാപകവൃത്തി.

തന്റെ ഉദ്യോഗം നഷ്ടപ്പെട്ടതിനു ശേഷം സുരേന്ദ്രനാഥൻ അദ്ധ്യാപകവൃത്തിയാണു സ്വീകരിച്ചത്. ഇൻഡ്യയിലെ ദേശീയപ്രസ്ഥാനത്തി

---

* “വീരാരാധന”യിൽനിന്ന്

ന്റെ ചരിത്രം പരിശോധിക്കുന്നതായാൽ അതിന്റെ പ്രസിദ്ധനേതാക്കന്മാരിൽ അധികംപേരും വിദ്യാഭ്യാസപ്രവൎത്തകന്മാരാണെന്നു കാണാവുന്നതാണ്. അരവിന്ദഘോഷ് തന്റെ ജീവിതത്തിൽ ഒരു പ്രധാന ഭാഗം ബറോഡകലാശാലയിലെ അധ്യാപകനായിട്ടാണു വിനിയോഗിച്ചത്. ലോകമാന്യഗംഗാധരതിലകൻ തന്റെ ജീവിതം ഒരു വിദ്യാഭ്യാസപ്രവൎത്തകനായി ആരംഭിക്കുകയും വളരെക്കാലം ഫെർഗ്ഗുസൺകലാശാലയിലെ അധ്യാപകനായിരിക്കുകയും ചെയ്തു. ഗോപാലകൃഷ്ണഗോഖലെ യൌവനകാലം മുഴുവനും ഒരു പ്രസിദ്ധവിദ്യാഭ്യാസപ്രവൎത്തകനായിരുന്നു എന്നുള്ളതു സുപ്രസിദ്ധമാണ്. ആനന്ദമോഹനബോസിന് ഒരു വിദ്യാഭ്യാസപ്രവൎത്തകനെന്ന നിലയിൽ അനശ്വരമായ പ്രശസ്തി ലഭിച്ചിട്ടുണ്ട്. ഈ മഹാന്മാരുടെ എല്ലാം ജീവചരിത്രം ഈ ഗ്രന്ഥാവലിയുടെ ഓരോ ഭാഗങ്ങളായി പ്രസിദ്ധീകരിക്കുമ്പോൾ അവരുടെ വിദ്യാഭ്യാസപ്രവൃത്തി സവിസ്തരം മനസ്സിലാക്കാവുന്നതാണ്. ഔദ്യോഗികജീവിതത്തിൽ നിന്നും നിഷ്കാസിതനായതിനു ശേഷം പ്രശാന്തഗംഭീരനായ സുരേന്ദ്രനാഥന് വിദ്യാഭ്യാസവിഷയത്തിലുള്ള തന്റെ സാമൎത്ഥ്യത്തെ പ്രകടിപ്പിക്കുന്നതിന് ഭാസുരമായ സന്ദൎഭം ലഭിച്ചു. തന്റെ ജീവിതം പൊതുജനസേവനത്തിനായി സമൎപ്പിക്കുന്നതിന് തീർച്ചപ്പെടുത്തിയ അദ്ദേഹത്തെ 1876-ൽ ഈശ്വരചന്ദ്രവിദ്യാസാഗരൻ കല്ക്കത്തയിലെ മെത്രാപ്പോലീത്തൻകലാശാലയിലെ ഇംഗ്ലീഷ് സാഹിത്യപ്രാസംഗികനായി 200 രൂപ ശമ്പളത്തിൽ നിയമിച്ചു. അനന്തരം അദ്ദേഹം കല്ക്കത്തയിലെ സിററികലാശാലയിലെ പ്രാസംഗികനായിത്തീൎന്നു. അതിനുശേഷം കല്ക്കത്തയിലെ ഫ്രീചർച്ചു കലാശാലയിലെ ഇംഗ്ലീഷ്പ്രാസംഗികനായി അദ്ദേഹത്തെ നിയമിച്ചു. അധികം താമസിയാതെ, 1882-ൽ ഏകദേശം ഇരുനൂറു വിദ്യാൎത്ഥികളോടുകൂടി അദ്ദേഹം സ്വന്തം വിദ്യാലയം ആരംഭിച്ചു. മഹത്തായ ആ സ്ഥാപനം കാലാന്തരത്തിൽ ഒരു കലാശാലയായിപ്പരിണമിക്കയും റിപ്പൺകലാശാല എന്ന സംജ്ഞയാൽ അറിയപ്പെടുകയും ചെയ്തു. സുരേന്ദ്രനാഥൻ അവിടത്തെ പ്രിൻസിപ്പാളും ഇംഗ്ലീഷ് പ്രാസംഗികനുമായിരുന്നു. അതു രാജ്യത്തിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒന്നാക്കിത്തീൎത്തതിനു ശേഷം തന്റെ പ്രവിശ്യയിലെ പൊതുജനങ്ങൾക്കായി വിട്ടുകൊടുത്തു. ആ സ്ഥാപനം ഇന്നു ബങ്കാളത്തിലെ എന്നു മാത്രമല്ല, ഇൻഡ്യയിലെ ഒരു പ്രശസ്തകലാലയമാണ്. അതിന്റെ സ്ഥാപനത്തിനും വളൎച്ചക്കും അഭിവൃദ്ധിക്കും സ്തുത്യൎഹമായ ആധുനികനിലക്കും ഹേതു ഒരു ഭാരതീയന്റെ—സുരേന്ദ്രനാഥന്റെ—സ്ഥിരോത്സാഹവും സാമൎത്ഥ്യവുമാണെന്നു പറയേണ്ടതില്ലല്ലോ. അതു് എല്ലാ ഭാരതീയൎക്കും അഭിമാനകരമായിട്ടുള്ളതാകുന്നു. ഈ കലാശാലക്കുവേണ്ടി വളരെ ബുദ്ധിമുട്ടുകൾ അദ്ദേഹത്തിനു സ

ഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ താൻ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ആ സരസ്വതീമന്ദിരത്തിനു വേണ്ടിയുള്ള ഏതു വിഷമതയും സഹിക്കുന്നതിന് അദ്ദേഹം സദാ സന്നദ്ധനായിരുന്നു. വംഗദേശത്തിലെ കേൾവികേട്ടവരായ പലരും സുരേന്ദ്രനാഥന്റെ കലാലയത്തിൽ പഠിച്ചിട്ടുള്ളവരാണ്. അദ്ധ്യാപകനെന്ന നിലയിൽ അനേകായിരം യുവാക്കളുമായി സംഘടിക്കുന്നതിനും അവരുടെ ജീവിതത്തെ സ്വാധീനമാക്കി നിയന്ത്രിക്കുന്നതിനും ആ ഗുരുവര്യന് സാധിച്ചു. അദ്ദേഹം സ്ഥാപിച്ച വിദ്യാർത്ഥിസമാജം പൊതുജനസേവനതല്പരതയും സ്വരാജ്യസ്നേഹവും യുവാക്കളുടെ ഹൃദയത്തിൽ മുളപ്പിച്ചു വളർത്തുന്നതിനുള്ള ഒരു ഉപകരണമായിരുന്നു. അതിന്റെ ശാഖാസമാജങ്ങൾ ഇതരകലാശാലകളിലും സ്ഥാപിക്കുന്നതിന് അദ്ദേഹം ഉപദേശിച്ചു. പൊതുജനസേവനം രാഷ്ട്രീയസേവനം മുതലായ ഉൽകൃഷ്ടാദർശങ്ങൾ യുവജനങ്ങളുടെ മുൻപിൽ പ്രദർശിപ്പിച്ചിരുന്ന ഈ വിദ്യാർത്ഥിസമാജംകൊണ്ടുണ്ടായ ഗുണം അപരിമിതമായിട്ടുള്ളതാണ്. ഇത്തരത്തിലുള്ള ഒരു സമാജം ഇന്നു കല്ക്കത്തയിലോ ബങ്കാളത്തിലൊ, അഥവാ ഇൻഡ്യയിലൊ ഉണ്ടെന്നു തോന്നുന്നില്ല. ഭാരതീയൈക്യം, ചരിത്രപഠനം, മസ്സിനിയുടെ ജീവചരിത്രം, ചൈതന്യന്റെ ജീവചരിത്രം മുതലായവയാണ് അദ്ദേഹത്തിന്റെ ചില പ്രസംഗവിഷയങ്ങൾ. പ്രസംഗിക്കുന്നതിന് അദ്ദേഹത്തെ പല സ്ഥലങ്ങളിൽനിന്നും ക്ഷണിച്ചുതുടങ്ങി. ഈ അവസരങ്ങളൊന്നും അദ്ദേഹം ഉപേക്ഷിച്ചില്ല. ഇങ്ങനെ അദ്ദേഹവും വിദ്യാർത്ഥിലോകവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടായി. അതു തന്റെ വിലയേറിയ സമ്പാദ്യങ്ങളിലൊന്നായിട്ടാണ് അദ്ദേഹം പരിഗണിച്ചുവന്നതു്. ഈ യോഗങ്ങളിൽ സ്വാമി വിവേകാനന്ദൻ ഹാജരാകുക പതിവായിരുന്നു. അദ്ധ്യാപകവൃത്തിയിലുള്ള അനന്യസാധാരണമായ സാമർത്ഥ്യംകൊണ്ട് 'ബങ്കാളത്തിലെ ആർനോൾഡ്' എന്നു ബാനർജിയെ അഭിസംബോധന ചെയ്യാറുണ്ടായിരുന്നു. ആർനോൾഡ് ഇംഗ്ലണ്ടിലെ ഒരു പ്രസിദ്ധവിദ്യാഭ്യാസപ്രവർത്തകനത്രെ. അദ്ധ്യയനവിഷയത്തിലും വിദ്യാലയഭരണത്തിലും സുരേന്ദ്രനാഥന് പ്രത്യേകസാമർത്ഥ്യമുണ്ടായിരുന്നു. നല്ല വാഗ്മിത്വവും വിജ്ഞാനവും സിദ്ധിച്ചിരുന്ന ആ മാന്യൻ അദ്ധ്യാപകവൃത്തിയിൽ പ്രശോഭിച്ചതിൽ എന്താണു വിസ്മയിപ്പാനുള്ളതു്.? അദ്ദേഹം പറയുന്നതു് ശിഷ്യന്മാർ ബഹുമാനത്തോടും ഉത്സാഹത്തോടുംകൂടി ശ്രദ്ധിച്ചുവന്നു. അദ്ദേഹം വല്ലതുംപറഞ്ഞാലും അതു പ്രവർത്തിക്കുവാൻ അവർ സന്നദ്ധരുമായിരുന്നു. വിദ്യാർത്ഥികളുടെ അഭിവൃദ്ധിയേയും രാജ്യത്തിന്റെ പുരോഗതിയേയും ആസ്പദമാക്കിയായിരുന്നു അദ്ദേഹം പ്രവർത്തിച്ചിരുന്നതു്. കേവലം പണത്തെ മാത്രം നോക്കി ജോലിചെയ്യുന്ന ഒരാളല്ലായിരുന്നു അദ്ദേഹം. ഇത്തരം ഗുരുവര്യന്മാരെ ഇന്നു കാണാനുണ്ടോ.? വിദ്യാഭ്യാസ

ത്തിലെ പ്രധാനധർമ്മം വിദ്യാർത്ഥികളുടെ അന്തഃസ്ഥിതമായ മഹത്വ ത്തെ പുറത്തേക്കു പ്രകാശിപ്പിക്കുകയാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. യഥാർത്ഥമായ സർവകലാശാലാഭ്യസനംകൊണ്ട് സ്വഭാവരൂപവല്ക്കരണവും ബുദ്ധിവികാസവും സത്യാന്വേഷണതല്പരതയും സാധിക്കേണ്ടതാണ്. വിദ്യാഭ്യാസത്തിനുശേഷം അവർ സമുദായത്തിനും രാജ്യത്തിനും ലോകത്തിനും പ്രയോജനമുള്ളവരായിത്തീരണമല്ലൊ. നമ്മുടെ കഥാപുരുഷൻ ഉത്തമാദ്ധ്യാപകനായിരുന്നു. അതുകൊണ്ടു ബങ്കാളത്തിലെ എന്നു മാത്രമല്ല, ഇൻഡ്യയിലെ ഇതരഭാഗങ്ങളിലേയും വിദ്യാർത്ഥികളുടെ സ്നേഹത്തെ അദ്ദേഹം സമ്പാദിച്ചു. സുരേന്ദ്രനാഥന്റെ പ്രസംഗമുള്ള ഏതു സദസ്സിലും വിദ്യാർത്ഥികൾ തിങ്ങിക്കൂടാറുണ്ടായിരുന്നു. അദ്ദേഹത്തിന് അവരിലുണ്ടായിരുന്ന സ്വാധീനശക്തിയുടെ രഹസ്യം താഴെ പറയുന്ന അദ്ദേഹത്തിന്റെ വാക്കുകളിൽ അന്തർഭവിച്ചിരിക്കുന്നു. "ഞാൻ കുട്ടികളെ സ്നേഹിക്കുന്നു. അവരുടെ സന്തോഷത്തിൽ ഞാനും ആനന്ദിക്കുന്നു. അവരുടെ സന്താപത്തിൽ ഞാൻ ദുഃഖിക്കുന്നു. ഞാൻ അവരുടെ ആവശ്യത്തിൽ മിത്രമാണ്. ദുഃഖത്തിൽ അവരെ ആശ്വസിപ്പിക്കുന്നവനാണ്. ഈ മനോഭാവം അവർ എന്നോടും പ്രകടിപ്പിക്കുന്നുണ്ടു." അദ്ദേഹം ജയിലിൽ താമസിക്കുമ്പോൾ തന്നെ സന്ദർശിച്ച മി: ഫിലിപ്പ് സ്മിത്ത്, വിദ്യാർത്ഥിസമുദായത്തിൽ അദ്ദേഹത്തിനുള്ള സ്വാധീനശക്തിയുടെ രഹസ്യം എന്തെന്ന് അറിയിക്കണമെന്നാവശ്യപ്പെട്ടപ്പോൾ പറഞ്ഞതാണിത്.

സുരേന്ദ്രനാഥൻ 1875 മുതൽ 1912 വരെ—അതായതു മുപ്പത്തിഏഴു സംവത്സരത്തോളം—അദ്ധ്യാപകവൃത്തിയിലേർപ്പെട്ടിരുന്നു. 1913-ൽ അദ്ദേഹത്തെ സാമ്രാജ്യനിയമസഭാംഗമായി തിരഞ്ഞെടുത്തപ്പോളാണ് ആ ജോലി തീരെ ഉപേക്ഷിച്ചതു്. കൽക്കത്തയിൽനിന്നും ഡൽഹിയിലേക്കും സിംലയിലേക്കും കൂടക്കൂടെ പോകേണ്ടിയിരുന്നതുകൊണ്ടും ജോലിത്തിരക്കുകൊണ്ടുമാണ് അദ്ദേഹം വിദ്യാഭ്യാസപ്രവർത്തനത്തിൽനിന്നും പിന്മാറിയതു്. വളരെ വൈമനസ്യത്തോടുകൂടിയാണ് അദ്ദേഹം തന്റെ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചതു്. അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തനം അതിപ്രധാനമായിട്ടുള്ളതാണെങ്കിലും അദ്ധ്യാപകവൃത്തിയാണ് കൂടുതൽ സന്തോഷപ്രദമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ടു്. അദ്ധ്യാപകവൃത്തി ഒരു പരിപാവനകർമ്മമായി പരിഗണിക്കയും, വിദ്യാർത്ഥികളെ പുത്രനിർവിശേഷം സ്നേഹിക്കയും ചെയ്തിരുന്ന ആ ഗുരുവര്യന്റെ വിദ്യാഭ്യാസലോകത്തിൽ നിന്നുമുള്ള വേർപാട് പലക്കും സങ്കടകരമായിരുന്നു. പാഠസജ്ജീകരണം കൂടാതെ ഒരിക്കലും അദ്ദേഹം ക്ലാസ്സിൽ പോയിട്ടില്ല. അദ്ദേഹം പറയുന്നതു നോക്കുക:— "രാഷ്ട്രീയപ്രവർത്തനം പ്രയോജനകരമാ

ന്നെങ്കിലും ഏററക്കുറെ ക്ഷണഭംഗുരമായിട്ടുള്ളതാണ്. വിദ്യാഭ്യാസപ്രവർത്തനം ശാശ്വതമായ പ്രയോജനമുള്ളതാണ്. അദ്ധ്യാപകൻെറ സാമ്രാജ്യം സുവിസ്തൃതമായിട്ടുള്ളതാകുന്നു. അദ്ധ്യാപകന്മാർ ഭാവിയുടെ നാഥന്മാരാകുന്നു. അദ്ധ്യാപകവൃത്തിയെക്കാൾ യോഗ്യമായ ഒരു തൊഴിലിനെപ്പററി ചിന്തിക്കുവാൻ കാണുന്നില്ല. അവരുടെ ജോലി ദൈവികവും പരിപാവനവുമായിട്ടുള്ളതത്രെ. എന്നാൽ എത്രപേരാണ് അവരുടെ ചുമതലകൾ അറിയുന്നതും സ്വകൃത്യം യഥാർത്ഥമായി നിർവഹിക്കുന്നതും.! വർത്തമാനകാലത്തെ ജോലി സ്ഥിരപ്രതിഷ്ഠിതമാക്കിത്തീർക്കണമെങ്കിൽ അതു് ഭാവിപൗരന്മാരാകേണ്ടവരിൽക്കൂടിയാണ്."

വിദ്യാഭ്യാസപ്രവർത്തനവും രാഷ്ട്രീയപ്രവർത്തനവും തമ്മിൽ പരസ്പരബന്ധമുള്ളതായിട്ടാണ് സുരേന്ദ്രനാഥൻ വിചാരിച്ചിരുന്നതു്. ഏതു രാജ്യത്തിൻെറയും അഭിവൃദ്ധി അവിടത്തെ യുവജനങ്ങളുടെ പൊതുക്കാര്യപ്രസക്തിയെ ആശ്രയിച്ചിരിക്കുമെന്നാണ് അദ്ദേഹത്തിൻെറ വിശ്വാസം. വിദ്യാഭ്യാസപരിശീലനംകൊണ്ടു് പൊതുക്കാര്യനിർവഹണത്തിനു വേണ്ട യോഗ്യത അവരിലുണ്ടാക്കണം. രാഷ്ട്രീയകാര്യങ്ങളോടുള്ള അശ്രദ്ധയിൽനിന്നും അവരെ തട്ടിയുണർത്തുകയും എന്നാൽ ഉപരിപ്ലവബുദ്ധികളായിത്തീരാതെ സൂക്ഷിക്കയും ചെയ്യണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. വിദ്യാലയത്തിൽ ഒരു നവചൈതന്യമുണ്ടാക്കുന്നതിനും പുതിയ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അദ്ദേഹം ശ്രമിച്ചു. വിദ്യാർത്ഥിസമാജം രൂപവല്ക്കരിക്കുവാനുള്ള ഉദ്ദേശവും ഇതുതന്നെയായിരുന്നു. ഈ പ്രവൃത്തിയിൽ സുപ്രസിദ്ധദേശാഭിമാനിയായ അനന്തമോഹനബോസിൻെറ സഹായസഹകരണങ്ങൾ അദ്ദേഹത്തിനു ലഭിച്ചിരുന്നു:

വിദ്യാർത്ഥികളിൽ രാഷ്ട്രീയാദർശങ്ങൾ കുത്തിവച്ചു എന്ന ഒരു കുററം ചിലർ സുരേന്ദ്രനാഥനിൽ ചുമത്താറുണ്ടു്. അദ്ദേഹം ആ കുററം സന്തോഷത്തോടുകൂടി സ്വീകരിച്ചിരുന്നു. "ഞാൻ അതു ചെയ്തിട്ടുണ്ടു്. ശരിയായ രാഷ്ട്രീയാദർശങ്ങൾ—വിപ്ലവത്തിൽനിന്നും നമ്മെ രക്ഷിക്കുന്നു. യഥാർത്ഥരാഷ്ട്രീയാദർശങ്ങൾ—ഞാൻ അവരിൽ കുത്തിവച്ചിരുന്നു എന്നുള്ളതു വാസ്തവംതന്നെ" എന്നാണ് അദ്ദേഹം പറയുന്നതു്.

# ഉദ്ധാരണങ്ങൾ.

## ഭാരതീയവിദ്യാഭ്യാസത്തിൽ അവഗണിച്ചിട്ടുള്ള ചില സംഗതികൾ.

സ്കാളർ വിശേഷാൽപ്രതിനിധിൽ മി: എൽ. എസ്. സുബ്ബറാവു എം. എ. ബാർഅററ്ലാ, എഴുതിയിട്ടുള്ള ഒരു ലേഖനമാണ് താഴെ ഉദ്ധരിക്കുന്നതു്:—

ഭാരതത്തിലെ ആധുനികവിദ്യാഭ്യാസസമ്പ്രദായത്തിൽ ചില പ്രധാനസംഗതികൾ ഉൾപ്പെട്ടുത്തിക്കാണുന്നില്ലെന്നുള്ളതു് സർവ്വജനബോദ്ധ്യമായ ഒരു കാര്യമാകുന്നു. ശരീരസംരക്ഷണം, കുട്ടികളുടെ കലാപരമായ വാസനകളുടെ വികസനം, തൊഴിൽചെയ്യുന്നതിനുള്ള വാസന ഉണ്ടാക്കുക മുതലായവ തീരെ ഇല്ലെന്നൊ അല്ലെങ്കിൽ അല്പം മാത്രമെ ഉള്ളു എന്നൊ പറയാവുന്നതാണ്. ഒടുവിൽ പറഞ്ഞ രണ്ടു സംഗതികളെപ്പററി വേറൊരു അവസരത്തിൽ പറയാം. തല്ക്കാലം അദ്ധ്യേതാക്കളുടെ ശരീരസംരക്ഷണത്തിന്റെ പ്രധാനആവശ്യങ്ങളെപ്പററി പ്രതിപാദിക്കാം.

ചുരുക്കത്തിൽ ആരോഗ്യകരമായ ഒരു ശരീരത്തിൽ ആരോഗ്യകരമായ ഒരു മനസ്സുണ്ടായിരിക്കണമെങ്കിൽ, (1) വിദ്യാലയങ്ങളിൽ ശരീരപരിശോധന നടത്തുകയും അതിനുശേഷം ശുശ്രൂഷയ്ക്കുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്യുക. (2) കായികസംസ്കാരത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുക. (3) ഭക്ഷണത്തിന്റെ വില മനസ്സിലാക്കുക. (4) ഏകീകരണവിദ്യാഭ്യാസം മുതലായവ അത്യന്താപേക്ഷിതങ്ങളാണ്. ഏതെങ്കിലും സുഖക്കേടൊ അവശതയൊ ഉള്ളവക്ക് വേണ്ട പരിഹാരം നിശ്ചയിക്കത്തക്കവണ്ണം പ്രാപ്തരായ ഭിഷഗ്വരന്മാരെക്കൊണ്ട് അദ്ധ്യേതാക്കളുടെ ശരീരം പരിശോധിപ്പിച്ചുനോക്കിയില്ലെങ്കിൽ പള്ളിക്കൂടത്തിൽ ചിലവാക്കുന്ന ഓരോ ദിവസവും, കായികസംസ്കാരത്തിനുള്ള ഓരോ പരിശ്രമവും ദോഷകരമായിത്തീരുവാനേ ഇടയുള്ളൂ. ശരിയായി രൂപവൽക്കരിച്ചിട്ടുള്ള ഒരു സ്കൂൾമെഡിക്കൽസെർവീസ് ഏതു രാജ്യത്തിലെയും വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഒരു പ്രധാനഭാഗമായിരിക്കണം.

പള്ളിക്കൂടങ്ങളിലും കലാശാലകളിലും കളിക്കുന്നവരും ശരീരത്തിനു വ്യായാമം നൾകുന്നവരും ആയ കുട്ടികളുടെ സംഖ്യ ആകെയുള്ളതിന്റെ ഒരു അല്പഭാഗമെ ആകുന്നുള്ളു എങ്കിലും നമ്മുടെ രാജ്യത്തിലെ അദ്ധ്യേതാക്കളുടെ ഇടയിൽ ശരീരപോഷണവിഷയത്തിൽ താല്പര്യജനകമായ ബോധം വളൎന്നു വരുന്നുണ്ടെന്നുള്ളതു് ആശാപ്രദം തന്നെയാണ്. രാ

ജ്യത്തിന്റെ പഴയ കായികസംസ്കാരചരിത്രം വിസ്മൃതമായിരിക്കുന്നു; ദേശീയവിനോദങ്ങൾ തീരെ മറന്നിരിക്കുന്നു; പള്ളിക്കൂടങ്ങളിൽ പാശ്ചാത്യവിനോദങ്ങൾ തൃപ്തികരമായ വിധത്തിൽ നടത്തുന്നതിനുള്ള സൗകര്യങ്ങളുമില്ല. എന്നുമാത്രമല്ല, ഫുട്ബാൾ, ക്രിക്കറ്റ്, ഹാക്കി, ടെന്നിസ്സ് എന്നീ വിനോദങ്ങൾ സുപ്രസിദ്ധങ്ങളായ ചില കായികസംസ്കാരപദ്ധതികളെപ്പോലെ ശരീരത്തെ നല്ലവണ്ണം പോഷിപ്പിക്കുന്നവയല്ല. ആസനങ്ങൾ സൂര്യനമസ്കാരം മുതലായ കായികസംസ്കാരപദ്ധതികളിൽ പ്രമുഖന്മാരായവരുടെ സേവനത്തെ സ്വീകരിച്ച്, നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് പള്ളിക്കൂടങ്ങളിൽ ഒരു വലിയ വിഭാഗം അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കാൻ ഉടനടി ശ്രമിക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ഒരു കായികസംസ്കാരപദ്ധതിയിൽ കുറെ കുട്ടികളെ പരിശീലിപ്പിക്കുക എന്നുള്ളത്, രോഗമൊ കായികന്യൂനതകളൊ പ്രതിബന്ധമായിത്തീരാത്തപക്ഷം എല്ലാ അദ്ധ്യാപകന്മാരുടേയും ചുമതലയുടെ ഒരു പ്രധാനഭാഗമായി വിചാരിക്കണം. ഇതിനായി നാടിന്റെ നാനാഭാഗങ്ങളിലും ആരംഭിച്ചിട്ടുള്ള രഹസ്യസ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽനിന്നും സഹായധനം ലഭിക്കേണ്ടതാണ്.

മൈസൂർ പോലെയുള്ള ചില രാജ്യങ്ങളിൽ കുറച്ചുകാലമായി പാഠശാലകളിൽ ദേഹപരിശോധന ആരംഭിച്ചിട്ടുണ്ടെങ്കിലും അതു പരിപൂർണ്ണമായ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. എന്നാൽ ഒരു വലിയ ശതമാനം അദ്ധ്യേതാക്കൾ നല്ല ഭക്ഷണത്തിന്റെ കുറവുകൊണ്ട് ദോഷം അനുഭവിക്കുന്നുണ്ടെന്നു സ്പഷ്ടമായിട്ടുണ്ട്. ഇതിനുള്ള ഒരു കാരണം സാമ്പത്തികമാണെങ്കിലും, നമ്മുടെ രാജ്യക്കാർ ഭക്ഷണത്തിന്റെ വില ശരിയായിട്ടു മനസ്സിലാക്കാത്തതുകൊണ്ടാണ് ഇങ്ങനെ വന്നുകൂടിയിട്ടുള്ളതെന്നു പറയാതെ തരമില്ല. ഇക്കാര്യം പൊതുജനങ്ങളെ നല്ലവണ്ണം മനസ്സിലാക്കണം. വൈറാമിൻ എന്നു പറയുന്നതിന്റെ പ്രാധാന്യവും, ഇന്നത്തെ പരിഷ്കാരമായ മില്ലിൽ കുത്തുന്ന തുമ്പപ്പൂ പോലെയുള്ള അരി ഉപയോഗിക്കുന്നതുകൊണ്ടുള്ള നിഷ്പ്രയോജനവും ചെറുപ്പക്കാരെ നല്ലപോലെ മനസ്സിലാക്കണം. ഹൈസ്കൂൾ പാഠപദ്ധതിയിൽ ഭക്ഷണവിഷയത്തിന് ഒരു പ്രധാനസ്ഥാനം ഞാൻ നൽകുന്നതാണ്.

പള്ളിക്കൂടങ്ങളിൽ ഏകീകരണവിദ്യാഭ്യാസത്തെപ്പററി സൂചിപ്പിക്കുന്നതുപോലും വലിയ വഴക്കിനിടയാക്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ അതെല്ലാം മാറിത്തുടങ്ങിയിരിക്കുന്നു. പ്രായമായവരിൽനിന്നും ശരിയല്ലാത്ത ജ്ഞാനം സമ്പാദിക്കുന്നതിനു പകരം ആ വിഷയം ക്രമമായും പരസ്യമായും ഭക്തിയോടുകൂടിയും പഠിപ്പിക്കേണ്ടതാണെന്ന് സാമാന്യമായി സമ്മതിക്കുന്നുണ്ട്. ഈ വിഷയത്തെ സംബന്ധിച്ചുള്ള വിഷമതകളും മററും എനിക്കറിയാം. എന്നാൽ സ്ത്രീപുരുഷന്മാരെ ഏകീകരണവിദ്യാഭ്യാസവും സുസന്താനോല്പാദനശാസ്ത്രവും പഠിപ്പിക്കേണ്ടതതാവശ

മാണ്. മനുഷ്യശാസ്ത്രം മുഖേനയാണ് ഈ വിഷയത്തെ സമീപിക്കേണ്ടത്. അതായത് മനുഷ്യശാസ്ത്രം ആയിരിക്കണം ഏകീകരണവിദ്യാഭ്യാസത്തിൻെറ അടിസ്ഥാനമായി സ്വീകരിക്കേണ്ടത്. എല്ലാ പരിശീലനസ്ഥാപനങ്ങളിലും മനുഷ്യശാസ്ത്രം നിർബന്ധിതമായിരിക്കണം.

---

## മാനുഷികവികാരങ്ങളുടെ അഭ്യുദയം.

മി: എൻ. എസ്. രാമറാവു എം. എ. (കാൻറബ്) പ്രസ്തുതവിഷയത്തെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു.

... .. ... ... ... ... ...

വിദ്യാഭ്യാസവിഷയത്തിൽ ഭാരതീയവിദഗ്ധന്മാർ ഇല്ലത്തതുകൊണ്ട് നാം ഭാഗ്യവാന്മാരാണെന്നു വിചാരിക്കുന്നു. എന്നാൽ നമ്മുടെ സാഹിത്യത്തിൽ എത്രയും ഉന്നതവും അദ്വിതീയവുമായ വിദ്യാഭ്യാസതത്വങ്ങളുണ്ട്. എന്നാൽ നമുക്കും ബാക്കി ലോകക്കും എത്രയും വിലയേറിയ ഈ ജ്ഞാനം നിർഭാഗ്യവശാൽ നമ്മുടെ വേദഗ്രന്ഥങ്ങളിൽ മററുവിഷയങ്ങളുമായി ഇടകലൻ് മറഞ്ഞുകിടക്കുന്നു. പുരാതനകാലത്ത് വിദ്യാഭ്യാസം നടത്തിയിരുന്നതു ജീവിതത്തെ ശരിയായി മനസ്സിലാക്കുവാനായിരുന്നു. "ഇന്നും അതു അങ്ങിനെതന്നെയാണ്" എന്നു ആരോ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. ശരിതന്നെ, പക്ഷെ പ്രമാണത്തിൽ മാത്രമെ ഉള്ളു. ഞാൻ ആ മാന്യനോട് ഇൻഡ്യയിലെ ഏതെങ്കിലും ഒരു സവ്കലാശാല സന്ദർശിക്കുന്നതിനും, അവിടത്തെ വിദ്യാഭ്യാസം നിഷ്പ്രയോജനകരമല്ലെ എന്ന് ഹൃദയപൂവ്ം പറയുന്നതിനും അപേക്ഷിക്കുന്നു. തൊഴിലില്ലാത്തവരെ സൃഷ്ടിക്കുന്ന വ്യാപാരശാലകളത്രെ സവ്കലാശാലകൾ. ഈശ്വരസാക്ഷാൽകാരത്തെയും മനുഷ്യനിലുള്ള സദ്വാസനകളേയും സ്വന്തം മഹത്വങ്ങളേയും പഠിപ്പിക്കുന്നതിന് അവിടെ ആരാണുള്ളത്.? എന്താണുള്ളത്.?

നമുക്കു ലഭിക്കുന്ന ഈ സംസ്കാരത്തോട് വിപ്രതിപത്തിയുള്ള ഏഷ്യാക്കാരുടെ സംഖ്യ വദ്ധിച്ചുകൊണ്ടിരിക്കുന്നു. അധികനാളായിട്ട് അവർ ഒരേ മാഗ്ഗത്തിൽതന്നെ പ്രവത്തിച്ചുകൊണ്ടിരുന്നു. "ജീവിതത്തിലെ ഉത്തമവസ്തുക്കൾ" ആസ്വദിച്ചുകൊണ്ടിരുന്ന ഈ സംസ്കാരഫലങ്ങൾ——അഭ്യസ്തവിദ്യർ—തന്നെ, "മനുഷ്യവഗ്ഗം എവിടെയെങ്കിലും അഭിവൃദ്ധി പ്രാപിക്കുന്നുണ്ടോ? ജീവിതം ജീവയോഗ്യമായിട്ടുള്ളതാണോ?" എന്നീ ചോദ്യങ്ങൾ ചോദിക്കുന്നു. ഇതു് പാശ്ചാത്യസംസ്കാരത്തിൻെറ നിഷ്പ്രയോജനത്തെയല്ല കാണിക്കുന്നതെങ്കിൽ, പിന്നെ എന്തിനെയാണെന്നു പറയുവാൻ എനിക്കു സാധ്യമല്ല. പരസ്തൃദേശം ഉണന്നിരിക്കുന്നു. ആധുനികവിദ്യാഭ്യാസത്തിൻെറ മാനസികവും സാന്മാഗ്ഗികവുമായ അപകടങ്ങളെ പരസ്തൃദേശം സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. പുരാതനകാലത്തു് ഗുരുവും ശി

ഷ്യനും പ്രകൃതിയുമായി ദൃഢബന്ധത്തോടുകൂടി താമസിച്ചിരുന്ന ആ വനങ്ങളിലെ ഗുരുകുലങ്ങൾ ദൃഷ്ടിപഥത്തിൽ എത്തുന്നു. അദ്ധ്യേതാവിലുള്ള ആശാസ്യങ്ങളായ എല്ലാത്തിനേയും വികസിപ്പിക്കുകയായിരുന്നു ഗുരുവിന്റെ പരിശ്രമം. അദ്ദേഹം ശിഷ്യനെ ഐഹികജീവിതത്തിനു യോഗ്യനാക്കുക മാത്രമല്ല ചെയ്തിരുന്നതു്. അയാളിൽ ശക്തിമത്തായ സ്വാതന്ത്ര്യമുണ്ടാക്കുകയും 'അയഥാർത്ഥമായുള്ളതിൽ നിന്നും യഥാർത്ഥത്തിൽ എന്നെ നയിക്കുക, അന്ധകാരത്തിൽ നിന്നും എന്നെ പ്രകാശത്തിലേക്കു നയിക്കുക, മരണത്തിൽ നിന്നും എന്നെ അമാനുഷികത്വത്തിലേക്കു നയിക്കുക' എന്നുള്ളതിന്റെ ആന്തരാർത്ഥം മനസ്സിലാക്കുന്നതിന് അയാളെ പഠിപ്പിക്കുകയും ചെയ്തിരുന്നു.

.. ... ... ... ... ...

അനേകശതാബ്ദങ്ങളായി വിദ്യാഭ്യാസം മനുഷ്യമനസ്സിനെ ആകർഷിക്കുകയും ഉദ്വേഗിപ്പിക്കുകയും ചെയ്തിരുന്നു. ഇന്ന് അധികം സ്വാർത്ഥപരമായ സങ്കുചിതവ്യക്തിത്വമാണു കാണുന്നതു്. നമ്മുടെ ഇന്നത്തെ ആത്മാവില്ലാത്ത വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകയാണെങ്കിൽ മനുഷ്യവർഗ്ഗത്തിന്റെ ഭാവി ശോചനീയമായിരിക്കുവാനേ തരമുള്ളു.

മാനസികസംസ്കാരത്തിനു പല ന്യൂനതകളും പററിയിട്ടുണ്ടു്. അതിന്റെ പരാജയത്തെ വലിയ അക്ഷരത്തിൽ വിജയത്തിന്മേൽത്തന്നെ എഴുതിയിട്ടുണ്ടു്. മനുഷ്യവർഗ്ഗത്തിന്റെ ക്ഷേമത്തെ നാം യഥാർത്ഥമായി ആഗ്രഹിക്കുന്നു എങ്കിൽ "വയറുപിഴക്കുന്നതിനും പണമുണ്ടാക്കുന്നതിനും" എന്നുള്ള ആദർശത്തെ നാം ഉടനെ ഉപേക്ഷിക്കണം. നമ്മുടെ മനസ്സിനെന്നപോലെ ഹൃദയത്തിനും ധാരാളം സംസ്കാരം ആവശ്യമാണു്. മനുഷ്യൻ ജീവിതോദ്ദേശത്തെ നല്ലപോലെ മനസ്സിലാക്കാത്തതുകൊണ്ടു ജ്ഞാനത്തെ ദുരുപയോഗപ്പെടുത്തുകയും സത്യത്തോടു് അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നു. ശ്രേഷ്ഠമായ ഈ ജ്ഞാനത്തെ—അവാച്യമായ സുഖത്തെ നല്കുന്ന ഈ ജ്ഞാനത്തെ—ബുദ്ധിജന്യങ്ങളായ ഇന്ദ്രജാലവിദ്യകൾകൊണ്ടു് ഉണ്ടാക്കാവുന്നതല്ല. മനുഷ്യനു് ഹൃദയവും മനസ്സുമുണ്ടു്. രണ്ടാമത്തേതു വികസിക്കുകയും ആദ്യത്തേതു് ഹ്രസ്വമാകയും ചെയ്തിരിക്കുന്നു. അതുകൊണ്ടാണു് പ്രമാണവും പ്രവൃത്തിയും തമ്മിൽ വലുതായ ഒരു അന്തരം കാണുന്നതു്. എല്ലാ നല്ല വിദ്യാഭ്യാസപ്രവർത്തകന്മാരും, മാനസികസംസ്കാരത്തിൽ ബദ്ധശ്രദ്ധരായിരിക്കുന്നതുപോലെ, മാനുഷികവികാരങ്ങളുടെ അഭ്യസനത്തിലും അത്യധികം ശ്രദ്ധിച്ചു്, ഈ അന്തരത്തെ ദൂരീകരിക്കേണ്ടതാണു്.

## ആരോഗ്യകാര്യം.

ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള അവർകൾ "ആരോഗ്യത്തിനു ഹാനികരമായ നമ്മുടെ ശീലങ്ങൾ" എന്ന വിഷയത്തെക്കുറിച്ചു് 'സർ

വീസി'ൽ എഴുതിയിരിക്കുന്ന ശ്രദ്ധേയമായ ലേഖനത്തിലെ ഒരു ചെറിയ ഭാഗമാണു താഴെ ചേക്കുന്നതു്.

1. ഭക്ഷണം:— "ജീവിതത്തിൽ ഏററവും അത്യാവശ്യമായ ഭക്ഷണത്തിന്റെ ഉദ്ദേശ്യങ്ങളെന്തെന്നോ, നമ്മുടെ ഭക്ഷണസാധനങ്ങൾ ഈ ഉദ്ദേശ്യങ്ങളെ നിറവേററാൻ എത്രത്തോളം ഉപകരിക്കുന്നുണ്ടെന്നോ അറിയുവാൻ ആഗ്രഹിക്കുന്നവരൊ അറിഞ്ഞിരുന്നാൽതന്നെയും അതിന്നനുസരണമായി പ്രവൎത്തിക്കുന്നവരൊ ലോകത്തിൽ വളരെവളരെ അപൂൎവമാകുന്നു. വിശക്കുമ്പോൾ വല്ലവിധത്തിലും വയറു നിറക്കണമെന്നല്ലാതെ ആഹരിക്കുന്ന സാധനങ്ങളുടെ പോഷകശക്തിയേയൊ ഗുണദോഷങ്ങളേയൊ പററി ചിന്തിക്കുന്നവർ വളരെ കുറവാണ്. അധികം രോഗങ്ങളുടേയും നിദാനം ഭക്ഷണത്തിന്റെ കുററമൊ കുറവൊ ആണെന്നാണ് അഭിജ്ഞമതം. നല്ല ആരോഗ്യത്തിനു ഏററവും പ്രധാനമായിട്ടുള്ളതു് നല്ല ഭക്ഷണം ശുചിയായും മിതമായും ക്രമമായും ഭക്ഷിക്കുകയാകുന്നു. ഇങ്ങനെ ആഹാരം കഴിച്ചു ശരീരത്തെ എല്ലായ്പോഴും ആരോഗ്യത്തോടുകൂടി വച്ചുകൊണ്ടിരിക്കുന്നവൎക്കു് രോഗങ്ങൾ എളുപ്പത്തിൽ ഉണ്ടാകുന്നതല്ല. എന്തുകൊണ്ടെന്നാൽ രോഗാണുക്കളെ നശിപ്പിക്കുന്നതിന് മനുഷ്യരക്തത്തിനു സ്വതേതന്നെ ഒരു ശക്തിയുണ്ടു്. ഭക്ഷണത്തിന്റെ കുററമൊ കുറവൊ കൊണ്ടു് ശരീരം ക്ഷീണിക്കുമ്പോൾ രക്തത്തിന്റെ ഈ ശക്തി ക്ഷയിക്കയും രോഗാണുക്കൾ നമ്മെ പരാജയപ്പെടുത്തി രോഗത്തിൽ അകപ്പെടുത്തുകയും ചെയ്യുന്നു. നാം ജീവിക്കുവാൻ മാത്രമല്ല നല്ലപോലെ ജീവിക്കുവാനാണു ഭക്ഷിക്കുന്നതു്. രുചിയെ തൃപ്തിപ്പെടുത്തിയതുകൊണ്ടൊ വല്ലവിധത്തിലും വയറുനിറച്ചതുകൊണ്ടൊ വിശേഷമില്ല. വേണ്ട ആഹാരം വേണ്ടപോലെ ആഹരിക്കുകതന്നെ വേണം. അതുകൊണ്ടു് ആ വിഷയത്തിൽ നാം ശ്രദ്ധിക്കേണ്ട സംഗതികളെപ്പററി ആദ്യമായി പ്രസ്താവിക്കാം.

### ഭക്ഷണത്തിന്റെ പ്രധാനഉദ്ദേശ്യം മൂന്നാണു്:-

1. ശരീരയന്ത്രത്തിന്റെ പോഷണത്തിനും കേടുപോക്കിനും ആവശ്യമുള്ള സാധനങ്ങൾ സംഭരിച്ചുകൊടുക്കുക. ഈ സാധനങ്ങളെ പോഷകാഹാരങ്ങൾ എന്നു പറയുന്നു.
2. പോഷകസാധനങ്ങളെ അടക്കി ക്രമപ്പെടുത്തി ഇണക്കി ശരീരയന്ത്രത്തിന്റെ പോഷണത്തിനും കേടുപോക്കിനും പ്രയോജനപ്പെടുത്തുക. ഈ ധൎമ്മം നിൎവഹിക്കുന്ന ശക്തിയെ വിററാമിൻ അഥവാ ജീവദായകശക്തി എന്നു പറയുന്നു.
3. ശരീരത്തിന്റെ പോഷണത്തിനും കേടുപോക്കിനുംവേണ്ടി ശരീരയന്ത്രത്തെ നടത്തുന്നതിനാവശ്യമായ ആവിശക്തിക്കു വേണ്ട ചൂടു കൊടുക്കുക. ഈ ജോലി നിൎവ്വഹിക്കുന്ന സാധനങ്ങളെ ഇന്ധനാഹാരങ്ങൾ എന്നു പറയുന്നു.

ആരുടേയും ഭക്ഷണസാധനങ്ങൾ ഈ മൂന്നു ആവശ്യങ്ങളും നിൎവഹിക്കുന്നവയായിരിക്കണം."



ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു

തിരുമനസ്സുകൊണ്ടു".

UNIVERSITY LIBRARY
18 JAN. 1952
MADRAS